പുസ്തകം ൩. ലക്കം ൯ & ൰.

# സഹൃദയ

## മഹാരാജപ്രതിമ

പേരൂർക്കട എം. കൊച്ചപ്പൻ.

കാണുന്നവർക്കാകെ യകത്തു ഭക്തി-
കരം വികാരപ്രകരം പുലർത്തും,
കമ്രാഭമാ മീപ്രതിമയ്ക്കു കൂപ്പു-
കരങ്ങൾ ഞാൻ ചേർപ്പൂ; കൃതാർത്ഥനായ്‌വൂ. 1

ഉയർന്നു "ചിത്രാ"ഭ പുലർന്ന പീഠ-
വര്യത്തിൽ വാമേതര തൃപ്പദാബ്ജം
മുൻപോട്ടു വെച്ചൊട്ടു വിശാലവക്ഷ-
സ്തടം സ്ഫുടം കാട്ടി യുദഞ്ചിതാഭം; 2

വിശ്വത്തിലെങ്ങും വിളികൊണ്ടനവ്യ-
വിളംബരം ചേർത്തു വലത്തു കൈയിൽ
വിദൂര നോട്ടത്തൊടു വാമഹസ്തം
വിടുർത്തിയൊട്ടൂന്നിയരയ്ക്കുമേലിൽ; 3

നിലാവൊളിത്തു മകുടാദി വഞ്ചി-
നൃപാലവര്യോചിത മുദ്ര ചാർത്തി
നിൽക്കുന്നിതാ! ഭവ്യസജീവബിംബം
നിതാന്തഗംഭീര മനോജ്ഞ ഭാവം. 4
(വിശേഷകം)

ഫലോന്മുഖം തൻ തിരുവാക്യമെങ്ങും
പാഞ്ഞാശു ചേർക്കും പരിവർത്തനങ്ങൾ
പാർത്തീടുവാനോ മുഖ മുത്തരാശാ-
മുഖത്തിലേക്കല്പ മുയർത്തി നില്പൂ. 5

*ശ്രീപത്മനാഭസ്മൃതി ചേർന്നു ചെറ്റു
നിമീലിതത്വം പെടുമെങ്കിലും ഹാ!
ദിക്കാലദൂരങ്ങളെ വെന്നെഴുന്ന
ചൈതന്യമാം നേത്രയുഗം വഹിപ്പൂ. 6

ഈ വന്ദ്യവൃത്ത പ്രതിമാ പ്രകാണ്ഡ-
സമക്ഷ മാരെത്തുമവർക്കു ഹൃത്തിൽ
വളർന്നു കൂടുന്ന വികാരവാരം
വർണ്ണിക്കുവാൻ വാഗ്മികളില്ലതന്നെ. 7

ഈ വിഗ്രഹം ദിവ്യസനാതനാഖ്യ
മതാഗ്ര്യഭക്തോത്തമഹൃത്തിൽ മെത്തും
ആഹ്ലാദവും നന്ദിയുമൊത്തുചേർന്നു
കൈക്കൊണ്ട ചൊല്ക്കൊണ്ടൊരു മൂർത്തിയത്രേ. 8

ഈ വിഗ്രഹം ഹന്ത! ചരിത്രനേത്ര-
മെത്താത്തകാലം മുതൽ വഞ്ചിഭൂവിൽ
സ്വമാനുഷത്വത്തെ വെറുത്ത സാധു-
ലക്ഷത്തിനാനന്ദസുധാസ്വരൂപം. 9

ഈ വിഗ്രഹം ദുഷ്കൃതിമൂത്ത ജാതി-
രക്ഷസ്സിനെ പ്രോജ്ജ്വല മന്ത്രപൂർവം
ഒറ്റയ്ക്കു ചിത്രാഭജനാശു വെന്നി-
ങ്ങുയർത്ത വിശ്വോത്തരവൈജയന്തി. 10

* ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിനു വളരെ അടുത്താണ് ഈ പ്രതിമ പ്രതിഷ്ഠിച്ചിരിക്കുന്നതു്.

# ഭാരതീയരും
# പൊതുജനാരോഗ്യ നിബന്ധനകളും

വൈദ്യശാസ്ത്രനിപുണ, ഡാക്ടർ എൽ. എ. രവിവൎമ്മ,
എം. ബി., സി. എം; ഡി. ഓ. എം. എസ്.

പാശ്ചാത്യ സംപ്രദായപ്രകാരം പൊതു ജനാരോഗ്യസംബന്ധമായും ചില യത്നങ്ങൾ ആവശ്യമാണെന്നു ബോദ്ധ്യംവന്നു പ്രവൃത്തിരൂപത്തിൽ എത്തിയിട്ടു് അൻപതുവൎഷം തികഞ്ഞിട്ടില്ല. ഈ ചുരുങ്ങിയ കാലംകൊണ്ടു പ്രസ്തുതവിഷയം സംബന്ധിച്ചു് വളരെ പുരോഗതി ഉണ്ടായിട്ടുണ്ടു്. എന്നാൽ പാശ്ചാത്യ സംപ്രദായപ്രകാരമുള്ള പൊതുജനാരോഗ്യയത്നങ്ങൾ ഏറിയകൂറും ആഹാരാദികാൎയ്യങ്ങളെ സംബന്ധിച്ചും സാംക്രമികരോഗങ്ങളെ സംബന്ധിച്ചും മാത്രമായിട്ടാണു് ഇരിക്കുന്നതു്. നിശ്ചയമായി രണ്ടായിരം വൎഷത്തിൽ കൂടുതൽ പഴക്കം വന്നിട്ടുള്ള ഭാരതീയരുടെ ഏതദ്വിഷയനിയമങ്ങൾ ശരീരപരമായ നിവാരണോപായങ്ങൾക്കു പുറമേ മാനസികമായ (Neurosis, Hysteria & etc.,) രോഗനിവാരണപദ്ധതികൾകൂടെ ഉൾക്കൊണ്ടിരുന്നു എന്നുള്ളതു നമുക്കു് ചാരിതാൎത്ഥ്യജനകമാണു്. രോഗചികിത്സ വൈദ്യവിഷയമായിട്ടും, രോഗനിവാരണം ധൎമ്മവിഷയമായിട്ടുമാണു ഭാരതീയർ പരിഗണിച്ചതു്. ധൎമ്മശബ്ദത്തിന്റെ ധാത്വൎത്ഥം ചിന്തിക്കുമ്പോൾ ഈ പരിഗണന ഏററവും അൎത്ഥവത്താണെന്നു മനസ്സിലാകും.

---

ഈ വിഗ്രഹം വഞ്ചിപകല്പനയ്ക്കു
വിധേയമായ് പാഞ്ഞ തമസ്സിനെന്നും
പുനഃപ്രവേശം നടുനിട്ടില്ലും താൻ
തടഞ്ഞിടും ബാലസുധാംശുബിംബം. 11

രാഷ്ട്രീയമായും മതനിഷ്ഠമായും
മിന്നും ചരിത്രങ്ങളിൽ മുന്തിനിൽക്കും
ഏതേതു തത്വങ്ങടെ കേന്ദ്രഭൂവായ്
ലസിപ്പതില്ലീ നവ വിഗ്രഹാഗ്ര്യം? 12

വിധിക്കപോലും വിചികിത്സവാച്ചിടും
വിവാദകാൎയ്യങ്ങൾ വിശാലബുദ്ധിയാൽ
വിശാം പതിക്കാശു വിധേയമെന്നിതാ
വിജ്ഞാപനം ചെയ്വു വിചിത്രവിഗ്ര
[ഹം.

വഞ്ചിക്കു സച്ചിത്രയുഗത്തെ, ഹിന്ദു-
വൎഗ്ഗത്തിനൊട്ടുക്കു മഹോദയത്തെ,
വചിക്കു മീമഞ്ജുളനവ്യബിംബം
വഹിപ്പു ലോകോത്തരപൂജ്യഭാവം. 14

മഹസ്സു മാനാധികമാവഹിക്കും
മദീയ ദൈവ പ്രതിമേ! നമസ്തേ;
രാജത്പ്രഭാവ പ്രതിമാപ്രപഞ്ച-
രാജത്വമാർജ്ജിച്ചു ഭവാൻ ജയിപ്പൂ. 15

നീരാടവേ കല്പജലത്തിലൂഴി
യഴിച്ചുസൂക്ഷിച്ചു പുനർധരിക്കും
സ്വ "ചിത്ര" കണ്ഠാഭരണത്തൊടൊത്തീ-
"യനന്ത"യെ ബ്ഭാസുര മാക്കുകങ്ങും.16

ശ്രീ പത്മനാഭാംഘ്രി ഭജിച്ചിടുന്ന
ഭക്താളിതൻ നമ്രശിരസ്സമൂഹം
ഭവത്പദാബ്ജാർച്ചനയും കഴിച്ചേ
നിവർന്നിടൂ; ഭദ്ര! ഭവാൻ ജയിപ്പൂ. 17

പാശ്ചാത്യസംപ്രദായപ്രകാരമുള്ള ആരോഗ്യരക്ഷാനിയമങ്ങളിൽ ഉൾപ്പെടുന്ന ആഹാരാദി നിഷ്കർഷകളെല്ലാം ഭാരതീയരുടെ വൈദ്യഗ്രന്ഥങ്ങളിലെ ഋതുചര്യാദിവിധികളിൽ കൊള്ളിച്ചിട്ടുള്ളവയാണ്. ഇവയിൽ ശുദ്ധവായു, ജലം, സ്ഥലം, ആഹാരാദിസാധനങ്ങളുടെ ശുദ്ധി, മാനം മുതലായവയൊക്കെ വൈദ്യഗ്രന്ഥത്തിൽ നിന്നും അറിയേണ്ടവയായിട്ടാണിരിക്കുന്നതു്. എന്നാൽ ഇവിടെയും വൈദ്യഗ്രന്ഥങ്ങളിൽ നിന്നു വ്യക്തികളുടെ രക്ഷസംബന്ധിച്ച് ഏതെല്ലാം വിധം കഴിയണമെന്നുള്ളേടത്തോളം മാത്രമേ കിട്ടുകയുള്ളു. പൊതുവേയുള്ള രക്ഷയ്ക്കുവേണ്ടുന്ന സകലവിധ കരുക്കളും ധർമ്മശാസ്ത്രത്തിനകത്താണു കിടക്കുന്നതു്. പൊതുജനങ്ങൾക്കു് ഉപയോഗിക്കാനുള്ളവ മലിനപ്പെടുത്തരുതു്. മലിനപ്പെടുത്തിയാൽ (അറിഞ്ഞാൽ) ശിക്ഷാർഹമാണ്, എന്നാണു നവീന സംപ്രദായം. "നാപ്സു മൂത്രപുരീഷം കുര്യാത്, ന നിഷ്ഠീവേത്" എന്നിത്യാദി ധർമ്മശാസ്ത്രവിധികൊണ്ടു് പൊതുജനങ്ങൾ ഉപയോഗിക്കാനുള്ള വെള്ളം മലിനമാക്കരുതെന്നു ശാസിക്കമാത്രമല്ല, ഇതു ധർമ്മശാസ്ത്രവിധിയായതുകൊണ്ടു് ഇതിനെ വിഗണിച്ചാൽ ആരും അറിഞ്ഞില്ലെങ്കിലും ശിക്ഷയുണ്ടു് എന്ന തരത്തിൽ ഒരു അദൃഷ്ടദോഷഭയം ഏർപ്പെടുത്തി ജനങ്ങളെ അധർമ്മത്തിൽ നിന്നും പിൻതിരിപ്പിച്ചു. ഇവിടെ അദൃഷ്ടദോഷം എന്നുവച്ചാൽ വല്ല മാനത്തോ മഴക്കാറിലോ ഇടയിലിരിപ്പുള്ള ഒരു താടിക്കാരൻ—നാം ചത്തങ്ങുചെല്ലുമ്പോൾ—ഏതാണ്ടു ശിക്ഷിക്കുമെന്നല്ല അർത്ഥം—ഒരാൾ വെള്ളം മലിനപ്പെടുത്തിയാൽ മാലിന്യം ഹേതുവായി മററു പലക്കും വിഷൂചിക മുതലായ സാംക്രമികബാധകൾ ഉണ്ടാകുമെന്നും ആവക ബാധകൾ നാട്ടിൽ പരന്നാൽ വെള്ളം മലിനപ്പെടുത്തിയവനുകൂടി ബാധിക്കാനാണ് അധികം സംഗതി എന്നുമുള്ള വിധത്തിൽ പരമ്പരാഗതമായി മൂലകർത്താവിനു ബാധിക്കുന്ന ദോഷമാണു അദൃഷ്ടം. ഇതെപ്പോൾ തെററിദ്ധരിച്ചോ, അന്നു ധർമ്മനിയമങ്ങളുടെവേരും അററു.

ഈ വിധത്തിൽ ലോകത്തിൻെറ സമഷ്ടിയായ രക്ഷയ്ക്കും തദ്വാരാ വ്യഷ്ടികളുടെ രക്ഷയ്ക്കും ശരീരമനസ്സുകളുടെ ആകമാനമായ രക്ഷയ്ക്കും പര്യാപ്തമായവിധം വ്യവഹാരോചിതമാക്കി ചെയ്തിട്ടുള്ള നിബന്ധനകളാണ് ധർമ്മശാസ്ത്രനിബന്ധനകൾ. ഏതു ധർമ്മശാസ്ത്രം എടുത്താലും വ്യവഹാരാദ്ധ്യായാദികൾ ഒഴിവുള്ള ഭാഗങ്ങൾ നൂററുക്കെഴുപതുവീതം ഈ സംഗതികൾതന്നെയാണ് പ്രതിപാദിച്ചിട്ടുള്ളതു്. സംസ്കൃതഭാഷ ലോകഭാഷയല്ലാതായതോടുകൂടി ധർമ്മാദിഗ്രന്ഥങ്ങളെ മീമാംസചെയ്യാനുള്ള സൗകര്യം നഷ്ടമായി; മീമാംസചെയ്യാതായപ്പോൾ ഉദ്ദിഷ്ടതത്വം മറന്നു. ആ സ്ഥാനത്തു് അദൃഷ്ടഫലദാതാവായ അഭിമാനദേവത പ്രതിഷ്ഠിക്കപ്പെട്ടു. തത്വങ്ങൾ പോയതോടുകൂടി തത്വത്തെ അടിസ്ഥാനമായി ഒരു കാലത്തു് അടിയുറച്ചിരുന്ന ആചാരരൂപങ്ങൾക്കു് പ്രാബല്യം ഭവിച്ചു. ഈ ആചാരധ്വംസനം അദൃഷ്ടകാരണമാണെന്നും ഉറച്ചു. അതായതു് തത്വം മറന്നു് ആചാരത്തിൻെറ ബാഹ്യരൂപത്തിനു പ്രാധാന്യം ലഭിച്ചു. ഇതാണു തെററു്. ഇവിടെ മാത്രമല്ല—പണ്ടു മാത്രമല്ല ഇന്നും ഈ വിധത്തിൽ സംഗതിയുണ്ടായി വരുന്നുണ്ടു്. ആശുപത്രിയിലെ ഒരു ശിപാ

യിക്ക് കാർബാളിക്ക്ലോഷനിൽ ആയുധം ഇട്ടുകൊണ്ടു വരണം എന്നൊരു നിബന്ധനയുണ്ട്. അതു ചെയ്യുന്നില്ലെങ്കിൽ ഏതോ ഒരദൃഷ്ടശക്തിമൂലം— അവനെ സംബന്ധിച്ച്— വ്രണം പഴുക്കും എന്ന് അറിയാം. ഇത്ര നേരം ഇന്ന മാനം ശക്തിയുള്ള കാർബാളിക്ക്ലോഷനിൽ കിടന്നാലേ അണുക്കൾ നശിക്കുഎന്നും അണുക്കളാണു പഴുപ്പിനു കാരണമെന്നും ശാസ്ത്രീയമായി മീമാംസ ചെയ്തുപഠിക്കാത്ത ശിപായിക്കറിഞ്ഞുകൂടാ. ഇവിടെ ആ ശിപായിയെ സ്വതേ വിട്ടേച്ചാൽ ഒരു കുടം വെള്ളത്തിനു കയ്യിൽ കിട്ടിയിടത്തോളം കാർബാളിക്ക് ചേർത്തു് ദ്രാവകത്തിൽ ആയുധം ഒന്നുമുക്കിയെന്നു വരുത്തികൊണ്ടുവയ്ക്കും. തന്മൂലം വ്രണം പഴുക്കുകയുംചെയ്യും. ഇവിടെ കുടം മുക്കുന്നതു പോലെ ഒരു മുങ്ങുമുങ്ങി ശുദ്ധമായി വരുന്നയാളും കാർബാളിക്ക് ലോഷനിൽമുങ്ങി ശുദ്ധമായിവന്ന ആയുധവും രണ്ടും കൊണ്ടുണ്ടാവുന്ന ഫലം തത്ത്വം മറന്ന് ആചാരത്തെമാത്രം മുറുകെ പിടിച്ചുണ്ടാകുന്നതുപോലെ ദോഷോന്മുഖമാണ്.

ക്ഷയരോഗം തുപ്പൽമുഖാന്തരം പരക്കുന്നു. ഇന്നു വഴിനീളേ "Do not spit in the road please" എന്നെഴുതി, വച്ചും ഹോട്ടലുകളിലെല്ലാം ആഹാരത്തിനു പയോഗിച്ച പാത്രാദികൾ തിളപ്പിച്ചു ശുദ്ധമാക്കാൻ ഏർപ്പാടുചെയ്തുമാണ് ഈ രോഗത്തിന്റെ ആക്രമണം തടയാൻ നോക്കുന്നതു്. ഇതു രണ്ടും എത്രത്തോളം സാദ്ധ്യമാണെന്നു ആലോചിക്കേണ്ടതാണ്. ലണ്ടൻപട്ടണത്തിൽപോലും പൂർണ്ണമായി സാധിക്കുന്നില്ലെന്നു ഈ ലേഖകന്

അനുഭവംഉണ്ടു. ഇതിനുപകരം ഭാരതീയർ പാത്രം മുതലായവ വായ്ചേർത്തു കുടിക്കുക അരുതാത്തതാണ് എന്നും തുപ്പൽ അശുദ്ധമാണെന്നും പരക്കേ ബോധം ജനിപ്പിച്ച് നിവർത്തിച്ചു. പൗരസ്ത്യന്റെ ഈ നിബന്ധന പരസാംപ്രദായികൾ മേൽകോയ്മയായി വന്ന് അവരെക്കണ്ടു പഠിക്കാൻ ഇടയായകാലംവരെ ഒട്ടും കേടുവരാതെ നടന്നു. ഈ അവസരത്തിൽ പരസാംപ്രദായികളെ കണ്ടുപഠിച്ച് നമ്മുടെ കാര്യമായ ചട്ടങ്ങൾക്കു ഹാനി വരരുതു് എന്നു കരുതി തന്നെയാണ് മ്ലേച്ഛദേശഗമനാദി തടഞ്ഞതു് എന്ന് ചില പ്രായശ്ചിത്തഗ്രന്ഥങ്ങൾ സ്പഷ്ടമായിപ്പറഞ്ഞിട്ടുണ്ട്. ഇവിടെ കാര്യക്ഷമം ഏതാണെന്നു നോക്കാം. ഇപ്രകാരമുള്ള ധർമ്മശാസ്ത്രകാര്യങ്ങളെ പള്ളിക്കൂടത്തിൽ പാഠപുസ്തകമാക്കിയും മററും ആരും പഠിപ്പിച്ചുവന്നില്ല. അതുകൊണ്ടു പ്രയോജനവും ഇല്ല. "Honesty is the best policy' എന്നു imposition ആയിട്ടെങ്കിലും അനവധിതവണ എഴുതാത്തവർ ഇന്നു കാണുകയില്ല. എന്നും അതനുസരിച്ച് ജീവിക്കുന്നവർ അപൂർവ്വമാണ്. ധർമ്മശാസ്ത്രകാര്യങ്ങൾ ഏട്ടിൽനിന്നും പഠിക്കുകയല്ലാ തൊട്ടിയിൽ മുതൽ വീട്ടിൽനിന്നും അഭ്യസിക്കുകയായിരുന്നു. ഫലം ചുടലവരെ എത്തുകയും ചെയ്തു. അഭ്യസ്തവിദ്യനായുള്ളവൻ ധർമ്മശാസ്ത്രഗ്രന്ഥങ്ങൾ നോക്കി താൻ പരിചയിച്ചിട്ടുള്ള ധർമ്മാധർമ്മങ്ങളുടെ മീമാംസയെ മനസ്സിലാക്കി എന്നേയുള്ളൂ. ഇന്നത്തെ ആരോഗ്യപരമായ പ്രസ്ഥാനങ്ങൾ കൊണ്ടു് ഒട്ടുമേ സാധിക്കാത്ത പല

# ഒഴിവു ദിവസം

എം. പി. അപ്പൻ എം. എ., എൽ. ററി.

ശ്യാമസുന്ദരമായ്പ്പിശ്ശോഭിപ്പൂ നഭഃസ്ഥലം
ധൂമയന്ത്രത്തിൻ പുക ചേരാതെ വിശുദ്ധമായ്.
ഇന്നലെക്കാണാതുള്ളോരുന്മേഷ ഭാസ്സാലിന്നു
മന്നിലെമ്പാടും നവ്യസൗഭഗം സ്ഫുരിക്കുന്നു.

ശ്രീലയായ് പ്രസന്നയായ് സ്വച്ഛന്ദഗാനാലാപ-
ലോലയാം നദിപോലെ സമയമൊഴുകുന്നു.
ജീവിതോത്സവത്തിൻെറ പുഞ്ചിരിക്കതിരുകൾ
താവിമിന്നുന്നു മുഗ്ദ്ധമുഖങ്ങളാർദ്രാഭമായ്.

സ്പന്ദിതഹൃദന്തത്തിൽ ത്തുളുമ്പുമോരോ രക്ത-
ബിന്ദുവും സ്വതന്ത്രമായാനന്ദ നൃത്തം ചെയ്വൂ.
ചിന്തയും വികാരവും പൊൻചിറകുകൾ വീശി
അന്തരീക്ഷത്തിൽ പറന്നീടുന്നു നിരങ്കുശം.

ആഹന്ത! കാണാകുന്നു പൂർണ്ണമായല്ലെങ്കിലും
ആദിമപ്രഭാവത്തിൽക്കണ്ടൊരാ പ്രശാന്തത.

---

കാര്യങ്ങൾ, വിശേഷിച്ചും മനസ്സിൻെറ സ്വാസ്ഥ്യാദികാര്യങ്ങൾ ധർമ്മശാസ്ത്ര തത്ത്വം അനുസരിച്ച് അഭ്യസിക്കുന്ന പക്ഷം സുഖമായി സാധിക്കാവുന്നതാണ് എന്നാണ് എൻെറ വിനീതമായ അഭിപ്രായം. ആചാരരൂപത്തിൽ പലടത്തും കാലാനുരൂപമായ വ്യത്യാസം വരുത്തേണ്ടതുണ്ട്, തത്ത്വങ്ങളിലല്ല. ഇപ്രകാരം വരുത്തി ഭാരതീയരുടെ പ്രാചീന സംസ്കാരത്തിൻെറ പ്രൗഢിയും തദ്വാരാ ഇദാനീന്തനൻെറ ആരോഗ്യവും ഒരുപോലെ പ്രകാശിപ്പിക്കാൻ നാം ഉത്സുകരാകേണ്ടതാണ്.

# നവാലോകം

(N. Krishna Pillai B. A. (Hons); Research Scholar, University of Travancore.)
(ഇംഗ്ലീഷിൽ നിന്നു്)

ഇന്നത്തെ ജീവിതം ആദർശങ്ങളും തത്വങ്ങളും നയങ്ങളും കൊണ്ടു് കുരുങ്ങിമറിഞ്ഞ ഒരു നൂലാമാലയാണു്. മതമോ ശാസ്ത്രമോ രാജ്യതന്ത്രമോ ധനമീമാംസയോ സ്വകാര്യജീവിതമോ സമുദായജീവിതമോ ഏതിലായാലും ശരി, അന്യോന്യം പടവെട്ടുന്ന അസംഖ്യം താൽപര്യങ്ങൾ സാധാരണക്കാരനെ അമ്പരപ്പിക്കാൻ കടന്നുകൂടിയിട്ടുണ്ടു്. നേതാക്കന്മാൎക്കും സംഘങ്ങൾക്കും പ്രസംഗവേദികൾക്കും കണക്കില്ല. അക്കൂട്ടങ്ങളുടെ പദ്ധതികളും പരിപാടികളും സിദ്ധൗഷധങ്ങളും നമ്മെ ശ്വാസംമുട്ടിച്ചിരിക്കുന്നു. ആ വൎഗ്ഗങ്ങളെ കൂട്ടുപിടിക്കാനല്ല, കഴിയുന്നതും വേഗം കൈവെടിയാനാണു് നാം ആഗ്രഹിക്കുന്നതു്. ആധുനികവിജ്ഞാനം മനുഷ്യനെ ഉന്മാദിയാക്കി വിരട്ടിക്കൊണ്ടിരിക്കുകയാണു്. അതിന്റെ വ്യാമിശ്രതയിൽ ചെന്നകപ്പെട്ടാൽ മനുഷ്യൻ കൊടുംചുഴിയിലെ വയ്ക്കോൽതുരുമ്പുപോലെ കറങ്ങിപ്പോകും. സാധാരണന്മാരുടെ പിടരി ഞെരിച്ചുകൊണ്ടു് നാഗരികത പൊടിപൊടിക്കുന്നു. വ്യക്തിക്കോ സമുദായത്തിനോ ശാന്തിയരുളാൻ അതിനു കഴിയുന്നില്ല. പണ്ടു തിന്നുകൂടാത്ത പഴം തിന്നു കുഴപ്പം വലിച്ചുവച്ച ആദാം അപ്പൂപ്പനെപ്പോലെ ശാസ്ത്രാഭിവൃദ്ധിയും വിജ്ഞാനപുരോഗതിയും ശാപഗ്രസ്തമായിരിക്കുന്നു. വൈവിധ്യങ്ങളും വൈരുദ്ധ്യങ്ങളും വിവാദങ്ങളും ആധുനികയുഗത്തിന്റെ മൗലികമുദ്രകളാണെന്നു് ആരാണു് സമ്മതിക്കാത്തതു്?

ഏതെങ്കിലും ഒരു ചെറിയ രംഗംതന്നെ നോക്കിയിരുന്നാലും, വളരെക്കാലത്തെ സാവധാനപ്രയത്നം കൊണ്ടുമാത്രം പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങൾ അണിനിരന്നുനിൽക്കുന്നതു കാണാം. നിർഭാഗ്യവശാൽ ജനകീയഭരണം അക്ഷമയുടെ കെട്ടഴിച്ചുവിട്ടിരിക്കുന്നതുകൊണ്ടു് മനുഷ്യൻ പുൽച്ചാട്ടാനെപ്പോലെ ഒന്നിൽനിന്നു മറ്റൊന്നിലേക്കു ചാടിച്ചാടിക്കഴിയുന്നു. ഇങ്ങനെ പ്രശ്നങ്ങളെയെല്ലാം തൊട്ടുവിട്ടു പെരുമാറുന്ന സമ്പ്രദായത്തിന്റെ ഫലമായി എല്ലാംകൂടി കലങ്ങി മറിഞ്ഞു് ലഹളത്തരവും തെമ്മാടിത്തവും കൊട്ടുമ്പിരിക്കൊള്ളലും മുടിചൂടി വിജയിക്കുന്നു. അവകാശത്തെ കരബലമായും ആത്മാൎത്ഥതയെ അശക്തിയായും ധൎമ്മത്തെ വാചാലതയായും നാം തെറ്റിദ്ധരിക്കുന്നു. രവീന്ദ്രനാഥൻ പറഞ്ഞതുപോലെ "ജീവിതരംഗത്തിനു നേരേ മുഖംതിരിഞ്ഞിരുന്നുകൊണ്ടു് കാൎയ്യങ്ങളൊക്കെ തകരാറിലാകുന്നു എന്നു് അത്ഭുതപ്പെടുന്ന വിഡ്ഢികളാണു് നാം".

ഒരൊററ മണ്ഡലം മതി, ഏതൊരു സ്ഥിരബുദ്ധിയെയും ഇളക്കിമറിക്കത്തക്ക വിവാദങ്ങളും വൈരുദ്ധ്യങ്ങളും വൈപരീത്യങ്ങളും അതിൽ കുടിയിരിപ്പുണ്ടു്. രാജ്യതന്ത്രലോകത്തുതന്നെ രാജത്വമുണ്ടു്, ജനകീയഭരണമുണ്ടു്, സ്വേച്ഛാപ്രഭുത്വമുണ്ടു്, അവകാശമുണ്ടു്, ഉത്തരവാദിത്വമുണ്ടു്, അധികാരമുണ്ടു്, രക്ഷാവ്യവസ്ഥ

കളുണ്ട്. പോരെങ്കിൽ ഇവയുടെഒക്കെ അങ്ങോട്ടുമിങ്ങോട്ടുമുള്ള ചേരുമാനങ്ങളും ഗ്ഗുണീകരണങ്ങളും!!. എണ്ണിയാലൊടുങ്ങാത്ത സമ്മേളനങ്ങളും സമിതികളും ഒരിക്കലും തീരാത്ത വാദപ്രതിവാദങ്ങളിൽ ഏർപ്പെട്ട് തങ്ങളുടെ വലിപ്പം കൊട്ടിഘോഷിക്കുന്നു. ഓരോ വിഷയത്തെയും ചുററിപ്പററി ശബ്ദകോലാഹലം അവധിയില്ലാതെ മുഴങ്ങുന്നു. ഏതോ അജ്ഞാത നിശ്ചയമനുസരിച്ച് ദക്ഷിണധ്രുവവും ഉത്തരധ്രുവവും കൂട്ടിമുട്ടുന്നു. മനുഷ്യസമുദായം കണ്ണുനീരിനും പുഞ്ചിരിക്കും നടുക്കുനിന്ന് ഊഞ്ഞാലാടുന്നു. ചരിത്രകാലത്തിൻെറ പുലരിതൊട്ടുതന്നെ ഏകശാസനയും സ്വേച്ഛാപ്രഭുത്വവും ജനകീയഭരണവും പലരാജ്യങ്ങളിൽ പലഘട്ടങ്ങളിൽ, ഒരു രാജ്യത്തുതന്നെ പല ഘട്ടങ്ങളിൽ, പലരാജ്യങ്ങളിൽതന്നെ ഏകഘട്ടത്തിൽ നിലനിന്നിരുന്നു എന്നു ഗവേഷകന്മാർ വെളിപ്പെടുത്തിയിട്ടുണ്ട്. ഒരു ഇരുപതുകൊല്ലക്കാലം പുറകോട്ടു തിരിഞ്ഞുനോക്കിയാൽ, നാം ഭരണകൂടങ്ങളെ നയിച്ചുമട്ടും ഭരണകൂടങ്ങൾ നമ്മെ നയിച്ചുമട്ടും പ്രത്യക്ഷപ്പെടുകയും നാമെല്ലാം ഭ്രാന്താലയവാസികളെന്നു സ്വയം പ്രഖ്യാപിതമാവുകയും ചെയ്യും. രാജകീയ ജർമ്മനി പെട്ടെന്നു ജനകീയ ജർമ്മനിയാവുക, പെട്ടെന്ന് നാസി ഏകശാസിതാവിനു വഴങ്ങിക്കൊടുക്കുക. അതു പോലെ തന്നെ സ്പെയിനും ഇന്നലെ രാജകീയം, ഇന്ന് സ്ഥിതിസമത്വവേഷം കെട്ടിയ ജനകീയഭരണം,പെട്ടെന്ന് ഒരു വിപ്ലവം, നാളെ എന്തെല്ലാം ദുരിതങ്ങളെന്നു ദൈവത്തിനേ അറിഞ്ഞുകൂടൂ!!. ലോകമങ്ങനെ വട്ടത്തിൽ ചുററിത്തിരിയുകയാണ്.

ഈ കലക്കത്തിനും കുഴപ്പത്തിനും എന്തായിരിക്കും കാരണം? ഒന്നു പറയാം. ഈ ഭ്രാന്തിന് ഒരു ക്രമമൊക്കെയുണ്ട്. അതുകൊണ്ട് സമുദായഹൃദയത്തിനു തകരാറൊന്നുമില്ലെന്നു ഊഹിക്കാം. നല്ലതെന്നും ചീത്തയെന്നും പറയുന്നതെല്ലാം നമ്മുടെ വിചാരം കൊണ്ടുണ്ടാകുന്നതാണ്. പരമാർത്ഥത്തിൽ അങ്ങനെ രണ്ട് അവസ്ഥയില്ല. ഇന്നത്തെ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഈ വാക്കുകൾ മുക്കാലും ശരിതന്നെ. അതുപോലെ തന്നെ നല്ല ആദർശങ്ങളും ചീത്ത ആദർശങ്ങളും, നല്ല ധർമ്മവും ചീത്ത ധർമ്മവും ഇല്ല; പരിശീലനം കൊണ്ടാണ് നന്മതിന്മകൾ വന്നു കൂടുന്നത്. നിയന്ത്രിക്കാൻ കഴിയുമെങ്കിൽ രാജത്വം കൊള്ളാം. ജനകീയംതന്നെ ആയിരിക്കുമെങ്കിൽ ജനകീയഭരണവും കൊള്ളാം. ആത്മശക്തിയിൽ നിന്നു പൂത്തിറങ്ങേണ്ട ആദർശങ്ങളെതിരക്കി നാം വെളിയിലെങ്ങോ അലഞ്ഞുതിരിയുന്നു. “ഓരോ രാജ്യവും അർഹിക്കുന്ന ഭരണം അതിനു ലഭിക്കുന്നു,” എന്നും “സ്വതന്ത്രജനങ്ങൾ തങ്ങളെ സ്വതന്ത്രരാക്കുന്നു” എന്നും ഉള്ള പ്രസ്താവങ്ങളിൽ സുപരീക്ഷിതങ്ങളായ പരമാർത്ഥങ്ങൾ അന്തർഭവിച്ചിട്ടുണ്ട്. ഭരണത്തിൻെറ രൂപമല്ല, ജനതയുടെ അഭിമതരൂപവും സന്മാർഗ്ഗരൂപവും ആയ ഭരണകാര്യമാണ് പ്രധാനമായിട്ടുള്ളത്. ജനങ്ങളുടെ സന്മാർഗ്ഗബലത്തെ പുഷ്ടിപ്പെടുത്താനും സംസ്കരിക്കാനും ഒരു ഭരണകൂടത്തിനു കഴിയും. പക്ഷേ ഈ ശക്തി സൃഷ്ടിക്കാൻ ഭരണകൂടത്തിനു കഴിയുമോ, അതോ ഈ ശക്തിക്കു ഭരണചക്രത്തെ നിയന്ത്രിക്കാൻ കഴിയുമോ എന്ന ചോദ്യം അണ്ടിമൂത്തതോ മാങ്ങമൂ

ത്തതോ എന്ന വഴക്കപോലെ പിടികിട്ടാത്ത ഒന്നാണ്.

സർജയിംസ് ബാരിപറഞ്ഞിട്ടുണ്ട് "പ്രകൃത്യനുസരണമായിട്ടുള്ളതാണ് ശരി" എന്ന്. ഒരു രാജ്യതന്ത്രരീതിയും തികച്ചും തെററല്ല. ചില നന്മകളെങ്കിലും അതിൽ കാണാതെവരികയില്ല. ആധുനികലോകത്തു് ഏതു പ്രശ്നത്തിനും രണ്ടുവശമുണ്ട്. കാലത്തിൻെറ പരീക്ഷണവിദ്യയെ അതിജീവിച്ചിട്ടുള്ള ഏതു രീതിയോടും പരിപൂൎണ്ണാവഹേളനം അവലംബിക്കുന്നതു് അബദ്ധമാണ്. നല്ല രാജത്വം നല്ല രാജത്വം തന്നെ. അതു ദുഷ്ടമായ ജനപ്രഭുത്വത്തെക്കാൾ ഉത്തമമായിരിക്കും. അതുപോലെ തന്നെ ഒരു നല്ല ജനകീയവാഴ്ച ദുഷ്ടമായ ഒരു രാജവാഴ്ചയെക്കാൾ എത്ര മടങ്ങു സ്വീകാൎയ്യമായിരിക്കും?. അതാതിൻെറ സ്ഥാനത്തു് എല്ലാ സമ്പ്രദായവും നല്ലതു തന്നെ എന്ന് ബ്രിട്ടൻെറ ചരിത്രം നമ്മെ പഠിപ്പിക്കുന്നു. ഒരു സമ്പ്രദായം അധഃപതിക്കുമ്പോൾ മാത്രമേ പരിഷ്കരണമോ ഉച്ചാടനമോ ആവശ്യപ്പെടുന്നുള്ളൂ. കഷ്ടകാലം കൊണ്ട് നമ്മുടെ രാഷ്ട്രങ്ങൾ പലപ്പോഴും പക്വബുദ്ധികളല്ല. തൽഫലമായി രാജത്വത്തിൽ നിന്ന് ജനകീയഭരണത്തിലേക്കും, അതിൽ നിന്ന് സ്വേച്ഛാപ്രഭുത്വത്തിലേക്കും അറുതിയില്ലാതെ ചുററിത്തിരിഞ്ഞു് ഒന്നിൽ നിന്നും ഒന്നും കിട്ടാതെ അവ വിഷമിക്കുന്നു. അങ്ങനെ ലോകം ഒരു അഗ്നികുണ്ഡമായി മാറിക്കഴിഞ്ഞു. സ്ഥിരമായ യാതൊരു് ഉദ്ദേശവും നിശ്ചയവുമില്ലാത്ത മാനവസമുദായം തൻെറ ഉടലും ഉയിരും ആ മഹാഗ്നിയിൽ ആഹുതിചെയ്യുന്നു. നിലനിന്നുവരുന്ന ഒരു ചൎയ്യാക്രമത്തെ തുത്തെറിയുമ്പോൾ അനന്തമായ ദുഃഖാനുഭൂതികളാണ് ഉയന്നു മറിയുന്നതെന്ന പരമാൎത്ഥം നാം പലപ്പോഴും വിസ്മരിക്കുന്നു. ത്യാഗം അനുഭവിച്ചു പോലും അതിനെ നാം രക്ഷിക്കുകയല്ലാതെ അതിനോടു പോരടിക്കാൻ പാടില്ല. നന്മ തിന്മയായി പരിവൎത്തനം ചെയ്യുന്നതിനു് നാം വലിയ ഉത്തരവാദികളാണ്. "പ്രിയപ്പെട്ട ബ്രൂട്ടസ്, നമ്മുടെ രാജ്യതന്ത്രത്തിനുണ്ടെന്നു കല്പിക്കുന്ന കുററങ്ങൾ മിക്കതും നമ്മുടേതുതന്നെ." ഈ തത്ത്വം വിസ്മരിക്കുന്നതോടുകൂടി നാം വങ്കത്തം പിടിച്ചവരായിത്തീരും. വിശേഷബുദ്ധി എന്നൊരെണ്ണം ഉടനടി വിട്ടുമാറും. നാം ലോകത്തെ കാട്ടുവഴിയിൽക്കൂടി നയിക്കുകയും ചെയ്യും.

"ഭരണരൂപത്തെപ്പററി മഠയന്മാർ കടിപിടികൂടട്ടെ, ഭരണഫലങ്ങളാണ് ഭരണത്തിൻെറ വില നിൎണ്ണയിക്കുന്നതു്." പക്ഷേ അലസതയ്ക്കു വേണ്ടി വാദിക്കുകയല്ല ചെയ്യുന്നതു്. എല്ലാ കളയും പിഴുതെറിഞ്ഞു് അടിതൊട്ടു മുടിവരെ കെട്ടിപ്പടുക്കണമെന്നു അഭിപ്രായപ്പെടുകയാണ്. സുശിക്ഷിതവും അസൂയാരഹിതവും ദയാപൂൎണ്ണവും ധൎമ്മതല്പരവും ആയ ഒരു ജനതയെ കിട്ടാമെങ്കിൽ ഏതു ഭരണസമ്പ്രദായവും ഫലിക്കും. വേണ്ടിവന്നാൽ വലിയ തമ്മിലടികൂടാതെ ഏതു ഭരണരീതിയേയും അടിച്ചു തകൎക്കാം. ചോരചിന്താത്ത ഇംഗ്ലീഷ് വിപ്ലവം ഇതിനു് ഉദാഹരണമാണ്. സമുദായം മുഖം തിരിച്ചുകളയുന്ന സൎവ്വപ്രധാനമായ ഈ പ്രശ്നം നീങ്ങിയാൽ മാത്രമേ എല്ലാ വസ്തുക്കളെയും തല തിരിഞ്ഞുകാണുന്ന പതിവ് നശിക്കുകയുള്ളൂ.

ഇതു പോലെതന്നെ സാമ്രാജ്യദുഷ്പ്രഭുത്വം, മുതലാളിത്തം, സമഷ്ടിസിദ്ധാന്തം, സ്ഥിതിസമത്വവാദം എന്നിവയെ

പ്പററിയും ശബ്ദകോലാഹലങ്ങൾ ഉണ്ടാകുന്നുണ്ട്. അവയ്ക്ക് ഓരോന്നിനും നിറവേററാൻ ഓരോ ഉദ്ദേശവും സ്വീകരിക്കാൻ ഓരോ സ്ഥാനവും ഉണ്ട്. അവ ഓരോന്നും നല്ലതും ചീത്തയും ആണ്. സ്വൈരത ലഭിക്കാനുള്ള വ്യത്ഥശ്രമത്തിലേപ്പെട്ട് ഒന്നിൽ നിന്നു മറെറാന്നിലേക്ക് കേറിയിറങ്ങുകയാണെങ്കിൽ ഒട്ടങ്ങാത്ത ദുരിതവും വൈഷമ്യവും ഫലം. നമുക്ക് ആത്മശക്തിയുണ്ടെങ്കിൽ നമ്മുടെ ആദശ്ങ്ങളോട് പൊരുത്തപ്പെടുന്ന മട്ടിൽ ഈ ഭരണസമ്പ്രദായങ്ങളെ സ്വീകരിക്കാവുന്നതാണ്. ഒരു രീതിയിൽ നിന്ന് വേറൊരു രീതിയിലേക്കു നീങ്ങുന്നതു് ആവശ്യമെന്നുവന്നാൽതന്നെയും ഇംഗ്ലീഷുകാർ രാജത്വത്തിൽ നിന്ന് ജനകീയഭരണത്തിലേക്കു സഞ്ചരിച്ചതു പോലെ പ്രശാന്തമായി നിവ്ഹിക്കാം. നമുക്കു മുതലാളിത്തം ഉപേക്ഷിച്ച് സ്ഥിതിസമത്വം സ്വീകരിക്കേണമോ? നൂറുവട്ടം ആകാം. പക്ഷേ നാം കൊട്ടകാററടിച്ചുയരുന്നതു് പോലെ പരിവത്തനം ചെയ്യരുതു്. ശാന്തസുന്ദരമായ ദിനാരംഭംപോലെ പ്രകാശദാനം ചെയ്തു ലോകത്തെ അനുഗ്രഹിക്കുകയാണ് വേണ്ടതു്. ഒരു നവ്യവാസരത്തിൻെറ മോഹനോദയത്തെ പ്രക്ഷുബ്ധമാക്കാൻ ഒരുങ്ങിപ്പുറപ്പെടുന്ന നാം ചരിത്രവിജ്ഞാനീയത്തെ മറന്നു പ്രവത്തിക്കുന്നു. സവ്വോപരി നിദ്ധാരണശക്തിയും സഹനബോധവും ഉപേക്ഷിക്കുന്നു. ഒരു സിദ്ധാന്തം നമുക്കു വിപരീതമാണെന്നുതന്നെ വരട്ടെ. പക്ഷേ അതു മനസ്സിലാക്കാൻ നാം കടപ്പെട്ടവരാണ്. അറിവിൽ നിന്നും അഭിനന്ദനത്തിൽ നിന്നും ഉതിരുന്ന വിശ്വാസം അതിൻെറ പ്രചാരണത്തിൽ പൂവ്വോത്തരം സുശക്തമായിത്തീരുന്നു. ധാമ്മികശക്തികൊണ്ടു മാത്രം നിശ്ശബ്ദവിപ്ലവങ്ങൾ സൃഷ്ടിക്കാമെന്നും നിദ്ധാരണശക്തിയിൽ നിന്നും സഹനബോധത്തിൽ നിന്നും ശക്തിയുക്തമായ വിശ്വാസങ്ങൾ ആവിഷ്കരിക്കാമെന്നുമുള്ള പരമാത്ഥത്തിന് മഹാത്മാഗാന്ധി സജീവലക്ഷ്യമാണ്. എല്ലാ മനുഷ്യരും, യതിവയ്യന്മാരും അതിമാനുഷരും ആയിത്തീരുമെന്നല്ല വിവക്ഷ; വ്യക്തിപരമായ പരിമിതികൾ അനുവദിക്കുന്നിടത്തോളം മനുഷ്യൻ ഈ തോതിലേയ്ക്ക് ഉയരണമെന്നേ അത്ഥമാക്കേണ്ടതുള്ളു.

ജീവിതത്തിൻെറ മററു മണ്ഡലങ്ങളിൽ നേരിടേണ്ട പ്രശ്നങ്ങളെയും ഈ മട്ടിൽ വിശകലനം ചെയ്യാൻ കഴിയും. മതങ്ങളെപ്പററിത്തന്നെ നോക്കു! ഹിന്ദുമതവും ക്രിസ്തുമതവും ഇസ്ലാമും നല്ലതോ ചീത്തയോ അല്ല. പരിശീലനം കൊണ്ടു് അങ്ങനെ ആവുകയാണ്. ഒരു മതത്തിലെ സവ്വോൽകൃഷ്ടവും സവ്വോന്നതവും ആയ എല്ലാം തന്നെ മററു ഏതു മതത്തിലേയും സവ്വോൽകൃഷ്ടവും സവ്വോന്നതവും ആയ എല്ലാം തന്നെ എന്ന് എല്ലാപേരും സമ്മതിക്കും. കൊള്ളരുതാത്ത ഒരു ക്രിസ്ത്യാനിയെക്കാളും മഹമ്മദീയനെക്കാളും ഒരു നല്ല ഹിന്ദു ഭേദമണ്. ഒരു നല്ല ക്രിസ്ത്യാനിയോ ഒരു നല്ല മഹമ്മദീയനോ കൊള്ളരുതാത്ത ഒരു ഹിന്ദുവിനേക്കാൾ ഭേദമാണ്. അതിനാൽ ഉയച്ചതാഴ്ചകളെപ്പററിയുള്ള വഴക്കും വയ്യാവേലിയും പിടിച്ചിട്ട് കായ്യങ്ങൾ വഷളാക്കാതെയും ആദശ്ങ്ങളെയും ആരാധനകളെയും ഇടിച്ചു തകക്കാതെയും നമുക്കു കിട്ടിയിട്ടുള്ള അനല്പോപദേശങ്ങളിൽ അല്പമെങ്കിലും പ്രവൃത്തിയിൽ കൊണ്ടുവരുന്നതിനു ശ്രമിക്കുന്നതാണ് ആയിരം മടങ്ങു നല്ലതു്. ഒരു തുള്ളി സൽകമ്മം ഒരു ഉപദേശസാഗരത്തെക്കാൾ മഹനീയമാണ്.

ഇത്രമാത്രമല്ല. ശാസ്ത്രം, മതം, ഭൗതികവാദം, ആദർശവാദം, വ്യക്തി, സമുദായം, സ്നേഹം, കർത്തവ്യം എന്നിങ്ങനെ അനേകം രംഗങ്ങളെപ്പററിയും അനവധി അഭിപ്രായ വ്യത്യാസങ്ങൾ ഉദിക്കുന്നു, വളരുന്നു, പടർന്നുപിടിക്കുന്നു. ഈ പ്രശ്നങ്ങൾ അനന്തവും ശാശ്വതവുമാണ്. നമ്മിലോരോരുത്തനും മനുഷ്യനും മൃഗവും ആണ്. അതുകൊണ്ട് സുപ്രയുക്തമായിട്ടുള്ളവ എല്ലാം നല്ലതും, ദുഷ്പ്രയുക്തമായിട്ടുവ എല്ലാം ദുഷ്ടവുമാണെന്നു പറയാനേ തരമുള്ളു. ഒന്നും തന്നെ ശരിയോ തെറേറാ അല്ല. അല്ലെങ്കിൽ തന്നെ പരമാർത്ഥത്തിൽ ശരിയേത്? തെറേറത്? രൂപവും അർത്ഥവുമില്ലാത്ത വെറും പേരുകൾ ആണവ. "ഒരു നല്ല പേനാക്കത്തി എനിക്കാവശ്യമുള്ളിടത്തോളം നല്ലതല്ലാത്തതുകൊണ്ടാണ് ചീത്ത പേനാക്കത്തിയാകുന്നത്" എന്ന് അനുകരിക്കാൻ കഴിയാത്തഭാഷയിൽ ജി.കെ. ചെസ്റ്റർട്ടൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ പ്രസ്താവത്തിലെ വിശിഷ്ടതത്വം നാം ഗ്രഹിക്കുമെങ്കിൽ പല തെററിദ്ധാരണകളും മനസ്സിലാക്കാൻ നാം പ്രാപ്തരായിത്തീരും. കല്മഷങ്ങളിൽ സാരോപദേശങ്ങളും സർവ്വത്തിലും നന്മയും ദർശിക്കാൻ നമുക്കു സാധിക്കും. ഇങ്ങനെ പുതിയ വീക്ഷണകോടി അവലംബിക്കാൻ കഴിയുന്നതോടു കൂടി നമുക്കു പ്രിയപ്രദമായ ആശയ സാമ്രാജ്യത്തോടു കൂടുതൽ സാമീപ്യം സിദ്ധിക്കുകയും ചെയ്യും.

ഒരു പ്രധാനകാര്യം അവശേഷിക്കുന്നു. നമുക്കു സ്വപ്നം കാണാൻകൂടി കഴിയാത്ത പല കാര്യങ്ങളിലും ഇന്നത്തെ ലോകത്തു മനുഷ്യനു രസിക്കാൻ കഴിയുന്നുണ്ട്. ജീവിതത്തിലെ സാരാംശം സ്വീകരിക്കാൻ ഒരുക്കമുള്ള അത്തരം ആളുകൾക്ക് അന്യരുടെ താൽപര്യത്തെയും രസത്തെയും അറിയുന്നതിനും ബഹുമാനിക്കുന്നതിനും സന്നദ്ധത ഉണ്ടായിരിക്കും. ഒരാൾക്ക് ഒന്നോ രണ്ടോ കാര്യങ്ങളിൽ താൽപര്യമുണ്ടെന്നു കരുതി മററു കാര്യങ്ങളെ അവഹേളിക്കുകയോ അവയോട് അന്ധത അവലംബിക്കുകയോ ചെയ്യണമെന്നില്ല. ലോകം വൈചിത്ര്യത്തിൻെറയും വൈവിധ്യത്തിൻെറയും ജന്മഭൂമിയാണ്. അതുകൊണ്ട് ജീവിതത്തിൻെറ അന്തസ്സാരം ഗ്രഹിക്കണമെന്നുണ്ടെങ്കിൽ ഒന്നോ രണ്ടോ മണ്ഡലങ്ങളിൽ വിദഗ്ദ്ധനായിരിക്കുന്നതോടൊപ്പം, എല്ലാ മണ്ഡലങ്ങളോടും താൽപര്യമുള്ളവനായിരിക്കണം. അടച്ചു കെട്ടി സൂക്ഷിക്കുന്ന മനഃസ്ഥിതിയെ എതിർക്കുകയും എല്ലാക്കാര്യങ്ങളിലും ചെറുപരിചയമെങ്കിലും സമ്പാദിക്കുകയും ചെയ്യേണ്ടതു് അത്യന്തം ആവശ്യമാണ്. അപ്പോൾ നമ്മുടെ വീക്ഷണം വിശാലമാകും. വൈചിത്ര്യപൂർണ്ണമായ ജീവിതത്തിൽ തികച്ചും രസിക്കാൻ കഴിയും. ഇത്തരം ഒരു അവലോകനശക്തി സിദ്ധിച്ചാൽ മാത്രം പോരാ. ഒരു പ്രശ്നത്തിൻെറ വിവിധവശങ്ങളെയും മനുഷ്യതാൽപര്യത്തിനു വിധേയമായ സർവ്വപ്രശ്നങ്ങളെയും ബുദ്ധിപൂർവം ഗ്രഹിക്കുന്നതിനു വേണ്ടി ലോകത്തെ ഉപദേശിക്കുന്നതിനും, ആവശ്യപ്പെട്ടാൽ അതിലേയ്ക്കു് ഒരു പുണ്യസമരം നടത്തുന്നതിനും നാം ഒരുങ്ങിയിറങ്ങേണ്ടതാണ്. ജീവിതത്തെ അതിൻെറ പൂർണ്ണതയിൽ സാക്ഷാൽകരിക്കുക—അതാണ് ഈ നവാലോകത്തിൻെറ പരമമായ അർത്ഥം.

# കാലപ്രവാഹത്തിൽ

ജി. ഗോപാലപിള്ള ബി. എ., എൽ. ററി.

‘കാലം കാണിക്കുന്ന വികൃതിത്തരങ്ങൾ’, ചന്ദ്രൻ നിർന്നിമേഷനായി ആ പത്രത്തിൽ നോക്കിക്കൊണ്ട് പിറുപിറുത്തു. അവൻെറ കണ്ണുകളെ അവന് വിശ്വസിക്കുന്നതിന് കഴിഞ്ഞില്ല. ‘എങ്കിലും രവി എന്നെ അറിയിച്ചില്ലല്ലോ’, അവൻ വിവർണ്ണവദനനായി പുലമ്പി. അകലത്തിലേക്കു തള്ളിയ പത്രം അവൻ വീണ്ടും എടുത്തു സൂക്ഷിച്ചുനോക്കി. “രണ്ടു സൗന്ദര്യധാമങ്ങൾ; അവർ തമ്മിലുള്ള ബന്ധം അതിശ്രേഷ്ഠമായിരിക്കണം. അവൻെറ ഉയർച്ചയ്ക്ക് ഉണ്ടാക്കിയ അടിത്തറയായിട്ടാണ് അവൻെറ മാതാപിതാക്കൾ ഈ ബന്ധം കരുതിയിരുന്നത്. അവൻെറ ബുദ്ധിശക്തി അനന്യസാധാരണമാണ്. ആ സംഭാഷണചാതുരി ആകർഷണീയമാണ്. അവൻെറ പാണ്ഡിത്യവും, പരിശ്രമശീലവും സ്തുത്യർഹമാണ്. ആ മുഖം ചൈതന്യസമ്പൂർണ്ണമാണ്. ആ മന്ദഹാസം പരിശുദ്ധവും ഹൃദയാഹ്ലാദകരവുമാണ്. ധനമാണ് അവനുള്ള കുറവ്. ഈ ബന്ധംകൊണ്ട് അവന് പണം തൃണമാണെന്ന് ഗ്രഹിക്കുന്നതിന് കഴിയും. എങ്കിലും രവി എന്നെ അറിയിക്കാതെ വിവാഹിതനായല്ലോ.”

ചന്ദ്രൻെറ വിഷമത കുറച്ചൊന്നുമല്ല. ഒന്നാംക്ലാസുമുതൽ ഇംഗ്ലീഷ്‌വിദ്യാലയത്തിലെ പഠിത്തം പൂർത്തിയാകുന്നതുവരെ ഒരുമിച്ച് കഴിഞ്ഞുകൂടിയ അയൽപക്കക്കാരായ സഹപാഠികളാണ് അവർ. രവിയുടെ ഉററ മിത്രമായിരുന്നു ചന്ദ്രൻ. ഈ വിവാഹത്തെപ്പററി താൻ അറിഞ്ഞില്ലെന്ന് അന്യർ ധരിക്കുന്നതു തന്നെ അവന് അപമാനകരമായിത്തോന്നി. തൻെറ അടുത്തമിത്രം തന്നിൽ നിന്നും തെററിത്തെറിച്ചു പോയി എന്ന് അവൻെറ ഹൃദയം അവനോടു പറഞ്ഞു. കഠിനമായ ഹൃദയവേദനയ്ക്കധീനനായി അവൻ വെളിയിലേക്കിറങ്ങി.

ചന്ദ്രൻ രാജധാനിയിൽ എത്തിയിട്ടധികസമയമായില്ല. തൻെറ വേഷം തൻെറ സ്നേഹിതൻെറ ബന്ധുഗൃഹത്തിൻെറ അന്തസ്സിന് ഒരു തരത്തിലും ഹാനികരമായിട്ടില്ലെന്നു അവൻ അഭിമാനിച്ചു. അവൻ നടന്നത് അതിവേഗത്തിലാണ്. സ്നേഹിതൻെറ ബന്ധുഗൃഹത്തിൽ തനിക്കു കിട്ടാൻ പോകുന്ന സ്വീകരണരീതിയും തന്നെ ക്ഷണിക്കാൻ സാധിക്കാതെ പോയതിൽ ആ നവദമ്പതികൾ തന്നോട് ക്ഷമായാചനം ചെയ്യുന്നതും പല ഒഴികഴിവുകൾ പറയുന്നതും ചന്ദ്രൻെറ ഉള്ളിൽ ഉയർന്നുവന്ന സരസചിത്രങ്ങളായിരുന്നു. മരുമകൻെറ ഉററസ്നേഹിതനായ തന്നോട് ആ വൻപിച്ച ഉദ്യോഗസ്ഥൻ ഇരിക്കാൻ പറയുന്നതും ലോഹ്യങ്ങൾ ചോദിക്കുന്നതും അവൻ സങ്കല്പത്തിൽ കണ്ടു. അടുത്തു ഹൃദയവേദിയിൽ നിഴലിച്ച രംഗം അവനെ സ്വർഗ്ഗീയസുഖത്തിലേക്ക് നയിച്ചു. മുറിത്തണ്ടൻ ബി. എക്കാർ ഈ സ്ക്കൂൾഫയിനലുകാ

രൻെറ പുറകെ രവിയുടെ ശ്വശുരനോടു ശുപാർശ പറയിക്കാൻ കൂട്ടുന്നതും അവൻ മന്ദസ്മേരവദനനായി കണ്ടു. ചന്ദ്രൻ തന്നെത്താനറിയാതെ ഒന്നു ഞെളിഞ്ഞു. അവൻെറ ഹൃദയം ആനന്ദപുളകിതമായി. "എങ്കിലും എന്നെ അറിയിക്കാതെ രവി വിവാഹിതനായല്ലോ", സ്വപ്നത്തിൽ കട്ടുറുമ്പുപോലെ അവൻെറ ഉള്ളിൽ നിന്നും പൊടിപ്പുറപ്പെട്ടു. അവൻ വിയർത്തുപോയി.

ഒരു മഹാസൗധത്തിനടുത്തു ചന്ദ്രൻ നിന്നു. ഉടനെ അകത്തു കടക്കുന്നതിനുള്ള ധൈര്യം അവനില്ലായിരുന്നു. വിയർപ്പുകൊണ്ട് അവൻെറ ഉടുപ്പു മുഴുവൻ നനഞ്ഞിരുന്നു. പത്തു മിനിട്ടിൽ കൂടുതൽ അവിടെ അവൻ നിന്നില്ല. ഒരു മണിക്കൂറിൽ കൂടുതൽ അവിടെ നിന്നതുപോലെ ചന്ദ്രനു തോന്നി.

ഒരു കാർ ഇരച്ച് ഗയ്റ്ററിനുള്ളിലേക്കു കടന്നു പോയി. രവി അതിനുള്ളിൽ തനിയൂറോപ്യൻ വേഷത്തിൽ ഇരിക്കുന്നുണ്ടായിരുന്നു. 5 മിനിട്ടു കഴിഞ്ഞു ചന്ദ്രൻ ധൈര്യസമേതം ഉള്ളിലേക്കു കടന്നു. അവൻെറ നെഞ്ചിടിപ്പ് വ്യക്തമായി കേൾക്കാൻ കഴിഞ്ഞു. അവൻെറ പരിഭ്രമം എന്തുകൊണ്ടുണ്ടായി എന്നറിയുന്നതിന് അവന് കഴിഞ്ഞില്ല.

അകത്തുനിന്നും ഇടിവെട്ടുംവണ്ണം ഒരു ശബ്ദം കേട്ട് ചന്ദ്രൻ വരാന്തയിൽ സ്തംഭിച്ചുനിന്നുപോയി. "കേശപിള്ളേ".

"ഉത്തരവ്" മായി ബനിയനിട്ട ഒരു മദ്ധ്യവയസ്കൻ രംഗപ്രവേശം ചെയ്തു.

"മണി ഫ-ായി. കാറെവിടെ?"

"ഉത്തരവ്. കുഞ്ഞു രാവിലെ കൊണ്ടുപോയതാണ്. ഇപ്പോൾ വന്നതേയുള്ളു".

"എന്തോന്നു കുഞ്ഞ്! ആഫീസിൽ പോകാനുള്ള സമയം കഴിഞ്ഞു".

"ഉത്തരവ്".

"ഇനിയും കാർ കൊണ്ടുപോകരുതെന്നു അവനോടു പറയണം. കേട്ടോ!"

"ഉത്തരവ്".

നാലുമാസം കഴിയുമ്പോൾ ഒരു "ഡി" ജനായിത്തീരാൻ പോകുന്ന ആളാണ് ആ ഉദ്യോഗസ്ഥൻ എന്നു ചന്ദ്രൻ അന്നു ഗ്രഹിച്ചിരുന്നില്ല.

ഗർവ്വസമ്പൂർണ്ണമായ ആ സത്വം ഒന്നു തിരിഞ്ഞു. ചന്ദ്രൻ ഞെട്ടിപ്പോയി.

"എടോ! നിങ്ങളൊക്കെ എന്തിനിങ്ങനെ സർക്കാരിൻെറ ചോറു തിന്നു തീർക്കുന്നു. ഇമ്മാതിരി ഉദ്യോഗം തെണ്ടികളെ പടിക്കകത്തു കയററരുതെന്ന് ഞാൻ എത്ര പ്രാവശ്യം പറഞ്ഞു."

"ഉത്തരവ്. കുഞ്ഞിനെ കാണാനാണെന്നു പറഞ്ഞു".

"എന്തൊരു നാശമാണ്. ഈ കൂട്ടുകാരും കൂററുകാരുമൊക്കെ ഇപ്പോൾ എവിടെനിന്നു വന്നുകൂടി? ഇവിടിരുന്ന് സൊള്ളലൊന്നും നടപ്പില്ല."

"ഉത്തരവ്".

"താൻ തന്നെ പറഞ്ഞേക്കണം കണ്ടിട്ടു പൊയ്ക്കൊള്ളാൻ. ഇന്നാളു കണ്ടു കുഞ്ഞിൻെറ അച്ഛനെന്നും അമ്മയെന്നും പറഞ്ഞു രണ്ടെണ്ണം. ഇതുങ്ങടെയൊക്കെ പള്ള നിറയ്ക്കാൻ ഇവിടെ വേലക്കാരു വല്ലതും ഇരിക്കുന്നോ. ഉ-ം. വേഗം കൊണ്ടു കാണിച്ചുകൊടുക്കു. എന്നിട്ട് പോകാൻ പറ".

ചന്ദ്രന് അവിടെ നിൽക്കണമെന്നു തോന്നിയില്ല. അവൻ നിന്നിരുന്ന തിണ്ണയുടെ ഒരററത്ത് ഉണ്ടായിരുന്ന സൈഡ് റൂം തുറക്കുന്നതിൻെറശബ്ദം അവൻ കേട്ടു.

# മിന്നാമിനുങ്ങ്

തിക്കുറിശ്ശി സുകുമാരൻനായർ

(ഗീതകം)

മുന്നിലെന്തിരുൾ; മിന്നാമിനുങ്ങേ ! പറയൂ നിൻ
പിന്നിലെ വെളിച്ചത്താൽ നിനക്കെന്തുപകാരം?
അല്ലെങ്കിലന്യർക്കായി സ്സാഹായ്യമരുളാനേ-
തല്ലലും സഹിക്കുവോരാണല്ലോ മഹത്തുക്കൾ
കഷ്ടിച്ചു കുറേജന്മം കഴിഞ്ഞാലൊരുപക്ഷേ
സൃഷ്ടിക്കാമൊരു കൊച്ചുതാരമായ് ദൈവം നിന്നേ
അല്ലല്ല, തെററിപ്പോയി, താരവും നീയും ഭേദം
തെല്ലുമില്ലാത്തോരൊററ ത്തറവാട്ടുകാരാവാം.
ഇഹജീവിതമെന്നു മിരുളും വെളിച്ചവു-
മിടചേർന്നതെന്നോ നീ മർത്ത്യനെപ്പഠിപ്പിപ്പൂ ?
കൊച്ചുനാളിലെന്നമ്മ കൂട്ടുകാരനായ് നിന്നെ
മെച്ചത്തിലെനിക്കേകും കഥ ഞാൻ സ്മരിക്കുന്നു.
കൂടെക്കൂടെയെന്നാലുമെൻ മുററത്തണയുന്ന
കൂരിരുട്ടിനെ യാട്ടിപ്പായിക്കാൻ വരണം നീ.

---

ബട്ടൺ ഇടാത്ത ഒരു സിൽക്ക് ഷർട്ടുകൊണ്ടു് ശരീരം മൂടി രവി അവിടെ നിൽക്കുന്നുണ്ടായിരുന്നു. രവി ചിരിച്ചു എന്നു ഭാവിച്ചു. എന്നാൽ പഴയ പരിശുദ്ധത അതിൽ ചന്ദ്രൻ കണ്ടില്ല. മുൻപിലത്തെ ചൈതന്യം ആ മുഖത്തില്ലായിരുന്നു എന്ന് ചന്ദ്രനു തോന്നി. ഓജസ്സ് നശിച്ച രണ്ടു കുഴികളായിട്ടാണ് ആ ദൃഷ്ടികൾ ചന്ദ്രനു പ്രത്യക്ഷപ്പെട്ടതു്. അവൻെറ ആരോഗ്യം നശിച്ചിട്ടില്ല. അവൻെറ ഉള്ളിൽ നിന്നും തൃപ്തിയും സന്തോഷവും പറന്നു പൊയ്ക്കഴിഞ്ഞിരുന്നു. രവി കൈകൊണ്ടു ചന്ദ്രനെ മാടി വിളിച്ചു. എന്നാൽ രവിയുടെ സമീപത്തു ചന്ദ്രൻ ചെല്ലണമെന്ന് ഉദ്ദേശിച്ചല്ല അതു ചെയ്തതു് എന്ന് ചന്ദ്രനു ഗ്രഹിക്കുന്നതിനു സാധിച്ചു.

ചന്ദ്രന് എന്തു ചെയ്യണമെന്നു തോന്നിയില്ല. അവൻ മരവിച്ചു നിന്നുപോയി. അവൻെറ ദൃഷ്ടികൾ രവിയുടെ മുഖത്തു നാരായംപോലെ ചെന്നു തറച്ചു. കാര്യമറിയാതെ അവൻെറ ഹൃദയം തുടിച്ചു. "ആയുസ്സിൻെറ പകുതിയിൽക്കൂടുതലും ഇനിയും കഴിച്ചുകൂട്ടണമല്ലോ." അവൻെറ ഹൃദയം പൊട്ടിപ്പോകുമെന്ന് അവനു തോന്നി.

അല്പനിമിഷങ്ങൾക്കു ശേഷം നിഷ്കന്മഷവും സ്നേഹപൂർണ്ണവും അനുകമ്പാതരളിതവും ആയ ഒരു ഹൃദയത്തെ വഹിച്ചുകൊണ്ടു് രണ്ടു പാദങ്ങൾ വലിഞ്ഞിഴഞ്ഞു് ആ മഹാസൗധത്തിൽ നിന്നും വെളിയിലേക്കു തിരിച്ചു.

# പൂക്കൾ

ശൂരനാട്ടു കുഞ്ഞൻപിള്ള എം. ഏ. (ഇംഗ്ലീഷ്);
എം. ഏ. (സംസ്കൃതം); എം. ഏ. (മലയാളം.)

വിശ്രമവേളകളിൽ പ്രധാനമായി ഞാൻ പരിശീലിക്കുന്ന ഒരു വിനോദം മനസ്സിൻെറ വികൃതികളെ ആരായുകയാണ്. ഒരു നിമിഷം ഒന്നടങ്ങിയിരിക്കുക, ഒരു ക്ഷണം ഒന്നിൽ സ്ഥിരമായി നിൽക്കുക, എൻെറ മനസ്സിനു സാധ്യമല്ല. ഉറക്കത്തിലുള്ള കഥ എനിക്കറിവില്ല. മനസ്സിനെപ്പോലെ ഒരു വേഷഭ്രാന്തനെയും എനിക്കറിഞ്ഞുകൂടാ. അതിൻെറ രൂപം എന്താണെന്നു ഗാഢമായി ആരാഞ്ഞിട്ടുണ്ട്. എൻെറ സകല ശ്രമങ്ങളും നിഷ്ഫലമായിക്കലാശിച്ചിട്ടേയുള്ളു. അതു് ആനയെപ്പോലിരിക്കും; കടലിനെപ്പോലിരിക്കും; ഇരുട്ടുപോലെയും നിലാവുപോലെയും കാണാകും. ആകാശത്തു മിന്നൽപ്പിണർപോലെയും, ഭൂമുഖത്തെ അലങ്കരിക്കുന്ന മഹാഗിരികളെപ്പോലെയും മാറിമാറി പ്രത്യക്ഷപ്പെടും. ഇങ്ങനെ അരൂപിയായി, ഇങ്ങനെ സർവ്വരൂപിയായി ഒന്നില്ല. വേറൊരു നോട്ടത്തിൽ പൂക്കളിൽ ഒരിടത്തും തങ്ങാതെ എല്ലായിടത്തും പറന്നു നടക്കുന്ന ഒരു പൂമ്പാററയെപ്പോലെയാണ് എൻെറ മനസ്സും.

പൂവും പൂമ്പാററയും — ലോകം മുഴവൻ പൂവും ഞാൻ ഒരു പൂമ്പാററയുമാണ്. അതിരിക്കട്ടെ. വെറും പൂക്കളെപ്പററിത്തന്നെ പറയാം. പൂവെന്നു വേഗം പറഞ്ഞുകഴിഞ്ഞു. എന്നാൽ എൻെറ മനസ്സിനെ ഉന്മദിപ്പിക്കത്തക്ക അജ്ഞാതമായ ദിവ്യശക്തികൾ അതിൽ മാറാതെ കുടികൊള്ളുന്നുണ്ടു്. സൗന്ദര്യത്തിനു് ഒരു രൂപം സിദ്ധിച്ചു, പുണ്യം ഉടൽ കൈക്കൊണ്ടു, നന്മയ്ക്കു സാക്ഷാത്കാരം ഭവിച്ചു, അതാണു പൂവു്. ലോകം സഹിക്കത്തക്കതായി ഭവിക്കുന്നതു് പൂക്കളുടെ സാന്നിധ്യംകൊണ്ടും കൂടെയാണ്. നിശ്ചയമായും എന്നെ സംബന്ധിച്ചിടത്തോളം അങ്ങനെതന്നെ. ഏതു പൂവാകട്ടെ, ആഹ്ലാദം കൂടാതെ എനിക്കു നോക്കാൻ സാധിക്കയില്ല. ഒരു പൂവു മുമ്പിൽ കണ്ടാൽ മതി, ഒരു സൗന്ദര്യസരസ്സ് എൻെറ മുമ്പിൽ ആവിർഭവിക്കും. അതിൽ ആകണ്ഠം മഗ്നമായി എൻെറ മനസ്സ് ഒരു താമരയെപ്പോലെ നിന്നു തപസ്സുചെയ്യും. ആ പൂവിൻെറ മൃദുകിരണങ്ങളേററ് എൻെറ ഹൃദയദലങ്ങൾ വിടന്നുതുടങ്ങും. ആ പൂവിൽ തട്ടിവരുന്ന പ്രണയമാരുതൻ ഇളക്കുന്ന സൗന്ദര്യവാപിയിലെ വികാരതരംഗങ്ങൾ എൻെറ ഹൃദയകമലത്തെമന്ദമായി തലോടി തൃപ്തി കൈക്കൊണ്ടു സായുജ്യം പ്രാപിക്കും. എൻെറ വിചാരങ്ങൾ രാജഹംസങ്ങളെപ്പോലെ ചമഞ്ഞു് ആ വാപികയിൽ നീന്തിക്കളിച്ചു കൃതാർത്ഥങ്ങളാകും. അവററയുടെ ലീലകളിൽ ഭ്രമിച്ച് എൻെറ ഹൃദയം ഒരു ആനന്ദതാണ്ഡവത്തിനു മുതിരും. ആ പരമാനന്ദത്തിൽ മതിമറന്നു മുഴുകി ലയിക്കും.

ഏതു പൂവാകട്ടെ, ആനന്ദം കൂടാതെ, അത്ഭുതം കൂടാതെ, ദിവ്യവും അജ്ഞാത-

വുമായ ഏതോ ചില വികാരങ്ങളുടെ അനുഭൂതി കൂടാതെ നോക്കാൻ നിവൃത്തിയില്ല. ഏതു പൂവെന്നോ? ഏതു പൂവും എന്റെ കണ്ണിനു പുണ്യം തന്നെ. അശോകപുഷ്പം ശൃംഗാരകുംഭമാണ്. രസികതയുടെ ഭാണ്ഡമാണ്. തുങ്ങി നിദ്രാണങ്ങളായ തളിരുകൾ ഉറങ്ങുന്ന മോഹനശിശുക്കളെപ്പോലെ ഹൃദയം കവരും. ആ തളിർക്കലയ്ക്കിടയിൽ സാന്ദ്രമായ ഇലകൾക്കുള്ളിൽ ഒരു പൂങ്കുടം. ഏതു വാക്കുകൾക്ക് ആ സൗന്ദര്യത്തെ പകർത്താൻ ശക്തിയുണ്ട്. രക്തവർണ്ണത്തിലുള്ള ഒരു ചന്ദ്രബിംബം. പൂങ്കുല ഉദ്ഘാഷിച്ചുനിന്ന അശോകലതയെ സീതയെന്നു ഭ്രമിച്ചു വിരഹാതുരനായ ശ്രീരാമൻ പുൽകാൻ ഭാവിക്കെ ലക്ഷ്മണൻ കണ്ണുനീരു പൊഴിച്ചുകൊണ്ട് തടഞ്ഞു. അതാണ് അതിന്റെ അഴക്. തേന്മാവോ? നിറമല്ല മാമ്പൂവിന്റെ ആകർഷണകാരണം. അതിന് അശോകത്തിന്റെയോ ചെന്താമരയുടെയോ റോസിന്റെയോ ചെമ്പരത്തിയുടെയോ മററു വർണ്ണപ്രാധാന്യമുള്ള ഏതെങ്കിലും പൂവിന്റെയോ നിറപ്പകിട്ടില്ല. എങ്കിലും മാവു പൂത്തു നിൽക്കുന്നതു കണ്ടാലോ? പൂ നിറഞ്ഞ ഒരു മാവു രസികതയുടെ കേളീഗൃഹമാണ്. മന്ദമായി വീശുന്ന കാററുകൊണ്ടു പതുക്കെ ഇളകുന്ന പൂങ്കുലകൾകൊണ്ടു കുനിഞ്ഞ ശാഖകളോടെ നൃത്തംചെയ്യുന്ന ഒരു തേന്മാവു് ആരുടെ മനസ്സിനെ ഇളക്കുകയില്ല? ഹൃദ്യമായ ഒരു ലഘുസൗരഭ്യം വായുമണ്ഡലത്തെ ആരാധിച്ചുകൊണ്ടു വ്യാപിക്കും. പൂത്തുനിൽക്കുന്ന ഒരു മാവു് പ്രകൃതിയുടെ ഒരു കുസുമസൗധമാണ്. കവിതാദേവിയുടെ വിലാസരംഗമാണ്.

മററ് അനവധി പൂമരങ്ങളുടെ കൂട്ടത്തിൽ കൊന്നയുടെയും വാകയുടെയും സ്ഥാനം പ്രശസ്തമാണ്. രണ്ടുതരം കൊന്നകൾ ഞാൻ കണ്ടിട്ടുണ്ട്. കണിക്കൊന്നയും തങ്കക്കൊന്നയും. രണ്ടും തങ്കനിറമാണ്; തങ്കം മഞ്ഞളിക്കുന്ന സുവർണ്ണഭംഗി രണ്ടിനും ഉണ്ട്. എങ്കിലും തങ്കക്കൊന്നയ്ക്കാണ് ഒന്നുകൂടെ നിറപ്പകിട്ട്, ഒന്നുകൂടെ ആകർഷണീയത. കട്ടത്ത പച്ചനിറത്തിലുള്ള ഇലകളും അത്യന്തം മോഹനമായ മഞ്ഞനിറത്തിലുള്ള പൂക്കളും ഇടതിങ്ങി നിറഞ്ഞു നിൽക്കുന്നതു് അത്ഭുതമായ ഒരു കാഴ്ചയാണ്. കൊന്നയുടെ സൗന്ദര്യത്തെ വെല്ലുവിളിക്കാൻ വാകയ്ക്കേ സാധിയ്ക്കൂ. "നെന്മേനിവാകതൻ പുഷ്പം നിന്മേനിയ്ക്കൊപ്പമാം പ്രിയേ" എന്നു പറഞ്ഞ രസികാഗ്രണി തന്റെ പ്രണയിനിക്ക് എന്തൊരു ബഹുമാനമാണ് സമാർജ്ജിച്ചതു്. പൂത്തുനിൽക്കുന്ന വാക കണ്ടു നോക്കാതെ, അത്ഭുതപ്പെട്ടു മനസ്സലിഞ്ഞുപോകാതെ വല്ലവരും ഉണ്ടോ? ഉണ്ടായിരിക്കും. എന്നാൽ അവരെപ്പററി എന്താണു പറയുക?— മഹാപാപികൾ. തലയിലെഴുത്തു പിഴച്ച ഭാഗ്യഹീനന്മാർ. വിടർത്തിപ്പിടിച്ച വിസ്തൃതമായ ശാഖകളിൽ നിറച്ചു ചുവന്നതും, ഇടയ്ക്കിടെ അല്പം വർണ്ണവ്യത്യാസമുള്ളതുമായ പുഷ്പവിതാനം അണിഞ്ഞു, വിലസുന്ന വാകമരം സൗന്ദര്യോത്സവത്തിലെ പട്ടുകുടയാണ്. വിചാരനടന്മാർ നിത്യനൃത്തം ചെയ്യുന്ന മനോരംഗത്തിലേ സങ്കല്പയവനികയിൽ മോടിപിടിപ്പിക്കുന്ന ചില ചിത്രങ്ങളുണ്ട്—സന്ധ്യാമേഘത്തിന്റെയും ഇന്ദ്രധനുസ്സിന്റെയും ഗംഭീരമായ സാഗരത്തിന്റെയും ഉഷഃപ്രഭയുടെയും മനോജ്ഞവർണ്ണങ്ങൾ ചന്ദ്രി

കയിൽ അരച്ച് എഴുതിയിട്ടുള്ള ചിത്രങ്ങൾ. അമ്മാതിരി ഉജ്ജ്വലചിത്രങ്ങളുടെ മൂലവസ്തുവാണു വാക. പൂക്കൾ വിരിഞ്ഞുതുടങ്ങിയാൽ ഏതാനും ദിവസങ്ങൾക്കുള്ളിൽ വാകയുടെ മൂട്ടു കൊഴിഞ്ഞുവീഴുന്ന പുഷ്പങ്ങൾകൊണ്ടു ചെമ്പട്ടു വിരിച്ചതുപോലെ ആയിത്തീരും. അവിടമാണു പ്രകൃതിയിലെ ദിവ്യക്ഷേത്രം.

പൂക്കളുടെ കൂട്ടത്തിൽ രണ്ടിനമാണു് ഭൂമിക്കു സ്വർഗ്ഗരസികത ചേർക്കുന്നതു്. അവയാണു് പ്രകൃതിയുടെ വിശിഷ്ടാഭരണങ്ങൾ. ഇവിടെ സൂചിപ്പിക്കുന്നതു താമരയും റോസുമാണു്. താമര പുഷ്പലോകത്തിലെ മഹാരാജ്ഞിയാണു്. റോസു ചക്രവർത്തിതന്നെ. താമരയെപ്പോലെ ഭാരതീയകവികളുടെ പ്രശംസ സമാർജ്ജിച്ചിട്ടുള്ള പുഷ്പം വേറെയില്ല. താമരയെപ്പററി പരാമർശമില്ലാത്ത ഒരു കവിതയും നമുക്കില്ല. വിഷ്ണു പത്മനാഭനാണു്. ബ്രഹ്മാവു പത്മസംഭവനാണു്. ലക്ഷ്മി കമലജയാണു്. കാമൻ പത്മാസ്ത്രനാണു്. ശിവനു വിശേഷിച്ചു താമരയോടു പ്രതിപത്തിയോ ബന്ധമോ ഇല്ല. അതു പോകട്ടെ. കുസുമാസ്ത്രവൈരിയായ ഭഗവാനു് പൂവിനോടു് ഇഷ്ടമെങ്ങനെ? അവിടത്തേക്കു കൂവളത്തിന്റെ ദലം മതി. കൈതപ്പൂവു കണ്ടുകൂടാ. ആകണ്ഠം ജലത്തിൽ നിന്നു തപസ്സുചെയ്താലെന്തു്, മുൾക്കൂട്ടിലിരുന്നു ധ്യാനിച്ചാലെന്തു്, കമലത്തിനോടും കേതകിയോടും ആ ഭഗവാൻ കാരുണ്യം കാണിക്കയില്ല. എന്നാൽ ഹീനമായ തുമ്പപ്പൂവു തലയിൽ ചൂടും. ആ ദാക്ഷിണ്യകഥ നില്ക്കട്ടെ. ഗിരീശനായ ആ ദേവനു പത്മസരസ്സുകളോടു് ആഭിമുഖ്യമില്ലാത്തതു ശരിതന്നെ. എന്നാൽ തലയിലണിയുന്ന ഗംഗയിൽ പത്മങ്ങൾ കാണുകയില്ലേ? പോകട്ടെ. അവിടെ ചന്ദ്രനുണ്ടു്. അമൃതകിരണങ്ങൾ പത്മിനിയുടെ പാതിവ്രത്യം ഹരിക്കും. വേണ്ട, വേണ്ട. അക്കഥ സംഹാരമൂർത്തിയുടെ കോപത്തെ ഉജ്ജ്വലിപ്പിക്കും. താമര. അതിനെപ്പററിയേ എനിക്കു പറയാനുള്ളു. താണിടത്തു് ഉദിച്ച സുന്ദരിയല്ലേ? ജലസൃഷ്ടിക്കു സാഫല്യം സിദ്ധിച്ചതു് അതിൽ താമര വളർന്നുകൊണ്ടു തന്നെയാണു്. ചെന്താമരയാകട്ടെ, വെൺതാമരയാകട്ടെ, അതു പ്രകൃതിദേവി സൗന്ദര്യാമൃതം പകർന്നു വയ്ക്കുന്ന മനോഹരഭാജനമാണു്. അതു കമലാഭഗവതി മാത്രമല്ല, കവിതാഭഗവതിയും ജനിച്ച വീടാണു്. ഒരു പത്മസരസ്സാണോ, പൂർണ്ണചന്ദ്രനും നക്ഷത്രങ്ങളുംകൊണ്ടു ശോഭിക്കുന്ന ആകാശമാണോ അധികം മനോഹരമെന്നു തീർത്തു പറയുക സാദ്ധ്യമല്ല.

അങ്ങോട്ടു നോക്കുക ചുവപ്പു കറുപ്പു പച്ച-
യെന്നീ നിറങ്ങളിടതിങ്ങിയൊരംബരാന്തം
ചെന്താരുമാമ്പലുമൊരേ സമയം വിരിഞ്ഞു
പൊങ്ങുന്ന പൊയ്കയുടെ ചന്തമിയന്നിടുന്നു

എന്നു സന്ധ്യാംബരത്തെ ചിത്രണം ചെയ്ത ഭാവം കേമം തന്നെ. ചെന്താരും ആമ്പലും; സഗോത്രകൾ, സഹോദരിമാർ. മൂത്തവൾ സൂര്യനിൽ പ്രണയബദ്ധ; അനുജത്തി ചന്ദ്രഭഗവാന്റെ കളത്രം. അത്രയേ ഉള്ളൂ ഭേദം. ഇവരോടു കുടുംബബന്ധമുള്ള തോഴിയാണു് നീലോല്പലം. അവളുടെ വർണ്ണധാടി മെച്ചമാണു്. പൂങ്കുല ഒരു പൂച്ചെണ്ടുപോലെയാണു്. നടുക്കു് അല്പം സ്വർണ്ണനിറവും, ചുററും നല്ല നീലവും. കുളം നിറയെ പൂത്തുനിന്നാൽ അതു ദേവന്മാർക്കും കൗതുകകരമായ കാഴ്ചയാണു്. ഇളംകാററിൽ ഇളകുന്ന

നീലോല്പലവനത്തിലാണ സൌന്ദൎയ്യ ദേവത നൃത്തം ചെയ്യുന്നതു്.

താമരയെപ്പററി തുടങ്ങി പ്രസ്ക്താനുപ്രസക്തമായി ചിലതു പറഞ്ഞുപോയി. റോസിൻെറ കാന്തി വിസ്മരിച്ചില്ല. തുല്യമില്ലാത്ത സുഷമാപൂരമാണ റോസിൽ വിളയാടുന്നതു്. റോസിനെപ്പററി പറയുമ്പോൾ വൎണ്ണപ്രകഷമെന്നല്ല പറയേണ്ടതു്, സ്വൎഗ്ഗീയസുഷമയെന്നാണു്. ഏതു റോസിനെപ്പററിയാണു്? അതിൽ വെള്ളയും മഞ്ഞയും നല്ല ചുവപ്പും മററനവധി വൎണ്ണങ്ങളിൽ പ്രസിദ്ധമായ ഇനങ്ങളും ഉണ്ടു്. ഇളംചുവപ്പു്, മഴവില്ലിൻെറ അതികിൽത്തങ്ങിനിൽക്കുന്ന നേരിയ രാഗരശ്മിയുടെ നിറം, ഇളം പുല്ലിൻെറ അററത്തു തങ്ങിനിൽക്കുന്ന മഞ്ഞുതുള്ളിയിൽ സൂൎയ്യൻെറ പ്രഥമരശ്മിതട്ടിപ്പുറപ്പെടുന്ന ചുവപ്പു്,അതിലും ഭംഗിയുള്ള ഒരു നിറം, "സാന്ധ്യം തേജഃ പ്രതിനവജപാപുഷ്പരക്തം," അതുതന്നെ-ആ നിറമുള്ള റോസാണു്—ജപാപുഷ്പമാണു് എനിക്കു് ഇഷ്ടം. ആ ഭംഗിയുടെ ഒരംശം കാനയ്ക്കില്ല, ബന്തിയ്ക്കില്ല, ചെമ്പരത്തിയ്ക്കില്ല, രാജമല്ലിയ്ക്കില്ല, ജമന്തിയ്ക്കും പൂച്ചെടിയ്ക്കും ഇല്ല, അരളിയ്ക്കുമില്ല; ഞാൻ താരതമ്യത്തിനു ഭാവിക്കുന്നില്ല—ആ ഭംഗി—ആ ചേതോഹാരിത അല്പംപോലും സൂൎയ്യകാന്തിയ്ക്കില്ല. അതിൻെറ രസികത—മാൎദ്ദവം - സൌരഭ്യത്തിൻെറ ഹൃദ്യത- വേറെ ഒന്നിനുമില്ല. ആ പൂവു് ആ മുൾച്ചെടിക്കു് ഒരു രത്നകിരീടമാണു്. ഇത്ര അഴകേറിയ ഒരു സമ്പാദ്യമുള്ള ഈ ചെടിയെ സസ്യലോകം മുഴുവൻ അസൂയപ്പെടും. താമര വെള്ളത്തിൽ പോയി തപസ്സു ചെയ്യുന്നതു് റോസിൻെറ പകിട്ടിൽനിന്നു സിദ്ധിച്ച പരാഭവംകൊണ്ടായിരിക്കണം. ഇതു രണ്ടുംകൂടെ ഒരുമിച്ചുവരുന്നെങ്കിൽ. താമരയുടെ ആകൃതിയും റോസിൻെറ രസികതയും കൂടെ സമ്മേളിച്ചെങ്കിൽ.

പ്രായേണ സാമഗ്ര്യവിധൌ ഗുണാനാം
പരാങ്മുഖീ വിശ്വസൃജഃ പ്രവൃത്തിഃ.

ഗുണസമ്പൂൎണ്ണതയിൽ ഈശ്വരസൃഷ്ടി പരാങ്മുഖമാണു്. കാളിദാസൻെറ ഈ പദ്യഭാഗം വേറൊരു കാൎയ്യംകൂടി ഓൎമ്മിപ്പിക്കുന്നു. മഹാകവി ഈ അഭിപ്രായം സൂചിപ്പിക്കുന്നതു് കൎണ്ണികാരപുഷ്പങ്ങളെപ്പററി വൎണ്ണിക്കുമ്പോഴാണു്. വൎണ്ണപ്രകൎഷമുണ്ടെങ്കിലും ആ പൂവിനു് സൌഗന്ധ്യം ഇല്ലാത്തതു പോരായ്മയെന്നാണ കാളിദാസൻെറ അഭിപ്രായം. നിറവും മണവുമാണല്ലോ പൂക്കളുടെ സൎവ്വപ്രധാനമായ രണ്ടു ഗുണം. ഇതുരണ്ടും ഒരുപോലെ വിശിഷ്ടമായി സിദ്ധിച്ചിട്ടുള്ളതു റോസിനു മാത്രമാണു്. എനിക്കു പൂക്കളുടെ കാൎയ്യത്തിൽ നിറമാണ പ്രധാനമായ നോട്ടം. മററു പലൎക്കും മണമാണ കാൎയ്യം. "നിൎഗ്ഗന്ധകുസുമം" എന്ന പഴമൊഴിയിൽ നിന്നു് ഈ രുചിവ്യത്യാസം സ്പഷ്ടമാകും. അങ്ങനെ പറയാനില്ല, തുളസിയുടെ മണവും മുരുക്കിൻ പൂവിൻെറ നിറവുമായി,തുളസിയുടെ മണമാണു് എനിക്കുപോലും ഇഷ്ടം. കൺകുത്തിപ്പൂവിനെപ്പോലെ വൎണ്ണോൽകഷമുള്ള പൂക്കളും ചുരുങ്ങും. എന്നാൽ, അതിൻെറ പേരുതന്നെ മലയാളികൾക്കു് അതിൻെറ നേരെയുള്ള ഭയത്തെ സൂചിപ്പിക്കുന്നു. പൂ പറിച്ചാൽ മണപ്പിക്കാത്തവരില്ല. വാസനയെ ഉദ്ദേശിച്ചാണല്ലോ അപ്രകാരം ചെയ്യുന്നതു്. തലയിൽ അണിയുന്നതും മണംകൂടെ പുര

സ്മരിച്ചാണ്. വർണ്ണഭംഗിക്കു വേണ്ടിയല്ലെന്നുപറയാനും പാടില്ല. പാർവ്വതി ആദ്യം ശിവനെ കാണാൻ പോയവിധം കാളിദാസൻെറ ദിവ്യമായ തൂലിക എങ്ങനെ പ്രദർശിപ്പിക്കുന്നു? പത്മരാഗത്തെ തിരസ്കരിക്കുന്ന അശോകപുഷ്പവും, സ്വർണ്ണശോഭയെ വെല്ലുന്ന കർണ്ണികാരകുസുമവും, മുക്താകലാപസദൃശമായ സിന്ധുവാരവും അണിഞ്ഞാണ് ആ ദേവി ശിവപ്രേമസമാർജ്ജനത്തിനു പോകുന്നതു്. ഇവിടെ വർണ്ണപ്രൗഢിതന്നെ വസന്താഭരണങ്ങൾക്കു മെച്ചം. ഇന്നു കനകാംബരം നമ്മുടെ സുന്ദരിമാർ തലയിൽ ചൂടുന്നതും നിറത്തിനു മേന്മ കല്പിച്ചിട്ടാണല്ലോ. അതങ്ങനെ നില്ക്കട്ടെ. നിറമായാലും മണമായാലും ഗുണമായാലും റോസിനു തുല്യം അതുതന്നെയെന്നു നിശ്ചയമാണ്.

മണത്തെപ്പററി പറയുമ്പോൾ കൈതപ്പൂവു പോകട്ടെ, വൃക്ഷങ്ങളിൽ ഇലഞ്ഞിയുടെ കാര്യം വിശേഷമായി സ്മരിക്കണം. ഇലഞ്ഞി ആകപ്പാടെ നോക്കിയാൽ ഉത്കൃഷ്ടമായ ഒരു വൃക്ഷമാണ്. അതിൻെറ പൂക്കളുടെ മണവും അതിൻെറ തണലും പ്രത്യേകമാണ്. പുന്നപ്പൂവിൻെറ ഭംഗിയും അതിൻെറ മണവും മലയാളികൾക്കു് അത്ര പിടിച്ചിട്ടുണ്ടെന്നു പറയാവതല്ല. "പുന്നപ്പൂവിൻ പരിമളഭൃതാ മാരുതേനാനുയാതഃ" എന്നു് ഉണ്ണുനീലീസന്ദേശത്തിൽ പറഞ്ഞിട്ടുണ്ട്. എന്നാൽ കവികൾ ഏറിയകൂറും ചെമ്പകത്തെ പുകഴ്ത്തുന്നതിലേ താൽപര്യം കാണിച്ചിട്ടുള്ളു. ചെമ്പകത്തിനോടുള്ള ബഹുമാനംകൊണ്ടു റോസിനു പനിനീർ ചെമ്പകമെന്നു പേരിട്ടു.

യുവാവിവൻ കൈയ്യു പിടിച്ച തന്വിയോ
സുവാസിതാശാതടചമ്പകാംഗിയാം"എന്നാണ് രാധാദേവിയെ വർണ്ണിക്കുന്നതു്. ആ കാവ്യപരിമളം!

മലയാളികൾക്കു് ഏററവും ഇഷ്ടമുള്ള പൂക്കൾ മുല്ലയും പിച്ചിയുമാണ്. "മുല്ലപ്പൂമ്പൊടിയേററുകിടക്കും കല്ലിനുമുണ്ടാമൊരു സൗരഭ്യം" എന്നും "പിച്ചിപ്പൂവിനോടു ചേർന്ന് വാഴനാരിനും മോക്ഷം" എന്നുമുള്ള പഴഞ്ചൊല്ലുകൾ തന്നെ ഈ പൂക്കളോടു നമുക്കുള്ള ബഹുമാനം സ്പഷ്ടമാക്കും.

പൂക്കുന്നിതാ മുല്ല പൂക്കുന്നിലഞ്ഞി
പൂക്കുന്നു തേന്മാവു പൂക്കുന്നശോകം.

നമ്മുടെ പൂങ്കാലത്തിൻെറ സൗരഭ്യവും സൗന്ദര്യവും.

ഓമൽപ്പിച്ചിച്ചെടിലത മരുല്ലോളിതാ വഷബിന്ദു
സ്തോമക്കിന്നാ പുതുമലർ പതുക്കെ സ്ഫുടിപ്പിച്ചിട്ടുമ്പോൾ

എന്തൊരു മനോഹാരിതയാണ്. കടലാസിനു തുല്യമാം വെളുപ്പും കിടയില്ലാത്തൊരു തൂമണത്തഴപ്പും, തടവീടിന പൂക്കും പൂത്തു മാവിൽപ്പടരുന്ന മുല്ല നമ്മുടെ കവികൾക്കും— മുല്ലയെ സംബന്ധിച്ചിടത്തോളം നമ്മെളെല്ലാം കവികൾതന്നെ—നമുക്കും, നമ്മുടെ സുന്ദരിമാർക്കും എത്ര ഇഷ്ടമാണ്. ലോകോത്തര വൈശിഷ്ട്യമുള്ള ശാകുന്തളം നാടകത്തിലെ മൗനപാത്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് മുല്ലവല്ലി. തൻെറ വിരഹദശയിൽ ജാതാനുകമ്പയായ ജാതീസുമത്തിനോട്, സ്വപ്രേയസി കബരീഭാരത്തിലണിയുമ്പോൾ തൻെറ മനോവേദന ആ സുന്ദരിയുടെ കർണ്ണത്തിൽ മന്ത്രിച്ചേക്കണമെന്നു ദൗത്യാഭ്യർത്ഥന ചെയ്യു കവിയുടെ ഭാവനാരസികത!

ഇങ്ങനെ പൂക്കളെപ്പററി ഓരോന്നു പറഞ്ഞു തുടങ്ങിയാൽ അതിന് അവസാനമില്ല. എത്ര വർണ്ണങ്ങളാണ്, എത്ര ആകൃതികളാണ്, ഏതെല്ലാം വിധമായ സൗരഭ്യഭേദങ്ങളാണ് നമുക്കു മുമ്പിൽ അവതരിക്കുന്നതു്? വയലിൽ നെല്ലിൽപ്പടന്നു കയറുന്ന വയൽക്കാക്കാപ്പൂവിനും, വന്യാവസ്ഥയിൽ ഇന്നും കഴിയുന്ന കായാമ്പൂവിനും, അടമ്പിനും നാം ഗൗരവമായി വളർത്തുന്ന ശംഖുപുഷ്പത്തെക്കാൾ ശോഭയുണ്ടു്. കാട്ടുപൂക്കളിൽ ഒന്നായ കലതിപ്പൂവ് റോസിൻെറ ഗോത്രത്തിലുൾപ്പെട്ടതാണെന്നു പറയത്തക്ക ഭംഗിയുള്ളതാണ്. അതുകൊണ്ടു് ഓരോന്നിനെപ്പററി പ്രത്യേകിച്ചു പറയാതെ പുഷ്പലോകത്തെ സ്തുതിച്ചുകൊണ്ടു വിരമിക്കാനെസാധിക്കൂ.

ഏതു പൂവിനും ഒരു സന്ദേശമുണ്ടു്. ലോകത്തിൻെറ രഹസ്യം അറിഞ്ഞുപറയാൻ തിടുക്കുന്ന ഒരു മന്ദഹാസം അവയിൽ തങ്ങി നിൽക്കുന്നുണ്ടു്. ശാശ്വതസത്യത്തിൻെറയും നിത്യസൗന്ദര്യത്തിൻെറയും ലോകശാന്തിയുടെയും മഹാമുദ്രകൾ അവയിൽ സ്പഷ്ടമായി കാണാവുന്നതാണ്. സസ്യലോകശിരസ്സിൽ നിന്നുകൊണ്ടു് അവ ഇങ്ങനെ ഉച്ചത്തിൽ ഘോഷിക്കുന്നു. "ഞങ്ങൾ സസ്യലോകത്തിൻെറ രാജ്ഞിമാരാണ്. നിത്യാഹ്ലാദമാണ്, സൗന്ദര്യവിലാസമാണ് ഞങ്ങളുടെ ജീവിതവ്രതം. ഞങ്ങളെ ഉച്ചത്തിൽ പിടിച്ചു മാഹാത്മ്യപ്രഖ്യാപനം ചെയ്യുന്ന ചെടികൾ സൗന്ദര്യസിദ്ധിക്കുവേണ്ടി ആത്മത്യാഗം അഭ്യസിക്കുന്നു. ഞങ്ങളുടെ വർണ്ണവും ഞങ്ങളുടെ സൗരഭ്യവും അവരുടെ ധ്യാനശക്തിയുടെ, അവരുടെ ഭാവനയുടെ, സാക്ഷാത്കാരങ്ങൾ മാത്രമാണ്. ഒന്നോർത്താൽ ഞങ്ങൾ അവരുടെ മനോഹരങ്ങളായ സ്വപ്നങ്ങളാണ്. അവരുടെ മനസ്സിൽ അവ പൂർണ്ണസ്വരൂപം കൈക്കൊള്ളുമ്പോൾ ഈശ്വരപാദങ്ങളിലർപ്പിച്ചു കൃതാർത്ഥത നേടാനായി അവർ ഞങ്ങളുടെ രൂപത്തിൽ ആ ധ്യാനങ്ങളെ പ്രകാശിപ്പിക്കുന്നുവെന്നേയുള്ളു. ആ വിധത്തിൽ ഞങ്ങൾ ലോകത്തിൻെറ മാതൃകകളാണ്. അജ്ഞാതമായ ഏതോ ഒരു ദിവ്യശക്തിയുടെ സ്വപ്നങ്ങളാണ് സ്വരൂപം സിദ്ധിച്ചു് ഈ ലോകമായി പരിണമിച്ചതെന്നു മനസ്സിലാക്കണം. ഞങ്ങളുടെ മനോഹരമായ ശരീരകാന്തിയും വിശ്വമോഹനമായ സൗരഭ്യശക്തിയും അപഗ്രഥിച്ചുനോക്കുന്നവർക്കു് ആശാഹാനി സംഭവിക്കും. അടുത്തുനോക്കുമ്പോഴേക്കും ഞങ്ങളുടെ നിറവും ഞങ്ങളുടെ മണവും ഇല്ലാതാകും. ഞങ്ങൾ തന്നെ ശൂന്യതയിൽ അലിഞ്ഞുചേരും. ഞങ്ങൾ സസ്യലോകത്തിൻെറ മധുരസ്വപ്നങ്ങളാണെന്നു് അപ്പോൾ ബോധ്യമാകും. ഞങ്ങളുടെ മന്ദഹാസം, മാറാത്ത സന്തോഷം, അഴലിൽ കരുത്തതാണ്. 'ചേറിൽ കരുത്ത താമരയാണ് ഞാൻ. മുള്ളിനിടയിൽ വിരിഞ്ഞ കൈതയാണ് ഞാൻ' എന്നൊക്കെ ഞങ്ങളിലോരോരുത്തർക്കും പറയാൻ കഴിയും. എന്നാൽ ഞങ്ങളെല്ലാവരും ചിരിക്കും. പക്ഷേ, ഞങ്ങളുടെ ചിരിയുടെ അർത്ഥം നിങ്ങൾ തെററിധരിച്ചേക്കരുതു്. ഞങ്ങൾ മിത്ഥ്യാസ്വപ്നങ്ങളാണെന്നും, ഞങ്ങളുടെ സൗന്ദര്യവും അഭിമാനവും ഇല്ലായ്മയിൽനിന്ന് ഉദിച്ചു് ഇല്ലായ്മയിലേക്കു മറയുന്നതാ

ണ്ണെന്നും ബോധ്യമായിട്ടാണ് ഞങ്ങൾ ചിരിക്കുന്നത്. ഞങ്ങളുടെ മന്ദഹാസത്തിനുള്ളിൽ ഒരു തുള്ളി കണ്ണീരു മാറാതെ ഉണ്ടായിരിക്കും. പ്രണയതപസ്വിനിയായ പത്മിനി സൂര്യ്യനെ സ്വാഗതം ചെയ്യാൻ രാവിലെ മന്ദഹാസം പൊഴിക്കുന്നത് ഒരു തുള്ളിക്കണ്ണീരോടു കൂടിയാണ്. റോസിന്റെ മോഹനദലങ്ങളിൽ തങ്ങിനിൽക്കുന്ന ബാഷ്പബിന്ദു നോക്കാതെ വിട്ടുകളയരുത്. സുഖനിദ്രയിൽ ലയിച്ചതുപോലെ തൂങ്ങിക്കിടക്കുന്ന കൈതപ്പൂവും കണ്ണീരു പൊഴിക്കാതെ ഇരിക്കുന്നില്ല. എന്നാൽ ഞങ്ങളുടെ അഴൽ ശൂന്യതയുടെ ബന്ധുവായതുകൊണ്ടു ഞങ്ങൾ അതു വകവയ്ക്കാറില്ല. അതുകൊണ്ടാണ് ഞങ്ങൾ ശാന്തിക്കും, ആഹ്ലാദത്തിനും, സംതൃപ്തിക്കും പര്യ്യായങ്ങളായി ശോഭിക്കുന്നത്. ഞങ്ങളുടെ സ്ഥിതിയുടെ അർത്ഥത്തെപ്പററി ഞങ്ങൾക്കു ചോദിക്കാനവകാശമില്ല. ഞങ്ങൾക്കു ആഹ്ലാദനിഷ്ഠയുണ്ട്. ഞങ്ങളുടെ മണം വായുവിനും നിറം മണ്ണിനും കൊടുത്തിട്ടു തുലയുന്നതിനു മുമ്പു ചിലതെല്ലാം ചെയ്യണമെന്നും ഞങ്ങൾക്കു വ്രതമുണ്ട്. ഞങ്ങൾ സ്വപ്നസംഭൃതങ്ങളാണെന്നിരിക്കട്ടെ. ഞങ്ങൾ അടുത്ത ക്ഷണത്തിൽ വിലയം പ്രാപിക്കുമെന്നുമിരിക്കട്ടെ. ഏതാനും നിമിഷത്തേയ്ക്കു നീണ്ടുനിൽക്കുന്ന ജീവിതംകൊണ്ടു ചിലതെല്ലാം സാധിക്കണമെന്നു ഞങ്ങൾക്കു നിർബന്ധമുണ്ട്. ഞങ്ങളുടെ ജന്മസ്ഥാനത്തെ ഞങ്ങൾ പ്രശസ്തമാക്കും; ശോഭാവഹമാക്കും, ബഹുമാനസമ്പന്നമാക്കും. ആർക്കും ഞങ്ങൾ ആഹ്ലാദം നൽകും. ഒരു തുള്ളി തേനില്ലാത്തവരായി ഞങ്ങളിൽ ആരുമില്ല. അതു ലോകത്തിനു നൽകി ഞങ്ങൾ തൃപ്തി സമ്പാദിക്കും. ആ മധു ഞങ്ങളുടെ തപസ്സിന്റെ ഫലമാണെന്നു കരുതണം. അതു ഞങ്ങളുടെ ഹൃദയത്തിലെ സുധയാണ്. ഞങ്ങളുടെ സൗന്ദര്യ്യസന്ദേശത്തെ ലോകത്തിലെങ്ങും പരത്തുന്ന വണ്ടുകൾക്ക് അതാണ് ഞങ്ങൾ പ്രതിഫലമായി കൊടുക്കുന്നത്. ഞങ്ങൾക്കു വേറൊരുകാര്യ്യത്തിലും നിഷ്ഠയുണ്ട്. ഞങ്ങൾ സസ്യലോകത്തിന്റെയാകട്ടെ, മനുഷ്യലോകത്തിന്റെയാകട്ടെ, ശിരോലങ്കാരമാകാനേ ശീലിച്ചിട്ടുള്ളൂ. ആരാധനയോടുകൂടിയല്ലാതെ ആരും ഞങ്ങളെ നോക്കാറില്ല. ലോകത്തിൽ അനുഗ്രഹവർഷം ചെയ്യാനേ ഞങ്ങൾക്കു വശമുള്ളൂ. ഞങ്ങൾ നിത്യസത്യത്തിന്റെയും നിത്യാനന്ദത്തിന്റെയും പ്രതിമകളാണ്. ഞങ്ങൾ ലോകസുഖത്തിനു തപസ്സുചെയ്തു നിത്യവിലയം പ്രാപിക്കും. അതാണു ഞങ്ങളുടെ കൃതാർത്ഥത.''

ഈ ദിവ്യസന്ദേശമാണു പൂക്കൾ എനിക്കു നൽകിയിട്ടുള്ളത്. ആവയുടെ ദിവ്യപ്രതിമകൾ, അവയുടെ വർണ്ണഭംഗിയും സൗരഭ്യവും, മാറാതെ എന്റെ ഹൃദയത്തെ പ്രദക്ഷിണംചെയ്തു സമാരാധിക്കുന്നുണ്ട്. ആ ആരാധനയിൽ ഞാൻ ആഹ്ലാദിക്കുന്നു.

# "ശകുന്തളയും ഡസ്ഡിമോണയും"

പി. ശേഷാദ്രിഅയ്യർ ബി. എ. എം. എൽ.

പാശ്ചാത്യനാടകകർത്താക്കളിൽ അഗ്രിമസ്ഥാനം വഹിക്കുന്ന ഷേക്സ്പീയരുടെ ഒരു കഥാപാത്രവും പൗരസ്ത്യനാടകകാരന്മാരിൽ പ്രഥമഗണനീയനായ കാളിദാസൻെറ ഒരു കഥാപാത്രവും തമ്മിലുള്ള ഒരു താരതമ്യപഠനമാണു പ്രസ്തുതവിഷയം. ശകുന്തളയെപ്പററി അറിയാത്തവരില്ല. ഒഥല്ലോ എന്ന അതിപ്രശസ്തമായ ഒരു നാടകത്തിലെ നായികയാണു ഡെസ്ഡിമോണ. ഈ നായികമാരെ പരസ്പരം ഉപമിക്കാമെന്നുവരികിലും ഇരുവരും ഒരുപോലെ സാദൃശ്യമുള്ളവരല്ല. ഉപമിക്കാവുന്ന വസ്തുതകൾ എന്തെന്നു് ആദ്യമായി പരിശോധിക്കാം.

ഇരുവരും ഗുരുജനങ്ങളുടെ അനുവാദം ചോദിക്കാതെ "ബോധിച്ചപോൽ... ......രഹസ്യമായി" ആത്മസമർപ്പണം ചെയ്തവരാണു്. ഗൗതമി ശകുന്തളയെ സംബന്ധിച്ചു് ദുഷ്യന്തനോടു പറയുന്ന വാക്കുകൾ ഡെസ്ഡിമോണയെ സംബന്ധിച്ചു് ഒഥല്ലയോടും പറയാം.

"നാപേക്ഷിതോ ഗുരുജനോഽനയാ
ത്വയാപിന പൃഷ്ടോ ബന്ധുഃ
ഏകൈകമേവചരിതേ ഭണാമി
കിമേകമേകസ്യ"

രണ്ടുപേരും വീരപുരുഷന്മാരെ സ്വയം വരിച്ചു. രണ്ടുപേരുടെയും 'ദുരാരോഹിണി'യായ 'ആശാലത' മഹാമഹീരുഹത്തെ അവലംബിച്ചു് ഉയരാൻ ശ്രമിക്കുന്നു. വീരമന്ത്രത്തിലുള്ള മോഹം ഡെസ്ഡിമോണയിൽ പരിസ്ഫുടമാണു്. ശകുന്തളയിൽ അത്രമാത്രം ഇല്ല. ഒഥല്ലോ കൃഷ്ണവർണ്ണനാണു്. അതുകൊണ്ടു് ഇററലിയിലെ ഒരു കോമളകന്യകയ്ക്കു ഗണനീയനല്ല. എന്നാൽ രൂപമോഹത്തെക്കാൾ വീര്യമോഹം നാരീഹൃദയത്തിൽ ബലവത്തരമാണു്. പഞ്ചഭർത്തൃകയായ ദ്രൗപദിയെ അർജ്ജുനനിൽ കൂടുതൽ അനുരക്തയാക്കിയ മഹാകവി ഈ തത്ത്വം മനസ്സിലാക്കിയിരുന്നു. ഈ ഗൂഢതത്ത്വം തന്നെയാണു് ഡെസ്ഡിമോണയെ സൃഷ്ടിച്ച മഹാകവിയും നമ്മെ അനുസ്മരിപ്പിക്കുന്നതു്.

രണ്ടു നായികമാരുടെയും ആശാലത അല്പംകഴിഞ്ഞു് ഭഗ്നമാകുന്നു. രണ്ടുപേരും ആത്മനാഥന്മാരാൽ പരിത്യജിക്കപ്പെടുന്നു. നൃശംസതയുടെ പരിപൂർണ്ണതയാണു് അവിടെ വെളിവാകുന്നതു്. അതിക്രമിച്ച അനാദരത്താലും നൃശംസതയാലും പീഡ സ്വയംവരിക്കുന്ന ആളുകൾ ധാരാളമുണ്ടു്. എന്നാൽ ഈ പീഡ അമംഗളത്തെയാണു സൂചിപ്പിക്കുന്നതു് എന്നു പറയാൻ പാടില്ല. മനുഷ്യപ്രകൃതിയിലുള്ള ഉത്കൃഷ്ടാശയങ്ങൾ ഏതാദൃശാവസ്ഥയിലാണു പ്രകാശിതമാകുന്നതു്. ഇവിടെയാണു മനുഷ്യസംസ്കാരത്തിൻെറ ബീജം നിലകൊള്ളുന്നതു്. കാവ്യത്തിൻെറ പ്രധാനോദ്ദേശം ഇവിടെ നിർവ്വഹിക്കുന്നു. ഡെസ്ഡിമോണയുടെ ഭാഗ്യത്താലോ ദുർഭാഗ്യത്താലോ ഒരു പ്രത്യേക മനോവൃത്തിയുടെ സ്ഫുരണം ലോകരെ അറിയിക്കാൻ ഇടയായി. ശകുന്തളയ്ക്കും

ഇതുപോലെ ഒരവസരം ലഭിച്ചു. പ്രേമഭാജനങ്ങളായ പതിമാരെ വേർപെടുത്തുന്നതിനു പരിതഃസ്ഥിതി അനുകൂലിച്ചു. അതിന്റെ കാരണം രണ്ടു നായികമാക്കും അജ്ഞാതമാണു്. ഈ പരിതഃസ്ഥിതിയിലാണു രണ്ടു നായികമാരെയും നാം തുലനം ചെയ്യുന്നതു്.

രണ്ടുപേരും സ്നേഹശാലിനികളാണു്, രണ്ടുപേരും സതികളാണു്. ഇവർ ലോകത്തിനു മാതൃകാപാത്രങ്ങളാണു്. ഇവരുടെ പതിഭക്തിയും പ്രേമപ്രഭാവവും ഇന്നും നിലനില്ക്കുന്നു. ആധുനിക നാടകങ്ങളിലെ നായികമാരുടെ കഥ പറയാനില്ല. ഒരു വളത്തുപൂച്ചയെക്കാണുമ്പോൾ അവർ ഭർത്താവിനെ മറക്കുന്നു. ദുഷ്യന്തനിൽ ഹൃദയം ഉറച്ചു് മനം മയങ്ങിയ ശകുന്തള ദുർവ്വാസാവിന്റെ "അയം അഹം ഭോ!" എന്നുള്ള അട്ടഹാസം അറിയുന്നില്ല. ഡെസ്ഡിമോണയുടെ ദൃഢവിശ്വാസത്തിന്റെ മമ്മം ഗ്രഹിക്കാനുള്ള സാധ്യത സാധാരണ സ്ത്രീജനങ്ങൾക്കുണ്ടെന്നു തോന്നുന്നില്ല. തന്നെ പരിത്യജിച്ചിട്ടും, തന്നിൽ കളങ്കം ആരോപിച്ചിട്ടും അചഞ്ചലമായ— സുദൃഢമായ പതിഭക്തി; അതിനെ സതീധമ്മം എന്നു പറയാമെങ്കിൽ ശകുന്തളയെക്കാൾ മെച്ചം ഡെസ്ഡിമോണയ്ക്കാണു്. ഭർതൃഭവനത്തിൽവച്ചു പരിത്യജിച്ച ഭർത്താവിനെ ശകുന്തള ഭത്സനം ചെയ്യുന്നതു പാദാഘാതമേററ ഫണമുയർത്തിയ പന്നഗത്തെപ്പോലെയാണു്. സ്ത്രീകൾ അശിക്ഷിതപടുക്കൾ എന്നു പറഞ്ഞു പരിഹസിക്കുന്ന ഭർത്താവിനോടു "അനാര്യ! സ്വന്തഹൃദയത്തിന്റെ ഭാവമനുസരിച്ചു സകലരെയും നോക്കുന്നോ" എന്നാണു ശകുന്തള പറയുന്നതു്. ഈ ദുരഭിമാനവും കോപവും ഒന്നും തന്നെ ഡെസ്ഡിമോണയിൽ കാണുന്നില്ല. ഒഥല്ലോ ജനങ്ങളുടെ മുമ്പിൽവച്ചു് പ്രഹരിക്കുമ്പോഴും ദൂരെ ആട്ടിപ്പായിക്കുമ്പോഴും ആ സതീരത്നം സ്നേഹപൂർവ്വം അടുത്തുവന്നു് "പ്രഭോ!" എന്നു മന്ദമായി വിളിച്ചു്, "ഞാൻ ഒരിക്കലും അങ്ങയെ കോപിക്കയില്ല, വെറുക്കുകയില്ല" എന്നാണു പറയുന്നതു്. നിരപരാധയായ അവളെ 'കുലട' എന്നു വിളിച്ചു് അവമാനിച്ചപ്പോഴും "ഞാൻ നിരപരാധയാണെന്നു് ഈശ്വരനറിയാം" എന്നുമാത്രം ശാന്തമായി ഉച്ചരിക്കുന്നതല്ലാതെ ക്ഷോഭിക്കുന്നില്ല. ഒടുവിൽ നിരാശ മുഴുത്തു് ലോകം മുഴുവൻ ശൂന്യമായിത്തോന്നിയ ഘട്ടത്തിൽ ഇയാഗോയെ വിളിച്ചു് ഇപ്രകാരം പറയുന്നു:—

"Alas Iago!
What Shall I do to win my Lord again! Good Friend; go to him, for by the Light of heaven I know not how I lost him; here I kneel.'

അനന്തരം ഭയങ്കരനായ രാക്ഷസനെപ്പോലെ നിശാവേളയിൽ ശയ്യാവലംബിനിയും പ്രസുപ്തയുമായ ആ സുന്ദരീരത്നത്തെവിളിച്ചു് "ഞാൻ നിന്നെക്കൊല്ലും" എന്നു് ആക്രോശിച്ചുകൊണ്ടു നിൽക്കുമ്പോഴും ഡസ്ഡിമോണയ്ക്കു കോപമില്ല— അഭിമാനമില്ല— അവിനയമില്ല— സ്നേഹശൂന്യതയില്ല— "ഈശ്വരൻ എന്നെ രക്ഷിക്കട്ടെ", എന്നു സാവധാനത്തിൽ പറഞ്ഞു് മരണഭീതിയോടെ— ഒരു ദിവസത്തേയ്ക്കു്— ഒരു നിമിഷനേരത്തേയ്ക്കെങ്കിലും ജീവനെ യാചിക്കുന്നു. ആ മദാ

ഡനുണ്ടോ അതു് അനുസരിക്കുന്നു. കരവാളിളക്കി— ആ കനകാംഗിയുടെ ഹൃദയത്തിൽ കുത്തിയിറക്കി. ഈ മഹാപാതകം ആരു ചെയ്തു എന്നു എമിലിയ ചോദിച്ചതിനു മറുപടിയായി ആ സതീരത്നം പറയുകയാണ്: "ആരുമല്ല, ഞാൻ തന്നെ,—ഞാൻ പോകുന്നു—എന്റെ ഹൃദയേശ്വരനെ എന്റെ പ്രണാമങ്ങൾ അറിയിക്കുക—ഞാൻ പോകുന്നു." ഭർത്താവിന് അല്പം പോലും അപകർഷം വരുത്തണമെന്നു ഡസ്ഡിമോണയ്ക്കു് ആഗ്രഹമില്ല. ഇവിടെയാണ് ശകുന്തളയുമായുള്ള വ്യത്യാസം നാം കാണുന്നതു്.

ഭിന്നജാതീയവസ്തുക്കൾക്കു സാദൃശ്യം കുറയും. ഒഥല്ലോ നാടകം സാഗരസദൃശം— ശാകുന്തളം നന്ദനോദ്യാനസമാനം. ഉദ്യാനത്തിനു സാഗരവുമായി സാദൃശ്യമില്ല. സുന്ദരം, സുരഭിലം, മനോജ്ഞം, പ്രശാന്തരമണീയം— എന്നുവേണ്ട അപ്രമേയമായ, അപരിമേയമായ, പല വസ്തുക്കൾ നന്ദനോദ്യാനത്തിലുണ്ട്. സാഗരമാകട്ടെ ഗംഭീരം, തിരമാലകളാൽ പ്രക്ഷുബ്ധം — ചണ്ഡമാരുതനാൽ ആന്ദോളിതം, പ്രബലവേഗദുരന്തകോലാഹലത്താൽ അനന്താലോകചൂർണ്ണപ്രക്ഷേപിതം, ഇങ്ങനെ രത്നഗർഭയെങ്കിലും പ്രക്ഷുബ്ധശരീരയാണ് — ഇങ്ങനെ വിഭിന്നപരിതഃസ്ഥിതിയാൽ കാണപ്പെടുന്ന രണ്ടുവസ്തുക്കളെ ഉപമിക്കാൻ വിഷമമുണ്ട്.

ഈ വിഭിന്നതയ്ക്കു കാരണമുണ്ട്. ഭാരതത്തിലെ നാടകമല്ല യഥാർത്ഥത്തിൽ യൂറോപ്പിലെ നാടകം. രണ്ടും ദൃശ്യകാവ്യങ്ങൾ തന്നെയാണ്. ആധുനികവിമർശകന്മാർ പശ്ചാത്യദൃശ്യകാവ്യങ്ങളെ എല്ലാം നാടകങ്ങളായി കണക്കാക്കുന്നില്ല. നാടകങ്ങളല്ല എന്നതുകൊണ്ടു് അവയ്ക്കു് സ്ഥാനം കുറയുന്നില്ല. ഉത്കൃഷ്ടകാവ്യങ്ങളുടെ കൂട്ടത്തിൽ ഇത്തരം നാടകങ്ങൾ ഗണിക്കപ്പെടുന്നു. ഗേഥേയുടെ ഫൗസ്റ്ററസും, ബയറന്റെ മാൻഫ്രെഡ്ഡും ഇതിനു ദൃഷ്ടാന്തമാണ്. ഈവിധം നോക്കുമ്പോൾ ഷേക്സ്പീയരുടെ ടെമ്പസ്റ്റും കാളിദാസന്റെ ശാകുന്തളവും നാടകങ്ങളല്ല. നാടകരൂപത്തിലുള്ള ഉപാഖ്യാന കാവ്യങ്ങളാണ്. ഈ രൂപത്തിലുള്ള ഉപാഖ്യാനകാവ്യങ്ങൾ പ്രായേണ വിരളമാണ്. ഭാരതീയനാടകങ്ങൾക്കു് ഒരു പ്രത്യേകതയുള്ളതു് ആലങ്കാരികന്മാർ ചില ലക്ഷണങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നുള്ളതാണ്. ആ ലക്ഷണം വച്ചുനോക്കുമ്പോൾ ശാകുന്തളം ഒരു നാടകം എന്നു തന്നെ തീർത്തുപറയേണ്ടിവരുന്നു. ഈ നാടകലക്ഷണങ്ങളല്ല യൂറോപ്യൻ നാടകങ്ങൾക്കുള്ളതു്. അങ്ങനെ വ്യത്യസ്തമായ ഒരു പരിതഃസ്ഥിതിയിലുള്ള ഒരു നാടകത്തെ നാടകമാണെന്നു പറയപ്പെട്ടാൽ ആ രൂപത്തിലുള്ള നാടകമല്ല ശാകുന്തളം; നേരെമറിച്ച് ഒരു ഉപാഖ്യാനകാവ്യമാണ് എന്നു പറയേണ്ടിവരുമെന്നു സാരം. അതുകൊണ്ടുതന്നെയാണ് ഡസ്ഡിമോണയ്ക്കും ശകുന്തളയ്ക്കും സാരമായ വ്യത്യാസം നാം കാണുന്നതു്. ഡസ്ഡിമോണ സജീവയായ ഒരു കഥാപാത്രമാണ്. ശകുന്തള ധ്യാനപാത്രവുമാണ്. ഡസ്ഡിമോണയുടെ വികൃതവും കാതരവുമായ സ്വരം നാം കേൾക്കുന്നു. അവളുടെ കണ്ണിൽ വെള്ളംനിറഞ്ഞു് ഗണ്ഡതലങ്ങളിൽക്കൂടി പ്രവഹിച്ച് വക്ഷസ്സടത്തെ നനയ്ക്കുന്നതു നാം കാണുന്നു.— ഭൂലഗ്നജാനുവായ അവളുടെ

# കടംകഥകൾ.

വിദ്വാൻ വി. ആർ. പരമേശ്വരൻപിള്ള പി. ഒ. എൽ.

സാഹിത്യപ്രണയികളുടെ ശ്രദ്ധക്കു വിഷയമാകാനുള്ളവയാണ് കടംകഥകൾ, പഴഞ്ചൊല്ലുകൾ, സ്ഥലനാമങ്ങൾ, ഐതിഹ്യങ്ങൾ എന്നിവ. ശ്രീമാന്മാരായ കെ. രാമകൃഷ്ണപിള്ള, പൈലോപോൾ, കൊട്ടാരത്തിൽ ശങ്കുണ്ണി മുതലായവർ ഇവയെസംബന്ധിച്ചു പ്രയത്നിച്ചിട്ടുള്ളവരാകുന്നു. അടുത്തകാലത്തു ഡാക്ടർ ഗോദവർമ്മ തമ്പുരാൻ ഏതദ്വിഷയകമായി പ്രശംസനീയമായ ശ്രമം ചെയ്തുവരുന്നുണ്ട്. കേരളത്തിലെങ്ങും വ്യാപിച്ചുകിടക്കുന്ന പഴഞ്ചൊല്ലുകളേയും കടംകഥകളേയുംമററും ശേഖരിച്ചു പ്രസിദ്ധപ്പെടുത്തുന്നതിനു കഴിവുള്ളവർ ഉദ്യമിച്ചാൽകൊള്ളാം.

കടംകഥകൾ (Riddles), അഴിപ്പാൻകഥകൾ, തോൽക്കഥകൾ എന്നീപേരുകളിലെല്ലാം അറിയപ്പെടുന്ന സാഹിത്യശാഖക്കു എല്ലാനാട്ടുകാരും പ്രാധാന്യം നൽകുന്നുണ്ട്. തമിഴിൽ ഇവയെവിടുകഥകൾ എന്നാണ് പറയുന്നതു്. ഇവയ്ക്കുസംസ്കൃതത്തിൽ കൂടമെന്നു പേർ. ഒരു ഭാഷയിലെ കടംകഥകൾ ആ ഭാഷസംസാരിക്കുന്ന ജനതയുടെ ജീവിതമുദ്ര പതിഞ്ഞവയായിരിക്കും. അതാതുനാടുകളിലെ പ്രകൃതിവിലാസം, ആചാരാദികൾ മുതലായവ കടംകഥകളിൽ പ്രതിബിംബിച്ചുകാണാം. മലയാളത്തിലെ കടംകഥകൾ നമ്മുടെ കഷ്കജീവിതം, പശുപാലനം, കേരളസംസ്കാരം ആദിയായവയെ ദ്യോതിപ്പിക്കുന്നു. അപരിമിതമായ ഭാവനാശക്തിയുടെ സന്താനങ്ങളാണിവയെല്ലാം. പണ്ടത്തെ ആചാരങ്ങൾ, ആഭരണങ്ങൾ, നിത്യോപയേഗത്തിനും ചിര

---

ശീഘ്രഹൃദയസ്പന്ദനവും ഊർദ്ധ്വദൃഷ്ടിയും നമ്മുടെ ഹൃദയത്തിൽ പ്രവേശിക്കുന്നു. ശകുന്തളയുടെ ആലോഹിതലോചനാദികളെ ദുഷ്യന്തന്റെ മുഖത്തുനിന്നു കേൾക്കാതെ നമുക്കു മനസ്സിലാകുന്നില്ല. രാജാവു പറയുന്നതു് ഇങ്ങനെയാണ്:

"ന തിര്യഗവലോകിതം ഭവതി
ചക്ഷുരാലോഹിതം
വചോഽപി പരുഷാക്ഷരം ന ച പ
ദേഷു സംഗച്ഛതേ
ഹിമാത്ത ഇവ വേപതേ സകല
ഏവ ബിംബാധരഃ
പ്രകാമവിനതേ ഭ്രുവൗ യുഗപ
ദേവ ഭേദം ഗതേ"

ശകുന്തളയുടെ ദുഃഖത്തിന് അതിരില്ല—അതിന്റെ ഗതിവേഗം അഗോചരമാണ്. എന്നാൽ ഡെസ്ഡിമോണയിൽ ഇവ സ്പഷ്ടമായിക്കാണാൻ കഴിയും. ശകുന്തള ഒരു ഒന്നാന്തരം ചിത്രവും ഡെസ്ഡിമോണ സജീവമായ ശില്പവുമാണ്. യഥാർത്ഥമായ വർണ്ണനയ്ക്കു് ഈ ശില്പം കൂടുതൽ സൗകര്യം തരുന്നു. മറേറതു് സങ്കല്പമാത്രം. അതുകൊണ്ടു തന്നെയാണ് അതിനു കാവ്യത്വം നൽകുന്നതു്.

പരിചയത്തിനും വിഷയമായ വസ്തുക്കൾ ആദിയായവയെ വ്യക്തമാക്കുന്നു.

കടംകഥാമത്സരം ബാലഹൃദയങ്ങൾക്കു ഉളവാക്കുന്ന ഉത്സാഹം അളവററതത്രേ. വിവിധവസ്തുക്കളെപ്പററി സുദൃഢമായ ബോധം ഇവ ജനിപ്പിക്കുന്നു. വിവേചനാശക്തി വൎദ്ധിപ്പിക്കാൻ പൎയ്യാപ്തമായിട്ടുള്ളവയാണ് ഇവയോരോന്നും. ഓരോ പദാൎത്ഥത്തിൻെറയും സാധാരണധൎമ്മവും വിശേഷധൎമ്മവും വേർതിരിച്ചറിവാൻ ഇവ സഹായിക്കുന്നു. വസ്തുക്കൾ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ കുട്ടികളെ എളുപ്പം മനസ്സിലാക്കുന്നു. ധാരണാശക്തിയുടെ വളൎച്ചക്കു അത്യധികം പ്രയോജനപ്പെടുന്ന കടംകഥകളിലേക്കു കുട്ടികളുടെ ശ്രദ്ധയെ തിരിച്ചുവിട്ടാൽ കാലാന്തരത്തിൽ വിശിഷ്ടഫലങ്ങൾ കൈവരുമെന്നുള്ളതിനു സംശയമില്ല. കുട്ടികളിൽ അന്തർല്ലീനമായിക്കിടക്കുന്ന ജിജ്ഞാസയെ സൽപഥത്തിലൂടെ പോഷിപ്പിക്കുന്ന അഴിപ്പാൻ കഥകൾ അവരുടെ വിജ്ഞാനപദ്ധതിയിൽ പ്രഥമസോപാനമായി വൎത്തിക്കുന്നു. അധ്യാപകന്മാരും മാതാപിതാക്കന്മാരും കുട്ടികൾക്കു കടംകഥകളിൽ അഭിരുചി വളൎത്തുന്ന പക്ഷം മേധാബലം വൎദ്ധിക്കുന്നതാണ്. മനസ്സുമുഷിഞ്ഞിരിക്കുമ്പോൾ ഉന്മേഷം നൽകുന്ന കടംകഥകൾ നിൎദ്ദോഷമായ ആനന്ദം അനുഭവപ്പെടുത്തുകകൂടിച്ചെയ്യുന്നു. പ്രകൃതിയിൽ കാണുന്ന രഹസ്യതത്വങ്ങൾ ആരെയും ഗ്രഹിപ്പിക്കുന്നു. പാമരന്മാൎക്കുപോലും നിഷ്പ്രയാസം മനസ്സിലാകത്തക്കവണ്ണം രചനാസൗഷ്ഠവമുള്ളവയത്രേ നമ്മുടെ കടംകഥകൾ. ബാലമാനസങ്ങളുടെ ഗതിയെ നല്ലവണ്ണം കണ്ടറിഞ്ഞിട്ടുള്ള കൂട്ടർ കുട്ടികളെ സദ്‌വിഷയങ്ങളിൽ തല്പരരാക്കാൻ വേണ്ടി നടപ്പിൽ വരുത്തിയവയാണ് ഇവയെല്ലാം. മത്സരബുദ്ധി വളൎത്തി വസ്തുക്കളെ സൂക്ഷ്മമായി മനസ്സിലാക്കാൻ ഇവ പ്രേരിപ്പിക്കുന്നു. ശാസ്ത്രതത്വങ്ങൾ പലതും കടംകഥകളിൽ ലയിച്ചുകിടക്കുന്നതിനാൽ വിനോദത്തോടൊന്നിച്ചു വിജ്ഞാനവും നൽകാൻ അവയ്ക്കു കഴിയുന്നു. മലയാളികളുടെ മനോധൎമ്മവിലാസത്തിൻെറ മകുടോദാഹരണങ്ങളായി വിളങ്ങുന്ന ഈ അമൂല്യരത്നങ്ങളെ നിധിയെന്നോണം സൂക്ഷിക്കേണ്ടതാണ്. ഇന്നു ഇവയെല്ലാം വനകുസുമങ്ങളെപ്പോലെ അഗണ്യകോടിയിൽ തള്ളപ്പെട്ടു കിടക്കുന്നു.

മലയാളത്തിൽ അസംഖ്യം കടംകഥകൾ പ്രചരിക്കുന്നുണ്ട്. ഇവയിൽ ചിലതിൻെറ ഉത്ഭവകാലം അജ്ഞാതമാണ്. പലതും പഴക്കമേറിയവയാണെന്നു നിസ്സംശയം പറയാം. ഇവയിലെ ഭാഷ ശുദ്ധമലയാളംതന്നെ. സംസ്കൃതപദങ്ങൾ കലൎന്നിട്ടില്ലാത്തവയ്ക്കു പഴക്കം കൂടുതലുണ്ടെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. മലയാളപദങ്ങളുടെ മോഹനമായ വിളയാട്ടം ഇവയിൽ സൎവ്വത്ര കാണാം. കൎഷകന്മാരുടെ ഇടയ്ക്കു സൎവ്വസാധാരണമായ ആശയങ്ങളാണ് ഇവയിൽ കാണപ്പെടുന്നത്. കടംകഥകളിൽ സൎവ്വസാധാരണമായ ഉപമകളും രൂപകങ്ങളും, ഹൃദ്യങ്ങളായിരിക്കുന്നു. ആലോചനാശക്തിക്കു നികഷോപലങ്ങളായി ലസിക്കുന്ന ചിലകടംകഥകൾക്കു അനിൎവ്വചനീയമായ ആസ്വാദ്യതയുണ്ട്. കഥനത്തിലുള്ള സാരള്യം, ആശയങ്ങളുടെ കമനീയത എന്നിവകൊണ്ടു പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു മിക്ക കടംകഥകളും. ഈ ലേഖകനു ശേ

ഖരിക്കാൻ കഴിഞ്ഞ കടംകഥകളെ താഴെ ചേർക്കുന്നു.

1. അങ്ങുംചെന്നു കിരുകിരുക്കും ഇങ്ങും വന്നുകിരുകിരുക്കും അനങ്ങാതെ യൊരുമൂലയിലിരിക്കും—തുറപ്പ.
2. അമ്മകിടക്കും മകളോടും—അമ്മി ക്കല്ല്.
3. അവിച്ചാൽ വേവുല്ല, ചുട്ടാൽക രിയും—മുടി.
4. അങ്ങതിലെ ചങ്ങാതി വിരുന്നുവന്നി രിക്കുന്നു, കായ്ക്കാത്തതിൻെറയും പൂക്കാത്തതിൻെറയും ഇലവേണം—വെററ.
5. അക്കരവിളയിൽ തെക്കേപ്പുരയിൽ ചക്കരകൊണ്ടൊരു തൂണ്, തൂണിനകത്തൊരുപോട്, പോടിനകത്തൊരു നൂല്, നൂലുവലിച്ചാൽ തേൻ—തെററിപ്പൂവ്.
6. അവിടെക്കണ്ടു ഇവിടെക്കണ്ടു പിന്നെക്കണ്ടില്ല—മിന്നൽ.
7. അരയോളം നീററിൽ നിന്നു അഴകുള്ള മക്കളെപ്പെററു, മക്കളകത്തും തള്ള പുറത്തും—നെല്ല്.
8. അകത്തുരോമം പുറത്തിറച്ചി—മൂക്ക്.
9. അമ്മാവൻ തന്നോരുരുള ഉണ്ടാലു മുണ്ടാലും നിറയുകയില്ല—ചുണ്ണാമ്പ്.
10. അമ്മകറുത്തും മകളുവെളുത്തും മകളുടെ മകൾ ഒരു സുന്ദരിമങ്ക—വെള്ളില.
11. അമ്പലത്തിലുള്ള ചെമ്പകത്തേൽ ഒരു കൊമ്പും കാണ്മാനില്ല—കൊടിമരം.
12. അടിമദ്ദളം, ഇലചുക്കിരി, കായ് കൊക്കരാ—പുളി.
13. അടിയിൽ വട്ടക്കിണ്ണം മേലെ പച്ചപ്പന്തൽ—ചേന.
14. അക്കരനിൽക്കും പശുവിനു ഇക്കരനിൽക്കും ക്രൂററൻ മുക്കറയിട്ടപ്പോൾ ചിനപ്പിടിച്ചു—ഇടിവെട്ടിയപ്പോൾ കൂൺ കരുത്തു.
15. അന്നരാജൻ പുറത്തുവരുമ്പോൾ ആശാരി ച്ചെറുക്കൻ തട്ടുത്തു നിരത്തി—അടപലകയാൽ അരിവാത്തു.
16. അലകുമടഞ്ഞ അമ്പലത്തിൽ കുരുവി കിടന്നു കൂത്താടുന്നു—നാക്ക്.
17. അമ്മകല്ലിലും മുള്ളിലും, മക്കൾ കല്യാണപ്പന്തലിലും—തേങ്ങ.
18. അമ്പാട്ടേ പട്ടിക്കു മുമ്പോട്ടുവാൽ—ചിരവ.
19. അടിയിൽ തളികപോലെ നടുവടി പോലെ മേൽ കുടപോലെ—ചേന.
20. അക്കരനിൽക്കും കൊമ്പൻ കാളക്കു അറുപത്തിരണ്ടു മുറിക്കയറ്—മത്തത്തണ്ടു്.
21. ആനയെതളക്കാൻ മരമുണ്ടു്, പണം പൊതിയാൻ ഇലയില്ല—പുളി.
22. ആരും കേറാമലയിൽ ആയിരം കാന്താരി പൂത്തിറങ്ങി—നക്ഷത്രം.
23. ആയിരം വള്ളി സഹസ്രവള്ളി വെള്ളത്തിൽ താഴുമ്പോൾ ഒററവള്ളി—തലമുടി.
24. ആററിൽക്കൂടെ ഒരു പൊന്നിൻ കിണ്ണം ഒലിച്ചുപോകുന്നു—നദിയിൽ ചന്ദ്രബിംബം നിഴലിക്കുന്നതു്.
25. ആരും കേറാമലയിൽ ആനകേറാമലയിൽ കാനാറിപൂത്തു കുടം ചാഞ്ഞു—സൂര്യൻ.
26. ആക്കും നിലയില്ല, ആനക്കും നിലയില്ല, ആമ്പാടികൃഷ്ണനു് അരയററം വെള്ളം—തവള.

27. ആകാശത്തുടെ തേരോട്ടുന്നു, തേർ തെളിക്കുന്നവൻ ഭൂമിയിൽ നിൽക്കുന്നു—പട്ടം.

28. ഇരുട്ടുപുരയിൽ കുരുട്ടാന—പത്തായം.

29. ഇത്തിരി മുററത്തിത്തിരി കാഷ്ഠം—നഖത്തിനിടയിൽ അഴുക്ക്.

30. ഇത്തിരി അച്ഛൻ വിത്തിനുപോണു—പണ്ടത്തെ ഒററച്ചക്രം.

31. ഇലയുമില്ലയിലച്ചില്ലുമില്ല, ചുവട്ടിച്ചെന്നാപ്പെറുക്കിത്തിന്നാം— ഉരലിന്നട്ടത്തു വീഴുന്ന അരി.

32. ഇതാ തോട്ടുവക്കത്തു് ഒരമ്മൂമ്മ പട്ടിട്ടുമൂടി—കടച്ചക്ക.

33. ഇട്ടാൽ എടുക്കില്ല ഈഴവപ്പെരും താലി—മാവുകൊണ്ടു അണിയൽ.

34. ഇതാപിടിച്ചോ മുററത്തുചാടി—തുപ്പൽ.

35. ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ വെള്ളിക്കിണ്ണൻ തുള്ളിത്തുള്ളി — അരിതിളപ്പ്.

36. ഇമ്പ്രിക്കുഞ്ഞൻ ശൗര്യക്കാരൻ—കാന്താരിമുളക്.

37. ഇല്ലിക്കൊമ്പത്തില്ലിക്കൊമ്പത്തീ ശോമാപ്പിള്ള തീമൂട്ടി—മിന്നാമിനുങ്ങ്.

38. ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ തക്കിടിമുണ്ടൻ വാതുക്കെ—സാക്ഷ.

39. ഉദിച്ചുനിൽക്കും ഭഗവാനെ പിടിച്ചു രണ്ടടി—ഇരുമ്പുപഴുപ്പിച്ചടിക്ക.

40. ഉണങ്ങിയ മരത്തിന്മേൽ തെളിഞ്ഞപൂവ്—കത്തുന്നവിളക്ക്.

41. ഉരുണ്ടപെട്ടിയിൽ പരന്നആമാട—കാഞ്ഞിരക്കുരു.

42. ഉണ്ണാത്തയമ്മക്കു ഒരു മുട്ടൻവയറ്—വയ്ക്കോൽ തുറവ്.

43. ഉടലില്ലാത്തതിനൊരു നൂറുപല്ല്—ഒററാൽ.

44. ഉണ്ണരിപ്പെണ്ണിനു ഒരിക്കലേ പേറുള്ളു—വാഴ.

45. ഉറക്കമുണ്ടു് കണ്ണടയ്ക്കയില്ല—മീൻ.

46. ഊരിയ കത്തി ഉറയിൽ ഇടാമെങ്കിൽ പൊന്നിട്ടകത്തി പണയം തരാം— പാൽകറക്കുക.

47. എൻെറ കാളക്ക് വയററിൽ ഒരു കൊമ്പ്—കിണ്ടി.

48. എല്ലില്ലാ മാണിക്കൻ പുഴ നീന്തിക്കേറി—അട്ട.

49. എല്ലില്ലാക്കിഴവൻ ഏഴാറു നീന്തും—കുളയട്ട.

50. എടത്തോട്ടിൽ കരിക്കട്ട—കണ്ണിലെ കൃഷ്ണമണി.

51. എനിക്കു എൻെറ അച്ഛൻ ഒരു കാളയെ വാങ്ങിത്തന്നു, കെട്ടാൻ ചെന്നപ്പോൾ കൊമ്പില്ല—ഒച്ച് (അച്ച്).

52. ഒരമ്മ മുറം വീശിപ്പോകുന്നു—ആന.

53. ഓടാക്കുതിരമേൽ ഒരു കുതിരക്കാരൻ—അമ്മിക്കുഴവി.

54. ഒരുഅകം നിറച്ചു ഇരുട്ട്—എള്ള്.

55. ഒരുകുട്ടനിറച്ചു ചാരം—കുമ്പളങ്ങ.

56. ഒരമ്മയുടെ മക്കളെല്ലാം വിറച്ചിക്കൂട്ടം—ആലില.

57. ഒരുപറപ്പൊടിയരിയിൽ ഒരു നെടിയരി—ചന്ദ്രൻ.

58. ഒരമ്മയുടെ മക്കളെല്ലാം വളയം കുളയം—പടവലങ്ങ.

59. ഒരമ്മയ്ക്കു മൂന്നുമുല—അടുപ്പ്.

60. ഓഹാമരത്തിലെ ഉച്ചിക്കൊമ്പിലെ ഒരു പിടിയില ഊരാൻ കിട്ടിയില്ല—പുക.

61. ഒരമ്മപെററതെല്ലാം തുള്ളിത്തുള്ളി—ആലില.

62. ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ നില്ക്കും കുതിര—ചെരുപ്പ്.

63. ഒരമ്മയുടെ മക്കളെല്ലാം ചൊറിയമ്പട്ടികൾ—പാവയ്ക്ക.

64. ഒരമ്മ എപ്പോഴും കുടപിടിച്ചു കുളിക്കുന്നു—കുമിൾ.

65. ഒരമ്മക്കു രണ്ടുമക്കൾ, ഓരോന്നിനും ഈരണ്ടു നിറം—കണ്ണ്.

66. ഒരു കുപ്പിയിൽ രണ്ടെണ്ണ—മുട്ട.

67. ഒരുവരി ഓരായിരം കടം—അറപ്പുവാൾ.

68. ഒരമ്മ ഒന്നേ പ്രസവിക്കു, അതു നിന്നാണു താനും—വാഴ.

69. ഒരു കുന്തത്തിൽ ആയിരം കുന്തം—ഓലമടൽ.

70. കണ്ടാൽ മുണ്ടൻ കാര്യത്തിൽ വമ്പൻ—കുരുമുളക്.

71. കായ്ക്കും പൂക്കും കലകലാനിൽക്കും കാക്കയ്ക്കിരിപ്പാനിടമില്ല—നെല്ല്.

72. കായ്ക്കുകയില്ല പൂക്കുകയില്ല മൂട്ടിൽ ചെന്നാൽ പെറുക്കിത്തിന്നാം—ഉരൽ.

73. കാലിൽ പിടിച്ചാൽ തോളിൽകേറും—കുട.

74. കറുത്തകാള കുളിച്ചപ്പോൾ വെള്ളക്കാളയായി—ഉഴുന്നുതോടുകളയുക.

75. കിക്കിലുക്കുംപക്ഷി കിലുകിലുക്കും പക്ഷി വട്ടമിടുംപക്ഷി വായിൽചാടുംപക്ഷി—നെയ്യപ്പം.

76. കൊക്കരിക്കും കുളംവററും—വിളക്കിൽ എണ്ണതീരുന്നതു്.

77. കറുത്തോരു പാറമേൽ വെളുത്തോരു വേരിറങ്ങി—ആനക്കൊമ്പു്.

78. കൊല്ലനും അറിഞ്ഞില്ല കൊല്ലത്തിയും അറിഞ്ഞില്ല തിത്തിതൈതെ എന്നൊരുകുഞ്ഞരിവാളു്-വാളൻപുളി.

79. കാളകിടക്കേ കയറോട്ടും—മത്ത.

80. കഴുത്തുണ്ടു് കയ്യുണ്ടു് ഉടലുണ്ടു് നായ്ക്കുതിന്നാൻ ഇറച്ചിയില്ല—ഉടുപ്പു്.

81. കറുത്തിരുണ്ടവൻ കണ്ണുരണ്ടുള്ളവൻ കടിച്ചാൽ രണ്ടുമുറി—പാക്കുവെട്ടി.

82. കാട്ടിൽകരിംകുററി വീട്ടിൽകണക്കപ്പിള്ള—നാഴി.

83. കല്ലിൽതലതല്ലി പുല്ലിൽമുട്ടയിട്ടു മുതുകത്തുകെട്ടിയിട്ടു നാടൊക്കെ കൊണ്ടുനടന്നു—അലക്കിയവസ്ത്രം.

84. കടകടാകുടുകുടു നടുവിലെപാതാളം—അരിആട്ടുന്ന കല്ല്.

85. കൊററിനിൽക്കനിൽക്കേ കുളംവററവററെ—വിളക്ക്.

86. കുപ്പായം അഴിച്ചു കിണററിൽ ചാടി—പഴം ഉരിച്ചു വായിലിട്ടു.

87. കുഞ്ഞുമുററത്തു അഞ്ചുമുരുക്ക്—കൈവിരൽ.

88. കിഴക്കുന്നു രണ്ടു തേവിടിശ്ശികൾവന്നു ഒന്നാടും ഒന്നാടില്ല—തിരുവക്കല്ല്.

89. കാട്ടിൽകുററി വീട്ടിൽകാര്യസ്ഥൻ—പറ.

90. കറുത്തൊരുമുണ്ടൻ കാവൽക്കുവിരുതൻ—പൂട്ടുംതാക്കോലും.

91. കുന്നുമ്പുറത്തെകോഴിക്കു കൊക്കില്ല—വൗവാൽ.

92. കൈകൊണ്ടുവിതയ്ക്കുന്നധാന്യം കണ്ണുകൊണ്ടു പെറുക്കിഎടുക്കുന്നു—അക്ഷരങ്ങൾ.

93. കാലിൽ പിടിച്ചാൽ വാപൊളിക്കും—കത്തിരി.

94. കത്തിയില്ലാതെ കാടുവെട്ടി—വെററിലനുള്ളി.

95. കാട്ടിൽപാക്കും ചിന്നൻ, പറഞ്ഞാൽ കേൾപ്പിക്കാൻ മിടുക്കൻ—വടി.

96. കുളിക്കാൻപോയപ്പോൾ വെളുത്തയമ്മ, കുളിച്ചുവന്നപ്പം ചോന്നോരമ്മ—അപ്പം.

97. കുത്തിയിട്ടാൽമുളയ്ക്കില്ല, വേലിമേൽ പടരില്ല, അക്കറി ക്രൂട്ടാത്തവരാരുമില്ല—ഉപ്പ്.

98. കുളിക്കാൻപോയമ്മ കുളിച്ചുവന്നപ്പോൾ മേലൊക്കെ വസൂരി—പപ്പടം.

99. കാട്ടിൽപതുക്കുടം തൂങ്ങിത്തൂങ്ങി—തൊണ്ടിപ്പഴം.

100. കിറുകിറുപ്പുകേട്ടു ചക്കിൻചോട്ടിൽ ചെന്നാൽ പിള്ളക്കുതിന്നാൻ പിണ്ണാക്കില്ല—മുളംക്രൂട്ടം.

101. കുററിക്കാട്ടിൽ സിംഹക്കുട്ടി—പേൻ.

102. ചുവടൊരു പർവ്വതം ഇലയൊരു കിന്നരം മക്കളൊക്കെ കൊക്കരക്കോ—വാളൻപുളി.

103. ചില്ലിക്കൊമ്പെ മഞ്ഞപ്പക്ഷി—കപ്പൽ മാങ്ങാപ്പഴം.

104. ചെത്തുംചെത്തും ചെമ്പ്രാവള്ളി ചെത്തിവരുമ്പോൾ തേൻതുള്ളി—പനങ്കുല.

105. ചത്തകാള മടലെടുക്കുമ്പം ഓട്ടം—വള്ളം.

106. ചത്തവൻെറ വയററിൽ ചുട്ടവൻ കേറി—ചക്ക-പിച്ചാത്തി.

107. ചെപ്പുനിറച്ചു പച്ചയിറച്ചി—ചക്ക.

108. ജീവനുള്ളപ്പോൾ ശബ്ദമില്ല ചത്തുകഴിഞ്ഞാൽ വിശേഷമായി ശബ്ദിക്കും—ശംഖം.

109. ഝടഝടാക്കൊമ്പത്തു ഒരുകുടം ചോര—ചെമ്പരത്തിപ്പൂവ്.

110. ഞെട്ടില്ലാവട്ടയില—പപ്പടം.

111. തത്തക്കംപത്തക്കം നാലേകാല്. താനേനടക്കുമ്പോൾ രണ്ടേകാല്. ചുക്കിച്ചുളുങ്ങുമ്പോൾ മൂന്നേകാല്. ഊരിന്നുപോകുമ്പോൾ ആറേകാല്—ശൈശവ ബാല്യ യൗവന വാർദ്ധക്യങ്ങൾ, മരണാനന്തരയാത്ര.

112. തട്ടുകപോട്ടാൽ എടുക്കപ്പെടാത്ത്—ബ്രാഹ്മണസ്ത്രീ വരയ്ക്കുന്നകോലം.

113. തുക്കും തുടിക്കും തുടിക്കണ്ണിൽ കോലിടും—കിണററീന്നു പാളകൊണ്ടു വെള്ളംകോരുക.

114. തള്ളക്കുതിസാരം പിള്ളക്കുതലക്കറക്കം—തിരുവക്കല്ല്.

115. തൊപ്പിക്കാരനും ചന്തക്കുപോണു—പാക്ക്.

116. തത്തക്കുപിത്തക്കു നാലാള്. തപ്പിട്ടു കൊട്ടാൻ രണ്ടാള്. എത്തിപ്പിടിക്കാൻ ഒരാള്—ആന.

117. താങ്കുതുങ്കുമരം ചന്ദനം പൂണ്ടമരം നാലാൾചെയ്യപാപം ഒരാൾചെയ്യപുണ്യം—മഞ്ചൽ.

118. നിത്യംകുളിക്കും പോത്തക്കിടാവ് കണ്ടാൽമുണ്ടൻ കാര്യത്തിൽ വമ്പൻ—കുരുമുളക്.

119. നാലുപേരുകൂടി ഒന്നായി—താംബൂലചവ്വണം.

120. നാഴിപ്പാലുകൊണ്ടു നാടെല്ലാം കല്യാണം—നിലാവു്.

121. നാഴിനിറയെ വെള്ളവിൽ—വാ നിറച്ചുപല്ലു്.

122. പുഴയിൽകൂടി ഒരു മൺകലം ഒഴകിപ്പോയി—മത്തങ്ങ.

123. പറയനും അറിഞ്ഞില്ല പറച്ചിയും അറിഞ്ഞില്ല തിത്തിത്തൈ എന്നൊരു കുത്തിമുറം—ആനച്ചെവി.

124. പുഞ്ചക്കണ്ടത്തിലെ വെള്ളവും വററി, പഞ്ചവർണ്ണക്കിളി ചത്തുംപോയി—എണ്ണവററിവിളക്കുകെട്ടു.

125. പലകയ്ക്കുകീഴെ പച്ചിറച്ചി — നഖത്തിനുതാഴെ.

126 പങ്കിയ്ക്കുട്ടൻ കാവൽക്കാരൻ—സാക്ഷ.

127. പെട്ടിപെട്ടി ശിങ്കാരപ്പെട്ടിപെട്ടി തുറക്കുമ്പോൾവാസനദ്രവ്യം—ചക്കപ്പഴം

128. പുറംപൊന്തംപൊന്തം അകം പഞ്ഞിക്കെട്ടു അതിനുള്ളിൽ ഇരുമ്പുംകക്കാ അതിൻെറയകം വെള്ളിക്കട്ടു ഏററവുമുള്ളിൽ തേൻതുള്ളി—തേങ്ങ.

129. പിടിച്ചാൽ പിടിയെത്തും അരിഞ്ഞാൽ ഒരുമുറം തിന്നാൽ ദഹിക്കില്ല വെച്ചാൽവേകില്ല—തലമുടി.

130. പൊന്നുതിന്നു വെള്ളിതുപ്പി— അയണിച്ചക്കതിന്നുക.

131. പച്ചപ്പച്ചപ്പട്ടുടുത്തു പാതിപ്പട്ടുതൊങ്ങലിട്ടു മുത്തുമുത്തുക്കുടപിടിച്ചു മൂവായിരംപിള്ളപെററു—കുലച്ചുനിൽക്കുന്ന ഉലട്ടിപ്പന.

132. പുറത്തുകയറി ചെവിയിൽ പിടിച്ചപ്പോൾ ഓടടാഓട്ടം—മോട്ടാർ ഓടിക്കുന്നതു്.*

133. പല്ലില്ലാക്കാള , പുല്ലെല്ലാം തിന്നു—വഴിനടക്കുമ്പോൾ പുല്ലുകരിയുക.

134. പള്ളക്കകാലാമുതുകത്തുകണ്ണാ ഉള്ളം കൈമൂക്കനാർ വരവുണ്ടെന്നുകേട്ടു ആരുപറഞ്ഞെടാ ചെരവക്കഴുത്താ വയററിൽ കുടലില്ലാത്ത അണ്ണന്മാർ പറഞ്ഞെന്നു കേട്ടു—ചെണ്ട.

135. പിടിച്ചാൽ പിടികിട്ടുകയില്ല വെട്ടിയാൽ വെട്ടേൽക്കില്ല—വെള്ളം.

136. പച്ചപ്പന്തലിട്ടു പവിഴംമാല നാത്തുമിട്ടു ആയിരം കായും കാച്ചു—കമുകു്.

137. പച്ചപ്പച്ചക്കിളി കൂകമാട്ടേൻകിളി കൊമ്പിലിരിക്കും കിളി-പച്ചമുളകു്.

138. മൂന്നുവരി മൂവായിരംകടം— കൈതോല.

139. മൂവരു പെണ്ണുങ്ങൾ മൂക്കുത്തിപ്പെണ്ണുങ്ങൾ, വെയിലുകാണുമ്പോൾ വെവ്വേറേ—ആവണക്കിൻകുരു.

140. മലയിൽ വാഴനട്ടു കടലിൽവേരിറങ്ങി—സൂയ്യൻെറ ഉദയാസ്തമനങ്ങൾ.

141. മുററത്തുനിൽക്കുന്ന മുറികൊമ്പനാനക്കു മുപ്പത്തിരണ്ടുമണിത്തുടൽ—മുററത്തു കൊലച്ചുനിൽക്കുന്ന വാഴ.

142. മണ്ണിൻകീഴെ പൊന്നിൻ നൂലു്—ഞാഞ്ഞൂൾ.

143. മണ്ണിൻെറകീഴേ പൊന്നെഴുത്താണി—കരിമ്പനക്കൂമ്പു്.

144. മണ്ണിൻകീഴെ ഉണ്ണാച്ചിയുംമക്കളും—ചേമ്പു്.

* ഇതു പുതിയതാണു്. V. R. P. P.

145. മാനത്തുനിൽക്കുന്ന മണികണ്ഠൻകാളയുടെ മണിനാദംകേട്ടപ്പോൾ വെള്ളമ്മപ്പശുവിനു ഗർഭംതോന്നി—ഇടിനാദംകേട്ടു കൂൺമുളയ്ക്കുക.

146. മുള്ളില്ലാത്തപരിവായിൽ (മുളംകൂട്ടം) എല്ലില്ലാത്ത എലിക്കുഞ്ഞു്—പേൻ.

147. മണ്ണുവെട്ടിപ്പാറകണ്ടു പാറവെട്ടിവെള്ളികണ്ടു വെള്ളി വെട്ടിവെള്ളം കണ്ടു—ഉടച്ചതേങ്ങ.

148. മണ്ണിന്റെ ഉള്ളിൽപൊൻചീപ്പ്—മഞ്ഞൾ.

149. മുററത്തെച്ചെപ്പിനു അടപ്പില്ല—കിണറു്.

150. രണ്ടുകിണററിനു ഒരുപാലം—മൂക്കു്.

151. ലഹളയിൽമുമ്പൻ വേലയിൽപിമ്പൻ—ല.

152. വെള്ളക്കാളക്കു പള്ളക്കൽകൊമ്പു്—കിണ്ടി.

153. വരുമ്പോൾ ചുവന്നതു് പോകുമ്പോൾ കറുത്തതു്—കലം.

154. വട്ടവട്ടക്കുരുവി വാലില്ലാക്കുരുവി നെല്ലുകണ്ടസ്ഥലത്തു തുള്ളിത്തുള്ളിച്ചാട്ടം—ശ്രുപാ.

155. വെള്ളക്കാള തുള്ളിച്ചാടുന്നു പൊരി.

156. വെടിപ്പൊത്തിൽ തീക്കട്ട—കാതിൽതോട.

157. വെള്ളിക്കിണററിൽ ഞാറപ്പഴം—കണ്ണു്.

158. വെളുത്തകണ്ടത്തിൽ കറുത്തവിത്തു വിതച്ചു വാകൊണ്ടുകൊയ്തെടുത്തു—വെള്ളക്കടലാസിൽ എഴുതിവായിച്ചു.

159. വരികെവരികെ സുഖം വന്നുറച്ചാൽ ദുഃഖം പോകപ്പോക ദുഃഖം പോയ് മറഞ്ഞാൽ ഭയം—സൂര്യൻ.

160. വെള്ളത്തിലിട്ടാൽ നനയില്ല കരയത്തിട്ടാൽതോരുകയുമില്ല—ചേമ്പില.

161. വേലിക്കുചുററും കൊടമണി—കൊട്ടക്കായ്.

162. വെള്ളിക്കിണ്ണൻ തുള്ളിത്തുള്ളി—അരിതിളക്കുന്നതു്.

163. സാക്ഷാൽ പൊത്തിൽ തീക്കട്ട—കടുക്കൻ.

# തൃക്കടാക്ഷം ചൊരിഞ്ഞിടട്ടെ!

പുലിയന്നൂർ എസ്. രാമയ്യർ

(നതോന്നത)

ഭാരതശ്രീലസന്മണി ചാരുതരമൗലിരത്നം
ആത്തരൂഢശ്രീകളിയാട്ടമാനന്ദധാമം
ആഴിമാതിന്നമ്മയലയാഴികാഞ്ചിക്കണിയലാ-
യാഴിവർണ്ണശയനീയപര്യങ്കമായി
ശ്രീവിലാസ നൃത്തമാളും ശ്രീവാഴുംകോടീശദത്ത
ലാവണ്യത്തിൻ നികേതമായ് ലസിച്ചിടുന്നു.
വിശ്വരമ്യപ്രകൃതിതൻ ശാശ്വത ശ്രീയരങ്ങായി
വിശ്വപ്രഥയാർജ്ജിക്കുമീ നമ്മുടെ രാജ്യം
ആധുനികപരിഷ്കാര മാധുര്യത്തുമധുതൂകി
ആധിവ്യാധിയകററുന്നു സർവ്വലോകർക്കും.
എന്നും നവനവകാന്തി ചിന്തിച്ചിന്തിവിലസുമീ
മന്നിടത്തെബ്ഭരിക്കുന്നു വഞ്ചീശ്വരന്മാർ
വഞ്ചിവംശവാരിരാശി സഞ്ചയിച്ച പുണ്യപൂരം
വഞ്ചിവലവൈരി ചിത്രാനക്ഷത്രജാതൻ
സാധുജനപൂജനീയ സാധുവൃത്തൻ പരിഷ്കൃത
മാധുരിയാലുലകാകെത്തെളിയിപ്പവൻ
കൊല്ലംതോറും വഞ്ചിരാജ്യവല്ലരിയിലുത്ഫുല്ല മാ-
യുല്ലസിക്കും പരിഷ്കാരകുസുമങ്ങളെ
മാലയാക്കിയുലകാകും ബാലികയ്ക്കായണിയിക്കും
ബാലരാമവർമ്മഭൂപമൗലീലലാമം
നീണാളിതേവിധം വഞ്ചിവാണിടുവാൻമലർമാതിൻ
പ്രാണനാഥൻ തൃക്കടാക്ഷം ചൊരിഞ്ഞിടട്ടെ!

# പ്രണവസങ്കല്പം.

സി. കെ. നാരായണക്കുറുപ്പ് എം. ഏ.

‘ഓം’ എന്ന പ്രണവമന്ത്രത്തിന്നു് ഹിന്ദുധൎമ്മത്തിൽ സിദ്ധിച്ചിട്ടുള്ള പ്രതിഷ്ഠ അന്യാദൃശവും അത്ഭുതാവഹവുമാണ്. കൎമ്മം, ഉപാസനാ, ജ്ഞാനം എന്ന മൂന്നു കാണ്ഡങ്ങളിലുമെന്നപോലെതന്നെ ശാബ്ദികന്റെയും, സംഗീതകാരന്റെയും അധിഷ്ഠാനസത്തയായി പരിഗണിക്കപ്പെട്ടുവരുന്ന ഈ മന്ത്രത്തിന്റെ ചാരിത്രികവും താത്വികവുമായ വളൎച്ചയെപ്പററി അല്പം ചിന്തിക്കുന്നതു് രസാവഹമായിരിക്കുമെന്നു് കരുതുന്നു.

‘ഓം’കാരം അവ്യക്തവും അപരിമേയവുമായ ഒരു ശക്തിയെ ഉൾക്കൊള്ളുന്നു എന്നു് നാം അറിഞ്ഞോ അറിയാതെയോ വിശ്വസിക്കുന്നു. ആദിമകാലത്തു് സമ്മതത്തെ, അനുകൂലതയെ സൂചിപ്പിക്കുന്നതിന്നു് വേണ്ടിമാത്രമാണ് ഈ ശബ്ദസ്വരൂപത്തെ ഉപയോഗിച്ചുവന്നിരുന്നതു്. വൈദികകാലത്തിനും മുമ്പു അതു് ‘ഉവ്വ്’’ ‘അതെ’ എന്നിങ്ങിനെയുള്ള അൎത്ഥത്തേയാണ് ഉൾക്കൊണ്ടിരുന്നതു്. ഈ പദം തന്നെ, ശബ്ദശാസ്ത്രാനുസാരികളായ പരിണാമങ്ങൾക്കു് വിധേയമായി, ഹീബ്രൂഭാഷയിൽ ‘ആമീൻ’ എന്നും, ലാററിൻഭാഷയിൽ ഓമിനസ് (Ominus) എന്നുമായി പ്രത്യക്ഷപ്പെടുന്നു. ആമീൻ എന്ന പദം അനുമത്യൎത്ഥകമായും, ഓമിനസ് സൎവ്വങ്കഷം, പരമം, എന്നീ വിവക്ഷകളിലും രൂഢമായിത്തീൎന്നിട്ടുണ്ടു്. അതേ പദംതന്നെ അനേകശതവൎഷങ്ങൾ കഴിഞ്ഞു് ആമ് (am) എന്നു് ഉത്തമപുരുഷന്റെ അസ്തിത്വവാചിയായി ആംഗലഭാഷയിലും പ്രത്യക്ഷപ്പെടുന്നു.

ഇങ്ങിനെ വിവിധഭാഷകളിലായി അല്പാല്പം രൂപഭേദങ്ങളോടുകൂടിയ ഈ ശബ്ദസ്വരൂപം, അതിന്റെ പ്രാചീനതമമായ അൎത്ഥത്തിൽ, അന്തൎന്നിഷ്ഠങ്ങളായ ചിന്തകളുടെ ആലംബനമോ, ബാഹ്യങ്ങളായ പ്രശ്നങ്ങളുടെ ഉദ്ദേശ്യമോ ആയിരുന്നിരിക്കണം. അതിന്റെ ആദ്യത്തേ അൎത്ഥത്തിൽ അതു് സത്ഭാവത്തേയും, രണ്ടാമത്തെ അൎത്ഥത്തിൽ ചേതനയേയും സൂചിപ്പിക്കുന്നു.

വൈദികകാലത്തിലേക്കു് കടന്നു നോക്കുന്നതായാൽ യാഗാദികൎമ്മങ്ങളുടെ അനുഷ്ഠാനത്തിന്റെ ഓരോ പടിയിലും ഈ മന്ത്രം ഉച്ചരിക്കപ്പെട്ടിരുന്നു എന്നു് കാണാം. ചോദനാലക്ഷണമായ ധൎമ്മത്തെ പ്രതിപാദിക്കുന്ന വേദങ്ങളിൽ വിഹിതങ്ങളായ ധൎമ്മങ്ങളുടെ അനുഷ്ഠാനം സമുദായത്തിന്റെയും, വ്യക്തിയുടെയും ശ്രേയസ്സിന്നു് അപരിത്യാജ്യമായി ഗണിക്കപ്പെട്ടിരുന്നു എന്നു് നമുക്കറിയാം. ഈ യാഗങ്ങളുടെ അനുഷ്ഠാനത്തിൽ യജമാനനെ—യാഗം ചെയ്യിക്കുന്ന ആളിനെ—സഹായിക്കുന്നതിനായി, അദ്ധ്വൎയ്യുഃ, ഹോതാ, ഉദ്ഗാതാ, ബ്രഹ്മാ, എന്നിങ്ങിനെ നാലുതരത്തിലുള്ള പുരോഹിതന്മാരുടെ സാഹായ്യം ആവശ്യമായിരുന്നു. അതിൽ പ്രാഥമ്യം അൎഹിച്ചിരുന്ന ബ്രഹ്മപുരോഹിതൻ കൎമ്മങ്ങളുടെ സമഗ്രമായ മേൽനോട്ടം വഹിച്ചിരുന്നു. അദ്ദേഹം അപ്പോഴപ്പോൾ വേണ്ട നിൎദ്ദേശ

ങ്ങൾ നല്കിവന്നതു് കയ്യിലുള്ള ഒരു ദർഭ്പ്പുല്ലുകൊണ്ടായിരുന്നു. ഓരോ നിർദ്ദേശവും നല്കുമ്പോൾ ഈ ബ്രഹ്മപുരോഹിതൻ 'ഓം' എന്നുച്ചരിക്കുകയും ഇതര പുരോഹിതന്മാർ 'ഓം' എന്നു ജപിച്ചുകൊണ്ടു തന്നെ അവയേ അനുസരിക്കുകയും ചെയ്യുക ഒരു പതിവായിരുന്നു. ഈ അനുഷ്ഠാനരീതി പില്കാലങ്ങളിൽ പ്രണവാക്ഷരത്തെ യാഗാനുഷ്ഠാനത്തിന്റെ സർവ്വവ്യാപിയായ ഒരംഗമായി സംകല്പിക്കുന്നതിന് പ്രേരകമായിത്തീർന്നു. ആ ശബ്ദം അനന്തരകാലങ്ങളിൽ പരാത്മവാചിയായിത്തീർന്ന് ബ്രഹ്മശബ്ദത്തിന്റെ അപരപര്യായമായി പരിണമിച്ചു. തൈത്തരീയാരണ്യകത്തിൽ ഇങ്ങിനെ പറയുന്നു. "ഓമിതിബ്രഹ്മ, ഓമിതീദം സർവം".

സംഹിതാകാലത്തിന്റെ അനന്തരഗാമിയായ ബ്രാഹ്മണകാലത്തിൽ യാഗാദികർമ്മങ്ങൾ സർവ്വശക്തങ്ങളായി അനിഷേദ്ധ്യങ്ങളായിക്കരുതപ്പെട്ടുപോന്നു. യാഗത്തിൽ പ്രധാനഭൂതനായ അഗ്നി ദേവന്മാരുടെയെല്ലാം മുഖമായിക്കണക്കാക്കപ്പെട്ടു. (അഗ്നിമുഖാ വൈ ദേവാഃ) ദേവതാപ്രമുഖനായ അഗ്നി തന്റെ ഭയംകരതയിൽ രുദ്രനായും മംഗളരൂപത്തിൽ ശിവനായും പരിണമിച്ചു. അങ്ങിനെ മഹാദേവനായിത്തീർന്ന അഗ്നി അഞ്ചുമുഖത്തോടുകൂടിയവനായിത്തീർന്നു. നാലുവിധത്തിലുള്ള പുരോഹിതന്മാരാലും സ്തുതിക്കപ്പെട്ട അഗ്നി നാലു കൊമ്പുള്ളവനായും, ദക്ഷിണാ ഗാർഹപത്യം, ആഹവനീയം എന്നിങ്ങനെ മൂന്നു പാദങ്ങളോടുകൂടിയവനായും സംകല്പിക്കപ്പെട്ടു. ഈ സങ്കല്പങ്ങളെല്ലാം തന്നെ അഗ്നിദേവതാവാചിയായ പ്രണവാക്ഷരത്തിലും ക്രമേണ ആരോപിതങ്ങളായി. ഏതത് ഫലമായി അ, ഉ, മ് എന്നു് വ്യക്താച്ചാരണങ്ങളായ മൂന്ന് വർണ്ണങ്ങളും, അദ്ധോച്ചാരണമായ അർദ്ധമാത്രക അല്ലെങ്കിൽ കലയും അനുച്ചരിതമായ ബിന്ദുവും എന്നിങ്ങിനെ പ്രണവാക്ഷരം അഞ്ചായി വിഘടിപ്പിക്കപ്പെട്ടു. ഇതിൽ അനുച്ചരിതമായ ബിന്ദു പ്രണവോച്ചാരണം ചെയ്യുന്ന ഒരാൾക്ക് അനുഭൂതമാകുന്ന ശബ്ദാനുരണനം മാത്രമാണ്. തൈത്തരീയാരണ്യകത്തിൽ ഇങ്ങിനെ കാണുന്നു.

"സമുദ്രാദൂർമ്മിർമ്മധുമാം ഉദരാദുപാം
ശുനാ സമമമൃതത്വമാനട്
ഘൃതസ്യ നാമ ഗുഹ്യം യദസ്തി ജിഹ്വാ
ദേവാനാമമൃതസ്യ നാഭിഃ"

പാവനമായ ഓംകാരം അനന്തനായ ഈശ്വരന്റെ ചേതനയാകുന്ന സമുദ്രത്തിൽ നിന്നു് ഒരു തരംഗംപോലെ ഉയർന്നു. അതു് ഈശ്വരന്റെ നാമധേയമായി പരിണമിച്ചു.

ഓംകാരത്തിന്റെ ആദ്യത്തെ നാലു ഘടകങ്ങൾ വൃഷഭാകൃതിയായ അഗ്നിദേവന്റെ നാലു കൊമ്പുകളേയും അഞ്ചാമത്തെ ബിന്ദു അതിന്റെ സൂക്ഷ്മാംശമായ അഗ്നിയേത്തന്നെയും സൂചിപ്പിക്കുന്നു. അഥവാ ജാഗ്രത്സ്വപ്നസുഷുപ്തികളായ അഗ്നിയുടെ മൂന്നു പാദങ്ങളെയാണ് അ, ഉ, മ് എന്ന അംശങ്ങൾ സൂചിപ്പിക്കുന്നതു്. ആദ്യത്തെ നാലു മാത്രകൾ മൃത്യുമതികളും ജഡപ്രപഞ്ചത്തെ സൂചിപ്പിക്കുന്നവകളുമാണ്. അഞ്ചാമത്തെ ബിന്ദു അമർത്ത്യയായ കലയാണ്. അതു് അഖണ്ഡമായ ചൈതന്യത്തേ സൂചിപ്പിക്കുന്നു. അഗ്നി, ദേവന്മാരിൽ വൃഷഭമായിരിക്കുന്നതുപോലെ പ്രണവം ഛന്ദസ്സുകളിൽ വൃഷഭമാണ്.

ഇങ്ങിനെ അഗ്നിപര്യായമായി രൂപ കംചെയ്യപ്പെട്ടിട്ടുള്ള പ്രണവാക്ഷരം ഉപനിഷത്കാലത്ത് അത്യുന്നതങ്ങളായ തത്വചിന്തകളുടെ അധിഷ്ഠാനമായി രൂപാന്തരപ്പെട്ടു. 'പ്രകർഷേണ നാമയതി,' എന്നുള്ള വ്യുത്പത്തിയെ സ്വീകരിച്ച് ഉപാസകനെ വിനയസമ്പന്നനും, മററുള്ളവരാൽ നമിക്കപ്പെടുന്നവനും ആക്കിത്തീർക്കുന്നു എന്നുള്ള അർത്ഥത്തിലോ, അഥവാ 'പ്രകർഷേണനവം' എന്ന അർത്ഥത്തിലോ, ഓംകാരത്തിന് പ്രണവം എന്ന പേരുസിദ്ധിച്ചതും ഈ ഘട്ടത്തിലാണ്. ഭക്തന്മാരെ സംസാരതരണം ചെയ്യിക്കുന്നതിനാൽ താരമെന്നും, വേദങ്ങളുടെ ആദിയിൽ പ്രയോഗിക്കപ്പെടുന്നതിനാൽ ആദിബീജമെന്നും അതിന് പേരുകളുണ്ടായി. Logos അല്ലെങ്കിൽ ആദ്യവും അഭിവ്യാപ്തവുമായ ശബ്ദസത്ത എന്ന അർത്ഥത്തിൽ അത് ശബ്ദബ്രഹ്മമായും അറിയപ്പെട്ടു.

ഓംകാരത്തിൽ അത്യുച്ച്റിതങ്ങളായ ഈ അനുകല്പനങ്ങൾ എങ്ങിനെയുണ്ടായിഎന്ന് ഇനി ചിന്തിക്കേണ്ടിയിരിക്കുന്നു. ഉപനിഷത്തുകളുടെ പ്രധാന സിദ്ധാന്തം ജീവാത്മപരമാത്മാക്കളുടെ ഐക്യം അഥവാ അഭിന്നത്വം ആണല്ലോ. അത് അത്യന്തം ദുരവഗാഹമായ ഒരു സിദ്ധാന്തമാണുതാനും. അതിൽ എത്തിച്ചേരുന്നതിന്— ഈ ബ്രഹ്മസാക്ഷാത്കാരത്തിന്— രണ്ടു മാർഗ്ഗങ്ങളെയാണ് ഉപനിഷത്തുകൾ ഉപദേശിക്കുന്നത്. ഒന്ന് തത്വദർശന (ജ്ഞാന) മാർഗ്ഗം, മററത് ഉപാസനാമാർഗ്ഗം. വേദവിഹിതമായ കർമ്മകാണ്ഡത്തിനും, വേദാന്തസിദ്ധാന്തമായ ജ്ഞാനകാണ്ഡത്തിനും മദ്ധ്യവർത്തിയായിട്ടാണ് ഉപാസനാകാണ്ഡം നിലകൊള്ളുന്നത്. അതായത് ഉപനിഷത്കാലത്തിൻെറ പ്രാരംഭഘട്ടത്തോട് അനുബന്ധിച്ചുള്ള പരിവർത്തനദശയേയാണ് അത് പ്രതിനിധീകരിക്കുന്നത്. ഈ ഘട്ടത്തിൽ ബാഹ്യങ്ങളായ ഉപാധികളിൽനിന്ന് വിട്ടത്തപ്പെട്ട ചിന്താഗതി ആന്തരമായ ഒരുപാധിയെ ആലംബനമായി സ്വീകരിക്കുന്നതാണ് നാം കാണുന്നത്. മനസ്സിൻെറ സമീകരണത്തിനും, നിയന്ത്രണത്തിനും സമുചിതമായ ആലംബനമായി ഋഷികൾ നിർദ്ദേശിക്കുന്നത് ഈ ഓംകാരത്തെത്തന്നെയാണ്. പരാപരബ്രഹ്മങ്ങളുടെ സാക്ഷാത്കാരത്തിന് പരമമായ ആലംബനമാണ് പ്രണവമെന്ന് ഉപനിഷത്തുകൾ ഘോഷിക്കുന്നു. അങ്ങിനെ ഓംകാരത്തിന് ചുററും പാവനവും അനിതരസാധാരണവുമായ ഒരു പ്രഭാപ്രസരം സംക്രമിച്ചു. വിവിധങ്ങളായ ഉപാസനകളെല്ലാംതന്നെ അവസാനത്തിൽ, 'ഉദ്ഗീഥ' മെന്നറിയപ്പെടുന്ന പ്രണവത്തിൻെറ ഉപാസനയിൽ മുത്തായിക്കപ്പെട്ടു. ഈ പ്രണവവിദ്യ ജീവാത്മപരമാത്മാക്കളുടെ ഐക്യസാക്ഷാത്കാരത്തിനുള്ള ബ്രഹ്മവിദ്യയുടെ പ്രഥമസോപാനമായി ത്തീരുകയും ചെയ്തു.

പ്രാചീനങ്ങളും ഗദ്യമയങ്ങളുമായ ഉപനിഷത്തുകളിലാണ് നാം ഈ സിദ്ധാന്തത്തിൻെറ വളർച്ചയെ ദർശിക്കുന്നത്.

"ഓമിത്യാത്മനം യുഞ്ജീത, ഏതദ്വൈ മഹോപനിഷദം ദേവാനാം ഗുഹ്യം" — (തൈത്തരീയാരണ്യകം) ,എന്നിങ്ങനെ ബ്രഹ്മോപാസനയ്ക്കുള്ള പ്രതീകമായിട്ടാണ് ഓംകാരത്തെ ആരണ്യകകാലത്തിൻെറ അവസാനദശയിൽ നാം കാണുന്നത്. തൈത്തരിയോപനിഷത്തിൻെറ പ്രഥമാദ്ധ്യായത്തിൽ

ഓംകാരത്തിൻെറ മഹനീയതയെ ഇങ്ങനെ ഉപന്യസിക്കുന്നു.

"യശ്ഛന്ദസാമൃഷഭോ വിശ്വരൂപഃ, ഛന്ദോഭ്യോ ƒ ധ്യമൃതാത് സംബഭൂവ സമേന്ദ്രോ മേധയാ സ്പ്രണോതു, അമൃതസ്യ ദേവധാരണോ ഭൂയാസം ശരീരം മേ വിചക്ഷണം, ജിഹ്വാമേ മധുമത്തമാ; കർണ്ണാഭ്യാം ഭൂരി വിശ്രുവം, ബ്രഹ്മണഃ കോശോ ƒ സി മേധയാ ƒ പിഹിതഃ."

ഈ ഭാഗത്തിൽ നിന്നു് പ്രണവസംകല്പത്തിൻെറ പല പ്രധാനാംശങ്ങളും വ്യക്തങ്ങളാകുന്നതാണു്. "ഓംകാരം ഛന്ദസ്സുകളുടെ സർവ്വവ്യാപിയായ വൃഷഭം (ശ്രേഷ്ഠതമൻ) ആണു്. അതു് വേദത്തിൽ നിന്നു്, അമൃതത്തിൽ നിന്നു് ജനിച്ചു. ആ പ്രകാശമാനനായ ദേവൻ എൻെറ മേധാശക്തിയെ വർദ്ധിപ്പിക്കട്ടെ. ഞാൻ അമൃതത്വത്തിലേക്കു് നയിക്കപ്പെടട്ടെ. എൻെറ ശരീരം ദൃഢതരമാക്കിച്ചെയ്യട്ടെ. എൻെറ നാവു് മധുയ്യം കൊണ്ടു് നിറഞ്ഞതായിത്തീരട്ടെ. അതു് ബ്രഹ്മത്തിൻെറ കോശമാണു്; അതു് മേധാശക്തിയാൽ അപിഹിതമാണു്" പ്രണവത്തിൻെറ വേദപ്രഭവത്വം. കാളിദാസൻെറ "ആസീന്മഹീക്ഷിതാമാദ്യഃ പ്രണവശ്ഛന്ദസാമിവ" എന്ന രഘുവംശശ്ലോകത്തിൽ ക്കൂടി സുതരാം പ്രസിദ്ധമാണു്. ഇവിടെ ബൈബിളിലെ "ആദിയിൽ വാക്കുണ്ടായിരുന്നു. വാക്കു് (Logos) ഈശ്വരനോടു ക്കൂടിയായിരുന്നു" എന്ന ഭാഗംവിശിഷ്യ അനുസ്മരണീയമാണു്.

ഛന്ദഃശബ്ദത്തിൻെറ ആവിർഭാവത്തെപ്പററിക്കൂടി അല്പം വിശദമാക്കേണ്ടതുണ്ടു്. ഛാന്ദോഗ്യോപനിഷത്തിൽ ഇങ്ങിനെ പറയുന്നു:—

"ഛാദനാത് ഛന്ദ ഉദ്ദിഷ്ടം വാസ
സീ ഇവ ചാകൃതേഃ
ആത്മാ സംഛാദിതോ ദേവൈർ
മൃത്യോർഭീതൈസ്തു വൈ പുരാ
ദേവാ വൈർമൃത്യോർബിഭ്യത-
സ്ത്രയീംവിദ്യാം പ്രാവിശൻ"

മരണഭീതന്മാരായ ദേവന്മാരെ ആഛാദനം ചെയ്തു രക്ഷിച്ചതിനാൽ 'ഛന്ദസ്' എന്നു് വേദത്തിനു് പേരുസിദ്ധിച്ചു. എന്നാൽ അടുത്തമന്ത്രത്തിൽതന്നെ ഛന്ദസ്സിനാൽ ആവൃതന്മാരായിരുന്ന ദേവന്മാരെ ജലത്തിൽ മത്സ്യങ്ങളെയെന്നപോലെ മൃത്യു ദർശിച്ചു എന്നും അതറിഞ്ഞു് ദേവന്മാർ അവിടെ നിന്നും ഋഗ്യജുസ്സാമങ്ങളുടെ സ്വരത്തിൽ മറഞ്ഞു എന്നും പറയുന്നു. ഉപനിഷത്തു് പിന്നെ ഇങ്ങിനെ തുടരുന്നു:—

"യദാ വാ ഋചമാപ്നോത്യോമിത്യേവാതിസ്വരത്യേവം സാമൈവം യജുരേഷ ഉ സ്വരോ യദേതദക്ഷരമേതദമൃതമഭയം തത് പ്രവിശ്യദേവാ അമൃതാ അഭയാ അഭവൻ".

ഋഗ്വേദം അഭ്യസിക്കുന്നവൻ ഓം എന്നു് ഉച്ചത്തിൽ ഉച്ചരിക്കുന്നു. സാമയജുസ്സുകളും അതുപോലെ തന്നെ. ഈ സ്വരം തന്നെയാണു് ആ അക്ഷരം. അതിൽ പ്രവേശിച്ച ദേവന്മാർ അമൃതന്മാരും അഭയന്മാരും ആയിത്തീർന്നു. ഈ കാരണംകൊണ്ടു തന്നെയാണു് ഛന്ദസ്സുകളുടെ സാരഭൂതമായ ഓംകാരം ബ്രഹ്മത്തിൻെറ കോശം (ഉറ) ആണെന്നു് പറഞ്ഞിരിക്കുന്നതു്. ഇതിനെത്തന്നെ ഉദ്ദേശിച്ചാണു് "ഓമിത്യേതദക്ഷരമുദ്ഗീഥമുപാസീത" എന്നിങ്ങനെ പ്രണവോപാസനയെ ഗാഢമായി പ്രതിപാദിക്കുന്ന ഛാ

ന്ദോഗ്യോപനിഷത്തു് പ്രാരംഭിക്കുന്നതും. അതിൽതന്നെ തുടൻ് പലഭാഗങ്ങളിലായി ഇങ്ങിനെ കാണുന്നു.

"സ ഏഷ രസാനാം രസതമഃ
പരമഃ........."

"തേനേയം ത്രയി വിദ്യാ വർത്തതേ...."

നാദബിന്ദൂപനിഷത്തിലും പ്രണവത്തെ ഇങ്ങിനെ കീർത്തിക്കുന്നു.

"മകരന്ദം പിബൻ ഭൃംഗോ ഗന്ധാ
ന്നാപേക്ഷതേ യഥാ
നാദാസക്തം സദാചിത്തം വിഷയം
നഹി കാങ്ക്ഷതേ"

അടുത്തതായി ഈ പ്രണവമന്ത്രം ജീവപരന്മാരുടെ ഐക്യത്തെ സമുദാഹരിക്കുന്നതെങ്ങിനെയെന്നു് ചിന്തിക്കാം. "സോഹം" എന്നുപദേശിക്കുന്ന വേദത്തിൽ നിന്നുദിച്ചുയൎന്ന ഓംകാരം അർത്ഥഗർഭമായ ആ വാക്യത്തിന്റെതന്നെ ഹ്രസ്വരൂപമാണു്. ഈ മന്ത്രം മുമ്പു് സൂചിപ്പിച്ചതുപോലെ ബ്രഹ്മത്തെ ആവരണംചെയ്തും അതേസമയത്തു് തന്നെ സാധകന്റെ മേധയാൽ ആവൃതമായും ഇരിക്കുന്നു. ഇവിട്ടത്തെ സങ്കല്പം ബ്രഹ്മം പിതാവെന്നും മേധാശക്തി മാതാവെന്നുമാണു്. അവരുടെ, അർദ്ധനാരീശ്വരഭാവമാണു് താന്ത്രികന്മാരുടെ പ്രണവകല്പന. ആ തത്വത്തേതന്നെയാണു് കാളിദാസൻ "വാഗൎത്ഥാവിവസംപൃക്തൗ" എന്നു പ്രശംസിക്കുന്നതു്.

ഓംകാരത്തിന്റെ അഭിധാശക്തി അതിന്റെ അൎത്ഥശക്തിയുടെ നാലിൽ ഒന്നു മാത്രമാണു് "ത്രീണി പദാനി നിഹിതാനി ഗുഹായാം, തുരീയം വാചം മനുഷ്യാ വദന്തി" എന്നാണു് ഋഗ്വേദോക്തി. പ്രശ്നോപനിഷത്തിലും ഇങ്ങിനെ കാണുന്നു.

"തിസ്രോ മാത്രാ മൃത്യുമത്യഃ പ്രയുക്താ
അന്യോന്യസക്താ അനവിപ്രയുക്താ
ക്രിയാസു ബാഹ്യാന്തരമദ്ധ്യമാസു
സംയക് പ്രയുക്താസു ന കമ്പതേജ്ഞഃ
.............................................
തമോംകാരേണൈവായതനേനാന്വേതി
വിദ്വാൻ യത്തത് ശാന്തമജരമമൃതമഭയം
പരം ചേതി"

മൃത്യുമതികളായ അ, ഉ, മ്, എന്ന മൂന്നുമാത്രകളെ വേണ്ടവണ്ണം അറിഞ്ഞു പ്രയോഗിക്കുന്നവൻ അവിടെ നിന്നും ഭ്രംശിക്കുന്നതല്ല. എന്നാൽ അമൃത്യുമതിയായ നാലാമത്തെ മാത്ര (ആയതനമായ ഓംകാരത്തിന്റെ അർദ്ധമാത്രകയും ബിന്ദുവും കൂടിച്ചേൎന്ന നാലാമത്തെ കല) യാണു് വ്യഞ്ജനാവ്യാപാരത്തിനു് നിദാനമായിരിക്കുന്നതു്. അതിനെ അറിയുന്നവൻ ശാന്തവും അജരവും അമൃതവും അഭയവും പരവുമായ സ്ഥാനത്തെ പ്രാപിക്കുന്നു. ഇവിടെ പ്രണവത്തിന്റെ മൃത്യുമതികളായ മൂന്നു മാത്രകൾ സത്വരജസ്തമോഗുണാത്മകവും സഗുണവുമായ അപരബ്രഹ്മത്തേയും അമൃത്യുമതിയായ നാലാമത്തെ മാത്ര നിർഗ്ഗുണമായ പരബ്രഹ്മത്തേയും സൂചിപ്പിക്കുന്നതായി കല്പന ചെയ്യുന്നു. ആദ്യത്തേതു് ഉപാസനോപാധിയായും രണ്ടാമത്തേതു് ജ്ഞാനോപാധിയായും തീരുന്നു.

പരബ്രഹ്മധ്യാനത്തിനുള്ള പ്രതീകമായി പ്രണവത്തെ ഉപയോഗിക്കുന്നതു് ഉപനിഷത്സമ്മതമായ ഒരു മാൎഗ്ഗംതന്നെയാണു്. കഠോപനിഷത്തിൽ യമൻ നചികേതസ്സിനു് ഇങ്ങിനെ ഉപദേശിക്കുന്നു:—

"ഏതദ്ധ്യേവാക്ഷരം ബ്രഹ്മ ഹ്യേതദേവാക്ഷരം പരം ഏതദ്ധ്യേവാക്ഷരം

ജ്ഞാത്വാ യോ യദിച്ഛതി തസ്യ തത്
ഏതദാലംബനം ജ്ഞാത്വാബ്രഹ്മലോ
കേ മഹീയതേ 1-2-17.

കേനോപനിഷത്തിൽ ഒരിടത്ത് ഈ ആശയത്തെത്തന്നെ കുറേക്കൂടി വിശദമായി പ്രതിപാദിക്കുന്നു.

"പ്രണവം ധനുരിഷ്വാത്മാ ബ്രഹ്മ തല്ലക്ഷ്യമുച്യതേ; അപ്രമത്തേന വേദ്ധവ്യം ശരവത്തന്മയോ ഭവേത്"

പ്രണവമാകുന്ന വില്ലിൽ ആത്മാവാകുന്ന ശരത്തെ തൊടുത്ത് ബ്രഹ്മമാകുന്ന ലക്ഷ്യത്തിലേക്ക് എയ്യുക. ഞാണിൽ നിന്നും പുറപ്പെടുന്ന ആ ശരം ലക്ഷ്യത്തിൽ ലയിച്ച് തന്മയമായിത്തീരുന്നു. ഈ ഭാഗം അതേ രൂപത്തിൽ തന്നെ നാദബിന്ദൂപനിഷത്തിലും കാണുന്നുണ്ട്. പാതഞ്ജലയോഗസൂത്രത്തിൽ ഇങ്ങിനെപറയുന്നു: -

"തസ്യ (ഈശ്വരസ്യ) വാചകഃ പ്രണവഃ തജ്ജപസ്തദർത്ഥഭാവനം."

പ്രണവമന്ത്രത്തിന്റെ നിരന്തരാനുസന്ധാനം ഉപാസകനെ— സാധകനെ— സമാധിയിൽ ലയിപ്പിക്കുന്നു. ജാഗ്രത് സ്വപ്നസുഷുപ്തികളിൽ നിന്ന് വിലക്ഷണമായി, മോഹത്തിൽനിന്നും ഭിന്നമായ ഒരു അസാധാരണ ബോധാവസ്ഥ (Super Consciousness) യാണ് സമാധി. ഈ സമാധിയുടെ നിർവികല്പകാവസ്ഥയിൽ പ്രണവം താരകമന്ത്രമായിത്തീരുന്നു. ഇങ്ങിനെ ബ്രഹ്മസാക്ഷാത്കാരത്തിന്ന് കാരണമായതുകൊണ്ട് ഓം കാരം താരകബ്രഹ്മമെന്ന് അറിയപ്പെടുന്നു.

ഇനി ശാബ്ദികസിദ്ധാന്തമനുസരിച്ച് കൂടി ഓം കാരത്തെപ്പററി അല്പം ചിലത് പ്രസ്താവ്യമായിട്ടുണ്ട്. അന്തശ്ചൈതന്യത്തിന്റെ ഒരു ബഹിഃസ്ഫുരണമാണ് വാക്ക്. ആത്യന്തികമായ ചൈതന്യം അതിന്റെവിവരണത്തിൽ പ്രപഞ്ചസത്തയായി പരിണമിക്കുന്നതിന് മുമ്പ് പ്രവർത്തനക്ഷമമായ ഒരു ശക്തികേന്ദ്രമായിരുന്നു. അതിന്റെ പ്രവർത്തനാരംഭദശയിൽ പ്രപഞ്ചത്തിലേക്ക് പ്രഥമതഃ സംക്രമിച്ച ശക്തിസത്തയാണ് ശബ്ദബ്രഹ്മം അഥവാ നാദബ്രഹ്മം. ജ്ഞാനശക്തിയുടെ പരിണാമമായ ഈ ശബ്ദബ്രഹ്മം അവ്യക്തം, വ്യക്തം, വാണി എന്നിങ്ങിനെ മൂന്നായി തരം തിരിക്കപ്പെടുന്നു. വാണി എന്നറിയുന്ന പ്രകടശബ്ദം ശബ്ദബ്രഹ്മത്തിന്റെ ഒരംശം മാത്രമാണ്. അതിന്റെ ഒരംശം മാത്രമാണ് ഭാഷ അഥവാ വൈഖരി. അന്തഃകരണത്തിൽ ഉദിച്ചുയരുന്ന ചിന്തയിൽ നിന്നാണ് ഈ ശബ്ദം സമുദ്ഭവിക്കുന്നത്. യഥാർത്ഥമായ ശബ്ദസത്ത നിരന്തരമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന ഒന്നാണ്. അതിന്റെ ഭാവങ്ങൾ മനുഷ്യഹൃദയത്തിൽ ഉദിക്കുകയും ലയിക്കുകയും ചെയ്യുന്നതിനേയാണ് നാം സാധരണയായി ഭാഷ എന്നപദം കൊണ്ട് വ്യവഹരിക്കുന്നത്. നിരന്തരമായ ആ ചൈതന്യത്തിലെ മിന്നൽപിണരുകൾ മാത്രമാണ് പദങ്ങൾ. ആ പദങ്ങൾ ഏതോ ചില ആശയങ്ങളെ അഥവാ അർത്ഥങ്ങളെ തെളിച്ചുകാട്ടിയിട്ടു മറയുന്നു.

ബിന്ദുരൂപമായ ആദ്ധ്യാത്മിക ചൈതന്യത്തേയും ബീജരൂപമായ പദാർത്ഥസത്തയേയും സംഘടിപ്പിക്കുകയാണ്— ജഡവും ചൈതന്യവുമായ സത്ഭാവത്തെ ഏകത്ര ആവിഷ്കരിക്കുകയാണ് നാദം—പ്രണവം — ചെയ്യുന്നത്. ഈ പ്രണവം, ശബ്ദസത്തയുടെ നാലുപരിണാമഘട്ടങ്ങളേയും ഒരുപോലെ ആദാനം

ചെയ്യുന്നുണ്ട്. സൂക്ഷ്മമായ — ആത്യന്തികമായ — ഭാവത്തിൽ എല്ലാ ശബ്ദങ്ങളേയും അതു് ഉൾകൊള്ളുന്നു. എല്ലാ ജീവികളുടേയും അന്തർവത്തിയായ ജീവകേന്ദ്രത്തിൽ അതു് ഈ സൂക്ഷ്മഭാവത്തിൽ ലയിച്ചിരിക്കുന്നു. തൻെറ ചിന്തകളെ പ്രകടിപ്പിക്കുന്നതിൽ ഉത്സുകനാകുന്ന ജീവി തൻെറ പ്രാണശക്തിയേ ഈ ശബ്ദസത്തയിൽ പ്രവത്തിപ്പിക്കുന്നു. അങ്ങിനെ അവിടെ ഉണ്ടാകുന്ന തരംഗങ്ങൾ ജ്ഞാനത്തിന്നു് വിഷയമായ ചിന്തകളായി പരിണമിക്കുന്നു. ഈ ഭാവത്തേ ആചാര്യന്മാർ പശ്യന്തി എന്നു് പറയുന്നു. ഈ ആശയം ക്രമേണ അകരാദ്യക്ഷരരൂപത്തിൽ സംപുഷ്ടമാകുന്നു. ഈ അവസ്ഥയാണ് മദ്ധ്യമാ അതായതു് വക്താവിന്നു് മാത്രം അറിയപ്പെടാൻ കഴിയുന്ന ശബ്ദസ്വരൂപം — എന്നു് അറിയപ്പെടുന്നതു്. പ്രാണശക്തി ഈ ശബ്ദസ്വരൂപത്തേ കണ്ഠാദിസ്ഥാനങ്ങളിൽ പ്രവത്തിപ്പിച്ചു് ശ്രാവ്യമായ വൈഖരിയായി പരിണമിപ്പിക്കുന്നു. ഈ പരിണാമഗതിയെ പ്രപഞ്ചസാരത്തിൽ ഇങ്ങിനെ വർണ്ണിക്കുന്നു.

"മൂലാധാരാത് പ്രഥമമുദിതോ യസ്തു
ഭാവഃ പരാഖ്യഃ
പശ്ചാത് പശ്യന്ത്യഥഹൃദയഗോ
ബുദ്ധിയുങ്മദ്ധ്യമാഖ്യഃ
വക്ത്രേ വൈഖര്യഥ രുരുദിഷോരസ്യ
ജന്തോഃ സുഷുമ്നാ-
ബദ്ധസ്തസ്മാദ് ഭവതി പവന
പ്രേരിതോ വർണ്ണസംഘഃ.

ഇതിൽ മൂന്നാമത്തെ ഭാവത്തേയാണ് സ്ഫോടമെന്നു് വയ്യാകരണന്മാരും അവരെത്തുടന്നു ചിലപ്പോൾ ആലങ്കാരികന്മാരും പറയുന്നതു്. അതിനെപ്പററി സമഗ്രമായി ചച്ച്ചെയ്യുന്നതിന്നു് വേറൊരുപന്യാസംതന്നെ വേണ്ടിവരുമെന്നുള്ളതിനാൽ ഈ ലേഖനത്തിൻെറ പരിധിയേ അങ്ങോട്ടു് സംക്രമിപ്പിക്കുന്നില്ല.

ഉപസംഹാരരൂപത്തിൽ ഒരുവാക്കുകൂടി. ആധുനികന്മാരായ ഭൗതികശാസ്ത്രവാദികൾ പ്രപഞ്ചസത്തയേ പരിശോധിച്ചു് അവസാനത്തിൽ എത്തിയിരിക്കുന്നതു് ഈ പ്രപഞ്ചം സംഭാവ്യതയുടെ തരംഗങ്ങൾ (Waves of Probability) മാത്രമാണെന്നുള്ള സിദ്ധാന്തത്തിലാണ്. അതിൽ വല്ല പരമാത്ഥവും ഉണ്ടെങ്കിൽ ഈ പ്രപഞ്ചം ചിന്തയാകുന്ന അവ്യക്തതയിൽ ലയിച്ചിരിക്കുന്ന നാദബ്രഹ്മത്തിൻെറ തരംഗപരമ്പരയാണെന്നുള്ള സിദ്ധാന്തത്തിലേക്കല്ലേ നാം വീണ്ടും എത്തിച്ചേരുന്നതെന്നു് സംശയിക്കേണ്ടിയിരിക്കുന്നു.

# ചാക്യാർക്കൂത്ത്

എൻ. ദിവാകരക്കുറുപ്പ്. കൈതക്കോട്ട്.

പുരാതനകാലംമുതൽക്കു തന്നെ കേരളത്തിൽ പുരാണകഥകൾ വിസ്തരിച്ചുപറഞ്ഞു മനസ്സിലാക്കുന്നതിനായി പല ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നു. പാമരന്മാരായ ആളുകളിൽ പുരാണകഥാസക്തി വർദ്ധിപ്പിക്കുന്നതിനായി കഥകളെ വിസ്തരിച്ചു, തന്മയത്വേന അഭിനയിച്ചു കാണിക്കുക സാധാരണമായിരുന്നു. അങ്ങനെയുള്ള ഒരു പ്രകടനമാണ് കൂത്ത്.

ഇപ്രകാരം പുരാണകഥകളെ പലപല ചമൽക്കാരങ്ങളോടുകൂടി വർണ്ണിച്ച് ജനങ്ങളെ ആകർഷിച്ചു രസിപ്പിച്ചുപോരുന്നതിൽ ചാക്യാന്മാർ അതിസമർത്ഥന്മാരായിരുന്നു. അതിനാൽ പ്രസ്തുത കൂത്തിനു ചാക്യാർക്കൂത്ത് എന്നു നാമം സിദ്ധിച്ചു.

പൗരാണികകഥകളായതുകൊണ്ട് കൂത്തുപറയുന്നതു കേൾക്കാൻ ആളുകൾ വളരെ തത്പരന്മാരായിരുന്നു. എന്നാൽ കാലോചിതമായി അഭിനയിച്ചു രസിപ്പിക്കുന്നതിനു പാടവമുള്ള ചാക്യാന്മാർ അക്കാലത്തു വളരെ കുറവുതന്നെയായിരുന്നു. അതിനാൽ അക്കാലങ്ങളിൽ കൂത്തിനു തുലോം പ്രാധാന്യം സിദ്ധിച്ചു.

ചാക്യാർക്കൂത്തിന്റെ ആഗമത്തെക്കുറിച്ചു പല ഐതിഹ്യങ്ങളും പറഞ്ഞുവരുന്നുണ്ട്. അതിൽ പ്രധാനമായ ഒരു കഥ ചുവടേ ചേർക്കുന്നു.

ഉദയനമഹാരാജാവിന്റെ പുത്രനായ വത്സരാജകുമാരൻ മൃഗയാവിനോദാർത്ഥം വനത്തിൽ സഞ്ചരിക്കുന്ന കാലത്ത് ഒരു പ്രഭാതത്തിൽ അച്ഛോദസരസ്സിന്റെ പ്രാന്തപ്രദേശങ്ങളിൽ ചെന്നുചേർന്നു. അതിമനോഹരങ്ങളായ സരോരുഹങ്ങൾ നിറഞ്ഞ ആ സരസ്സിന്റെ തീരത്തിൽ സംഗീതാദി വിനോദങ്ങളിൽ നിഭൃതരായിരുന്ന ദേവാംഗനമാരുടെ ദാസനായി ഒരു യോഗീശ്വരനെ രാജകുമാരൻ കണ്ടു. കുമാരൻ അയാളുടെ അടുത്തുചെന്നു കുശലപ്രശ്നം ആരംഭിച്ചു. അല്പസമയം കഴിഞ്ഞ് സന്യാസിയുടെ അപേക്ഷ അനുസരിച്ച് രാജകുമാരൻ കൊട്ടാരത്തിൽ പോയി തന്റെ മാതാവിന്റെ കൈയ്യിൽ കിടന്ന കങ്കണം വാങ്ങിക്കൊണ്ടുവന്ന് അയാൾക്കു സമ്മാനിച്ചു. വൃദ്ധൻ ചാരിതാർത്ഥ്യത്തോടെ ആ കങ്കണത്തെ അപ്സരസ്ത്രീകളുടെ മുമ്പിൽ അർപ്പിച്ചു ശാപവിമുക്തനായി.

ഇപ്രകാരം ശാപമോക്ഷം സമ്പാദിച്ച വാസുകീപുത്രൻ സന്തോഷത്തോടുകൂടി രാജകുമാരനെ ക്ഷണിച്ചു പാതാളത്തിൽ കൊണ്ടുപോയി. കുറച്ചുനാൾ കഴിഞ്ഞു രാജകുമാരൻ കൊട്ടാരത്തിൽ തിരിച്ചുപോകാൻ തുടങ്ങിയപ്പോൾ വാസുകി, കുമാരന് ഒരു ആനയെയും കുതിരയെയും സമ്മാനിച്ചു യാത്രയയച്ചു.

ഗജശുശ്രൂഷണത്തിൽ നിഭൃതനായിരുന്ന രാജകുമാരനെ മന്ത്രിമാർ ശ്രദ്ധതന്ത്രങ്ങൾ പ്രയോഗിച്ച് രാജ്യഭരണകാര്യത്തിൽ പ്രവേശിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ആനകളിൽ ഒന്ന് ശൃംഖല പൊട്ടിച്ചു ദേശാന്തരം പ്രാപിച്ചു. ആ മത്തകളഭത്തെ അന്വേഷിച്ചു യാത്രതുടർന്ന രാജകുമാരനെ സാല്വ

രാജാവു് ബന്ധനസ്ഥനാക്കി രാജ്യം കൈവശപ്പെടുത്തി.

വിവരം മനസ്സിലാക്കിയ മന്ത്രിമാർ കുമാരനെ അന്വേഷിച്ചു് അലഞ്ഞുതുടങ്ങി. അവരിൽ ബ്രാഹ്മണ മന്ത്രിയായ വസന്തകൻ സാല്വരാജധാനിയിൽ പ്രവേശിച്ചു് രാജാവിൻെറ പട്ടമഹിഷിയായ മന്ദാരമാലയുടെ പരിചാരകനായിത്തീൎന്നു. ഇതിനിടക്കു വത്സരാജകുമാരൻ സാല്വരാജപുത്രിയായ വാസവദത്തയിൽ അനുരക്തനാവുകയും ആ പ്രേമം ദൃഢതരമാക്കുകയും ചെയ്തു.

വസന്തകൻ വേഷപ്രച്ഛന്നനായി മന്ദാരമാലയുടെ സമീപത്തിരുന്നു പുരാണകഥകൾ വിസ്തരിച്ചുകേൾപ്പിച്ച പ്രകാരമാണു് ചാക്യാർ കഥാപ്രസംഗം ചെയ്യുന്നതു് എന്നു പറഞ്ഞു പോരുന്നു.

കൂത്തിനായി ഉപയോഗിച്ചുവന്നിരുന്നതു് പുരാണകഥകൾ ആയിരുന്നു എന്നു് പറഞ്ഞുവല്ലോ. ഇതിനു ധാരാളം ഔചിത്യങ്ങളുണ്ടു്. ഒന്നാമതായി മാതൃകാപുരുഷകേസരികളായ പുരാണപുരുഷന്മാരുടെ വീരപരാക്രമങ്ങളും വിനയാദിസൽഗുണങ്ങളും ആളുകളെ ആകർഷിക്കാൻ പര്യാപ്തമായിരുന്നു. പാടവത്തോടെ അഭിനയിക്കാൻ സമർത്ഥന്മാരായ ചാക്യാന്മാരും അന്നുണ്ടായിരുന്നു. പ്രസിദ്ധമായ "നിരനുനാസിക" പ്രബന്ധം അഭിനയിച്ചു കുട്ടഞ്ചേരി ഇരവിചാക്യാരോടു് തത്കർത്താവും പണ്ഡിതാഗ്രേസരനുമായ മേല്പത്തൂർ നാരായണഭട്ടതിരി "ചാക്യാരേ, ഇതു വിചാരിച്ചില്ല", എന്നു വിസ്മയഭരിതനായി പറഞ്ഞതും, ചാക്യാർ ഭട്ടതിരിയുടെ ശ്ലോകങ്ങൾ സരസമായി ചൊല്ലി, വിസ്തരിച്ചു്, വ്യാഖ്യാനിച്ചു് തന്മയത്വേന അഭിനയിച്ചപ്പോൾ ആ ശ്ലോകങ്ങൾ തൻെറതു തന്നെയോ എന്നു് ഭട്ടതിരി സംശയിച്ചതും പ്രസിദ്ധമാണല്ലോ.

പ്രപഞ്ചഗതിയേയും അവതാരരഹസ്യങ്ങളെയും മററും അറിയുന്നതിനു് ആസക്തിയുള്ള ആളുകളുടെ സംഖ്യ വർദ്ധിച്ചിരുന്നു. അവയെ ഫലിതപൂർവം പറഞ്ഞു് മനസ്സിലാക്കുന്നതിനു് പാടവമുള്ള ആളുകൾ കുറഞ്ഞിരുന്നതിനാൽ പുരാണകഥകളെ കൂത്തിനു് ഉപയുക്തമാക്കിത്തീർത്തതു് അന്നത്തെ നടനവിദഗ്ദ്ധന്മാരുടെ നേട്ടമാണു്. ഇപ്രകാരം പുരാണകഥകളെ പ്രചരിപ്പിക്കുന്നതിനു് ശ്രമം ചെയ്തുവന്ന മഹാന്മാർ ഔചിത്യപൂർവം പ്രയോഗിച്ച ഉപായമായിരുന്നു കൂത്തിനായി ഉപയോഗിച്ച പ്രബന്ധം.

ജനനിബിഡമായ സങ്കേതത്തിൽ വിശേഷവേഷഭൂഷിതനായി ഉപവേശിക്കുന്ന ചാക്യാർ ആദ്യമായി ഈശ്വരസ്തുതി ചെയ്യുന്നു. വിഷ്ണുപരമായ കഥയാണു് ഉപന്യസിക്കുന്നതെങ്കിൽ.

"ഘോരാണാം ദാനവാനാം നിരുപമ പൃതനാ-
ഭാരഖിന്നാം ധരിത്രീ-
മോരോ ലീലാവതാരൈരെഴകിനൊടു സമാ-
ശ്വാസയന്തം നിതാന്തം
ക്ഷീരാംഭോധൗ ഭുജംഗാധിപ ശയനതലേ
യോഗനിദ്രാമുദാരം
നേരേ കൈക്കൊണ്ടു ലക്ഷ്മീകുളർമുല പുണരും
പത്മനാഭം ഭജേഥാഃ"

എന്ന ഭാഷാശ്ലോകമാണു ചൊല്ലാറുള്ളതു്.

ശിവപരമായ കഥ പറയുവാനാണു് ഭാവമെങ്കിൽ താഴെ ചേർക്കുന്ന ശ്ലോകം കൂടി ചൊല്ലിവരാറുണ്ടു്.

"ലോകാനാമേകനാഥം പദതളിരിൽ വണ-
ങ്ങും ജനാനാമശേഷാ-
മാകാംക്ഷാം പൂരയന്തം നയനശിഖിശിഖാ-
ലീഢചൂതായുധാംഗം

ഏകീഭാവായ കുന്നിൻ മകളെ നിജശരീ-
രാദ്ധമായ് ചേർത്തു ചേർത്തും
ഭോഗോന്മേഷം വളക്കും വിബുധ പരിവൃഢം
ചന്ദ്രചൂഡം ഭജേഥാഃ"

ഇതിനു ശേഷം അതിവിപുലവും അത്ഥഗർഭവും ആയുള്ള ഗദ്യം ആരംഭിക്കുന്നു. അതിൻെറ ഒരു മാതൃക താഴെ ചേക്കുന്നു.

"പുരുഷാത്ഥചതുഷ്ടയത്തെ സാധിപ്പാനായിക്കൊണ്ട് ത്രൈലോക്യനാഥനായിരിക്കുന്ന സാക്ഷാൽ ശ്രീപരമേശ്വരസ്വാമിയെ സവ്വദാ ഹൃദയകമല കണ്ണികാമദ്ധ്യത്തിങ്കൽ വച്ച് ഭക്തിപുരസ്സരമാകുംവണ്ണം ഉപാസിച്ചുകൊള്ളണം........." എന്നിങ്ങനെയുള്ള ഗദ്യ പ്രവചനത്തിനു ശേഷം കഥാസൂചനയോടുകൂടി,

"എന്തു പാപമവിനീതനായ് ഭുവനസുന്ദ-
രാംഗികളിലാശപൂ-
ണ്ടന്ധനായ് കുറിവരച്ചുമാത്തു തിലകങ്ങളും-
ചേർത്തുമതിസംഭ്രമാത്
ഹന്ത! നീളെ വലയായ്കു ചിത്ത! തവബന്ധു-
വാരിതു നിനയ്ക്കെടോ!
അന്തകൻ വരവിലാധിതീപ്പതിനു ചന്ദ്ര-
മൗലി കൃപയെന്നിയേ."

എന്ന ശ്ലോകം ചൊല്ലിയിട്ടു പരമശിവൻ സേവ്യനെന്നു സമത്ഥിക്കുന്നു. വിഷ്ണുപരമായ കഥയാണെങ്കിൽ സമുചിതമായ വ്യത്യാസത്തോടുകൂടി വിഷ്ണു സേവ്യനെന്നു സാധിക്കുന്നു.

അതിനു ശേഷം കഥാപ്രവചനത്തിൽ പ്രവേശിച്ച് പദ്യങ്ങളെയും ഗദ്യങ്ങളെയും സന്ദർഭോചിതമായ അഭിനയപാടവത്തോടുകൂടി വിസ്തരിച്ച്, വ്യാഖ്യാനിച്ച് ശ്രോതാക്കളെ മനസിലാക്കി മംഗളത്തോടുകൂടി അവസാനിപ്പിക്കുന്നു.

ഭാഷാരീതി ആദ്യകാലങ്ങളിൽ കൂത്തിനായി ഉപയോഗിച്ചിരുന്ന ഭാഷ മലയാളമായിരുന്നു എന്ന് മേൽ ഉദ്ധരിച്ച ഗദ്യപദ്യങ്ങൾ സ്പഷ്ടമാക്കുന്നല്ലോ. കാലാന്തരത്തിൽ തിരുവഞ്ചിക്കുളത്തു വാണരുളിയിരുന്ന കുലശേഖരൻ "സുഭദ്രാധനഞ്ജയം" മുതലായ സംസ്കൃതപ്രബന്ധങ്ങളുണ്ടാക്കി ചാക്യാന്മാരെക്കൊണ്ട് അഭിനയിപ്പിച്ചു തുടങ്ങി. എന്നാൽ അവ സാധാരണക്കാക്ക് മനസ്സിലാക്കാൻ വിഷമമായി തീന്നതിനാൽ വിദൂഷകനെക്കൊണ്ട് സംസ്കൃതശ്ലോകങ്ങളുടെ ഒരു പരിവത്തനം ഭാഷയിൽ അവതരിപ്പിച്ച് മേല്പറഞ്ഞ ദോഷം പരിഹരിച്ചു. ഉദാഹരണമായി ധനഞ്ജയ നടകത്തിലെ

"ഭോ, ഭോ ഭഗവന്തോ മഹഷയഃ!
ഭിക്ഷാം ദത്ത, ഭിക്ഷാം ദത്ത."

എന്നുള്ള സംസ്കൃതശ്ലോകത്തിന്,

ദൈവാധീനമശേഷമെന്നു മനസാ
ചിന്തിച്ചു ഭൂമീതളാം
സേവാ ദുഃഖമിളച്ചു കൊണ്ടു സുഖമേ
വാഴുന്ന സാധുക്കളേ!
സ്ത്രീഭോഗാദി വിരക്തിപൂണ്ടു വിപിനേ
വാഴും മഹാത്മാക്കളെ!
ഭോ ഭോ ഭിക്ഷതരേണമേ മുനികളേ
പാരം വലഞ്ഞേനഹം.

എന്ന് വിദൂഷകൻെറ പരിഭാഷകൊണ്ടു ശ്രോതാക്കളെ വശീകരിക്കുന്നു.

മദ്ധ്യകാലത്തിൽ വിദ്വാന്മാരായ നമ്പൂതിരിമാർ പുരാണകഥകളെ ഭാഷാചമ്പൂരൂപത്തിൽ ഉണ്ടാക്കി, ചാക്യാന്മാരെക്കൊണ്ട് കൂത്തുപറയിച്ചു പോന്നു. ഈ സമ്പ്രദായം കേരളത്തിൽ തുടന്നുകൊണ്ടു പോന്നിരുന്ന കാലത്താണ് മേല്പത്തൂർ നാരായണ ഭട്ടതിരി പ്രസിദ്ധനായി തീന്നത്. അദ്ദേഹത്തിൻെറ മദ്ധ്യവയസ്സിനു ശേഷം അതിന് ഒരു ഭേദം വന്നുകൂടി.

# അന്ത്യസ്മിതം.

സം. ശിരോമണി പി. കെ. ഗോവിന്ദപ്പിള്ളശാസ്ത്രി (Arts College)

I

ശ്രീമാൻ നാരായണപിള്ള ക്രോധാകുലനായിട്ടാണു് കരുനാഗപ്പള്ളിയിൽ നിന്നും തിരുവനന്തപുരത്തുള്ള തന്റെ വസതിയിൽ മടങ്ങിയെത്തിയതു്. അദ്ദേഹത്തിന്റെ മുഖത്തിൽ അപ്പോൾ നിഴലിച്ചിരുന്ന അസാധാരണമായ ഭാവവ്യത്യാസം കണ്ടു്, മകൻ കൃഷ്ണമേനവനും ഭാര്യ പാർവതിയമ്മയും പരിഭ്രമിച്ചു. എന്നാൽ അവർക്കു കാര്യമറിയാതെ അധികനേരം ബുദ്ധിമുട്ടേണ്ടിവന്നില്ല. "അവൻ നമ്മെ വഞ്ചിച്ചു" ഒരു ആവേശത്തോടുകൂടി നാരായണപിള്ള പറഞ്ഞു.

തന്റെ ശ്വശുരന്റെ ഗൃഹത്തിൽപോയി തിരിച്ചുവന്നതായ അച്ഛനിൽനിന്നും ഈ വാക്കുകൾ കേട്ടപ്പോൾ, അവിടെ എന്തോ കലഹം ഉണ്ടായിക്കാണുമെന്നു് കൃഷ്ണമേനോൻ അനുമാനിച്ചു. എന്നാൽ അപ്പോൾ അച്ഛന്റെ മുഖത്തു നോക്കുവാനോ എന്തെങ്കിലും സംസാരിക്കുവാനോ അദ്ദേഹത്തിനു ധൈര്യമുണ്ടായില്ല. ഒടുവിൽ പാർവതിയമ്മ ചോദിച്ചു "എന്താണീ ഭാവപ്പകർച്ച? ആരാണു വഞ്ചിച്ചതു്"

നാരായണപിള്ള — ആ വഞ്ചകൻ! ശങ്കരപ്പിള്ള.

പാർവതി — ഏതു ശങ്കരപ്പിള്ള?

നാരാ — ആ ദുഷ്ടൻ- കൃഷ്ണന്റെ ഭാര്യേടെ അച്ഛൻ!

പാർവതി — അദ്ദേഹം എന്തൊന്നു വഞ്ചിച്ചു?

നാരാ— കൃഷ്ണനെ ഇംഗ്ലണ്ടിലയക്കാൻ പണം തരാം, ഇരുപത്തയ്യായിരം ഉലുവാ കയ്യിലുണ്ടെന്നും മററും പറഞ്ഞല്ലേ, കൃഷ്ണനെക്കൊണ്ടു് അവന്റെ മകളേ കല്യാണം കഴിപ്പിച്ചതു്. ഇപ്പോൾ ചെന്നു ചോദിച്ചപ്പോൾ കൈ മലത്തി കാണിക്കുന്നു.

കൃഷ്ണമേനവന്റെയും പാർവതിയമ്മയുടെയും മുഖത്തു് അത്ഭുതവും വ്യസനവും കളിയാടി.

പാർവതി — അദ്ദേഹം സത്യസന്ധനും

---

സംസ്കൃതപാണ്ഡിത്യമുള്ള ചാക്യാന്മാരുടെ ആവിർഭാവത്തോടുകൂടി കൂത്തിന്റെ ഭാഷയും സംസ്കൃതമായി രൂപാന്തരപ്പെട്ടു. ഇങ്ങനെ ഉണ്ടായിട്ടുള്ള സംസ്കൃത പ്രബന്ധങ്ങൾ ഉരുവിട്ടു് മുഴുവൻ സംസ്കൃതമായി തീർന്നു.

ആധുനികകാലത്തു് ചാക്യാർക്കൂത്തു പഴയ കളരികളിൽ സ്ഥാനം പിടിച്ചു. എന്നിരുന്നാലും വടക്കൻ ക്ഷേത്രങ്ങളിൽ കൂത്തു മുടങ്ങാതെ കഴിച്ചുവരാറുണ്ടു്. അഭിനയപാടവത്തിലുള്ള അഭാവം കൊണ്ടും പ്രബന്ധത്തിലുള്ള സംസ്കൃതസങ്കലനം കൊണ്ടും കാലത്തിന്റെ മാററം കൊണ്ടും ജനങ്ങൾക്കു ഇപ്പോൾ ഇതിൽ അഭിരുചി കുറഞ്ഞുപോയി.

നീതിജ്ഞനും ആണെന്നാണല്ലോ കേൾവി! അദ്ദേഹം എന്തു പറഞ്ഞു?

നാരാ — സത്യവും നീതിയുമെല്ലാം പണത്തോടടുക്കുന്നതുവരെ.

പാർവതി— അദ്ദേഹം എന്താണു സമാധാനം പറഞ്ഞതു്?

നാരാ— എന്തോന്നു സമാധാനം? അവൻ എല്ലാ ഉലുവായുംകൂടി ബാങ്കിൽ ഇട്ടിരുന്നെന്നും ബാങ്കു പൊടിഞ്ഞുപോയെന്നുമാണു്.

കൃഷ്ണ— അതു സത്യമായിരിക്കും. ബാങ്ക് പൊളിഞ്ഞിട്ടു് പല ധനവാന്മാരും പാപ്പരായിത്തീർന്നിട്ടുണ്ടു്.

നാരാ— നിനക്കെന്തറിയാം? അവൻ 200 രൂപ തികച്ചു കണ്ടിട്ടില്ല. എങ്ങനെയെങ്കിലും മകളേ ആരുടെ തലയിലെങ്കിലും കെട്ടിവെച്ചാൽ പിന്നെ ഇവരുടെ ഭാവമെല്ലാം മാറും. ഇങ്ങനെ ഓരോരുത്തർ എത്രപേരെയാണു് കുഴിയിൽ ചാടിക്കുന്നതു്?

കൃഷ്ണ— അദ്ദേഹം അസത്യം പറയുകയോ പ്രവത്തിക്കുകയോ ഉണ്ടായിട്ടില്ലെന്നാണു് എൻെറ അറിവു്. ആളോഹരിക്കാലത്തു് അദ്ദേഹം വിചാരിച്ചിരുന്നെങ്കിൽ ഒരു കുബേരനാകാമായിരുന്നു. എന്നാൽ ഒരു കാശു പോലും ആരോടും വാങ്ങിച്ചില്ല.

നാരാ— അവനു് അതിനു സാമത്ഥ്യമില്ലായിരുന്നു. പരാതിയുണ്ടാകാതെ വാങ്ങിക്കാൻ ഒരു സാമത്ഥ്യം പ്രത്യേകം തന്നെ വേണം. അതുകൊണ്ടാണു് അവൻ ഒരു രൂപയും സമ്പാദിച്ചിട്ടില്ലെന്നു ഞാൻ പറയുന്നതു്.

കൃഷ്ണ:—കൈക്കൂലിവാങ്ങിക്കുന്നതു് ഒരു സാമത്ഥ്യമാണോ?

നാരാ:—നിൻെറ തത്വജ്ഞാനം ഒന്നും കേൾക്കണ്ടാ. ഇനിയും നമുക്ക് പററിയ മണ്ടത്തരത്തേപ്പററി പറഞ്ഞിട്ടു കാര്യമില്ല. അവൻ സത്യവനാണെന്നു വിശ്വസിച്ചതുകൊണ്ടാണു് ഞാൻ നേരത്തേ പണം വാങ്ങാഞ്ഞതു്. അതെല്ലാം പോകട്ടെ. നിനക്കു ഞാൻ വേറെ വിവാഹം നിശ്ചയിച്ചുകഴിഞ്ഞു.

ഇതുകേട്ടപ്പോൾ കൃഷ്ണമേനോൻ അറിയാതെ ഒന്നു ഞെട്ടി. അദ്ദേഹം ബീ. ഏ. എം. ബി. ബിസു് എന്നീപരീക്ഷകളിൽ പ്രശസ്തമാകുംവണ്ണം വിജയിയായിട്ടു് അധികം താമസിയാതെതന്നെ ഉദ്യോഗത്തിൽ പ്രവേശിച്ചു. കരുനാഗപ്പള്ളി ആശുപത്രിയിലാണു് ആദ്യം നിയമിച്ചതു്. പുതിയ ഡാക്കുരുടെ ചികിത്സ നൈപുണ്യവും സ്വഭാവമാഹാത്മ്യവും രൂപസൗഭാഗ്യവും പെട്ടെന്നു പ്രസിദ്ധമായിത്തീൎന്നു. ഇപ്പോൾ അദ്ദേഹത്തിനു് ഇരുപത്തഞ്ചു വയസ്സു തികഞ്ഞിരിക്കുന്നു.

കരുനാഗപ്പള്ളിയിൽ പൂന്തോട്ടം ഭവനത്തിലേ ഒരു പെൻഷൻഡ് സബ്‌രജിസ്ട്രാർ ആണു് നമുക്കു മുൻപു പരിചിതനായ ശ്രീ: ശങ്കരപ്പിള്ള അവർകൾ. അദ്ദേഹം സത്യനിഷ്ഠയിലും നീതിനിഷ്ഠയിലും അദ്വിതീയനായ ഒരു ഉദ്യോഗസ്ഥനായിരുന്നു. അതുകൊണ്ടു് ഇന്നും ജനസമ്മതനായിത്തന്നെ കഴിഞ്ഞുവരികയാണു്. ഭാര്യയായ ഗൗരിയമ്മയും അദ്ദേഹത്തിനു സകലവിധത്തിലും യോജിച്ച ഒരു സഹധമ്മിണിയായിരുന്നു. ആ ഉത്തമദമ്പതികളുടെ ഏകസന്താനവല്ലിയാണു് സുശീല. മകളോ ഏതുവിധത്തിലും ഒരു ആദശ

വനിതയാക്കിത്തീർക്കാനായിരുന്നു അദ്ദേഹത്തിന്റെ ശ്രമം. സുശീലയ്ക്കു് ഏകദേശം ഋന്നു വയസ്സായപ്പോഴം, വിദ്യാഭ്യാസത്തിലും രൂപലാവണ്യത്തിലും സ്വഭാവമഹിമയിലും ഉൽകൃഷ്ടയായിത്തീർന്നിട്ടു, അച്ഛനെ കൃതകൃത്യനാക്കി.

ആ സമയത്താണു് കൃഷ്ണമേനവൻ ആ സ്ഥലത്തു് ഡാക്ടറായിവന്നതു്. ഏതൊരു കന്യകാപിതാവും, ജാമാതാവാക്കുവാൻ ആഗ്രഹിക്കുന്നവിധം സകലസൗഭാഗ്യവും തികഞ്ഞ ആളായിരുന്നു ശ്രീമാൻ മേനവൻ എന്നു മുമ്പു പറഞ്ഞതിൽ നിന്നും വ്യക്തമായിരിക്കുമല്ലൊ. ശ്രീമാൻ ശങ്കരപ്പിള്ള വേണ്ടവിധത്തിൽ ആലോചനനടത്തുകയും അങ്ങനെ സുശീലയും കൃഷ്ണമേനവനും ദമ്പതിമാരായിത്തീരുകയും ചെയ്തു. കുടുംബമാഹാത്മ്യംകൊണ്ടും സ്വഭാവവൈശിഷ്ട്യംകൊണ്ടും പ്രസിദ്ധനായിരുന്ന ശ്രീ: ശങ്കരപ്പിള്ളയുമായുള്ള ബന്ധം ബുദ്ധിമൊട്ടൊന്നും കൂടാതെ തന്നെ സംഭവിച്ചതിൽ അത്ഭുതപ്പെടുവാനില്ലല്ലൊ. എന്നാൽ പണം സംബന്ധിച്ച ഒരു കരാർ ഉണ്ടായിരുന്നതായി മുമ്പു സൂചിപ്പിച്ചിരുന്നതു് വായനക്കാർ വിസ്മരിച്ചുകൂടാ.

ഏകദേശം ഒരുവർഷത്തോളം കരുനാഗപ്പള്ളിൽ താമസിച്ചിരുന്നതുകൊണ്ടു് പൂന്തോട്ടം ഭവനത്തേപ്പറ്റി കൃഷ്ണമേനവനു നല്ല അറിവുണ്ടായിരുന്നു. സുശീല യഥാർത്ഥത്തിൽ സുശീലതന്നെയായിരുന്നെന്നു് അദ്ദേഹം ധരിച്ചിരുന്നു. ഈ വിവാഹം നടന്നതു് അച്ഛന്റെ ആജ്ഞപ്രകാരം ആയിരുന്നെങ്കിലും അദ്ദേഹത്തിനു് അതിൽ വൈമനസ്യം ഒട്ടും ഇല്ലായിരുന്നു. വിവാഹസമയത്തുമാത്രമാണു് വധുവിനെ അദ്ദേഹം കാണുന്നതു്. പിതൃഭക്തനായ മേനവൻ അച്ഛന്റെ ഏതാജ്ഞയും ശിരസാവഹിക്കാൻ സന്നദ്ധനായിരുന്നു. ഈ വിവാഹം ഉത്തമം എന്നുതന്നെ അദ്ദേഹം തീരുമാനിച്ചിരുന്നു. സുശീല ആദ്യദർശനത്തിൽതന്നെ മേനവന്റെ ഹൃദയത്തെ അപഹരിച്ചു കഴിഞ്ഞു.

വിവാഹാനന്തരം കൃഷ്ണമേനവനു് തിരുവനന്തപുരം ജനറൽആശുപത്രിയിലേക്കു സ്ഥലം മാറേണ്ടിവന്നു. ഇപ്പോൾ അച്ഛന്റെ കൂടെ സ്വഭവനമായ 'ശ്രീവിലാസ'ത്തിൽ താമസിക്കുകയാണു്.

താൻ ഉത്തമമെന്നു വിചാരിച്ച വിവാഹബന്ധം ഇത്ര പെട്ടെന്നു ഭംഗമായതു് ഓർത്തിട്ടാണു് കൃഷ്ണമേനവൻ ഞെട്ടിപ്പോയതു്.

"ആരാണു് പുതിയ വധു?" പാർവ്വതിയമ്മ ജിജ്ഞാസ അടക്കുവാൻ വയ്യാതെ ചോദിച്ചു.

നാരാ:-കേളുക്കുറുപ്പിന്റെ മകൾ പങ്കജം!

ഇതുകേട്ടു് അമ്മയുടേയും മകന്റേയും മുഖം വിവർണ്ണമായി. കേളുക്കുറുപ്പു് ഒരു പഴയ പാർവ്വത്യകാരാണു്. അയാൾ തിരുവനന്തപുരത്തുകാരൻ തന്നെയായിരുന്നതുകൊണ്ടു് അയാളേപ്പററി സകലതും അവർക്കറിയാമായിരുന്നു. അന്യായമായി ധനം സമ്പാദിക്കുന്നതിലും അമിതമായ പലിശക്കു് പണം കടംകൊടുക്കുന്നതിലും അയാൾ കുപ്രസിദ്ധനായിരുന്നു. നിർബന്ധിതമായിട്ടു് അയാൾ പെൻഷൻ പറേറണ്ടിവന്നു എന്നും പ്രസിദ്ധമാണു്. ഏതായാലും അയാൾക്കുള്ള ധനത്തിന്റെ മാഹാത്മ്യംകൊണ്ടു് ഒരു പ്രധാനപൗരനായിത്തന്നെ കഴിഞ്ഞുകൂടുകയാണു്.

കൃഷ്ണമേനവന് തീരെ ദുസ്സഹമായി തോന്നി "അച്ഛ! എനിക്ക് ഇംഗ്ലണ്ടിൽ പോകണ്ട" എന്ന് വൈരസ്യത്തോടെ പറഞ്ഞു.

"അതു ഞാനാണ് നിശ്ചയിക്കേണ്ടത്. നീ പോകണം. മുമ്പു നിശ്ചയിച്ചിരുന്ന തീയതിയിൽ തന്നെ പോകണം" നാരായണപിള്ള നിർബന്ധമായി പറഞ്ഞു.

കൃഷ്ണമേനവൻ ഒന്നും മിണ്ടിയില്ല. പിതൃഭക്തനായ അദ്ദേഹം എന്തും സഹിക്കാൻ തയാറായി. തന്റെ സൗഭാഗ്യജീവിതം എന്നെന്നേക്കും അസ്തമിക്കുന്നതുപോലെ തോന്നി.

ഒരാഴ്ചയ്ക്കകം കൃഷ്ണമേനവന്റെ വിവാഹം കഴിഞ്ഞു. താമസിയാതെ ഉപരിപഠനത്തിന് ഇംഗ്ലണ്ടിലേക്കു കപ്പൽ കയറുകയും ചെയ്തു.

II

കൃഷ്ണമേനവൻ നമുക്ക് തൽകാലം അദൃശ്യനായിക്കഴിഞ്ഞു. അതുകൊണ്ട് സുശീലയുടെ ഇപ്പോഴത്തേ അവസ്ഥ എന്തെന്നു ശ്രദ്ധിച്ചു നോക്കാം.

ഭർത്താവിന്റെ പിതാവ് അച്ഛനുമായി പിണങ്ങിപ്പിരിഞ്ഞതു മുതൽ സുശീലയുടെ ഹൃദയം അസ്വസ്ഥമായിരിക്കുകയാണ്. എന്നാൽ ഒരാഴ്ചകഴിഞ്ഞുള്ള ഒരു പത്രത്തിൽ കൃഷ്ണമേനവന്റെ വിവാഹവാർത്തയും നവദമ്പതികളുടെ ചിത്രവും കണ്ട് ആ തരുണീമണി ഒന്നു ഞെട്ടി. ഹൃദയത്തിൽ ഒരു കഠാരികുത്തിയിറക്കുന്നതുപോലെ അവൾക്കു തോന്നി. പെട്ടെന്ന് ആ പത്രം എടുത്ത് അച്ഛന്റെ കയ്യിൽ കൊടുത്തു. ശങ്കരപ്പിള്ളയ്ക്കു കാര്യം എല്ലാം മനസ്സിലായി. "ഈശ്വരേച്ഛതന്നെ നടക്കട്ടെ!" എന്നു പറഞ്ഞിട്ട് പത്രം തിരികെക്കൊടുത്തു. കസേരയിൽ നിശ്ചേഷ്ടനായി നിശ്ശബ്ദനായി അങ്ങനെ കിടന്നു.

സുശീലയുടെ അവസ്ഥ!—അവൾക്ക് എന്തു ചെയ്യണമെന്ന് ഒരു രൂപവുമില്ല. ഇതിനേപ്പററി എന്തെങ്കിലും പറയുന്നത് അച്ഛനു വജ്രപാതം പോലെയാണെന്ന് വിവേകവതിയായ ആ കുമാരിയ്ക്കു് അറിയാം. വിവാഹം എന്നൊരു കൃത്യം നടന്നു. എന്നാൽ ഒരു ദിവസമെങ്കിലും അവർ ദമ്പതികളായി കഴിഞ്ഞുകൂടിയിട്ടില്ല. ഒരക്ഷരം പോലും ഇതുവരെ അവർ സംസാരിച്ചിട്ടുമില്ല. വിവാഹം—ആ മനോഹരമായ പുഷ്പം ഹൃദയാകർഷകമായി സർവ്വജനാനന്ദകരമായി വിടരുന്നു. എന്നാൽ പെട്ടെന്ന് ഉപരിഭാഗത്തു നിന്നും ഒരു ഇടിയേററ് അതു കരിഞ്ഞു ചാമ്പലായി!

സുശീല തന്റെ വികാരങ്ങളേ പുറത്തു പ്രകാശിപ്പിക്കാതെ കഴിച്ചുകൂട്ടി. അച്ഛനും അമ്മയും വ്യസനിക്കുന്നതു കാണുവാൻ അവൾക്കിഷ്ടമില്ലായിരുന്നു. എന്നാൽ ഹൃദയം നിരന്തരം നീറിക്കൊണ്ടിരുന്നു. ദേഹം ഒന്നിനൊന്നു ശോഷിച്ചു വന്നു. തന്റെ ഹൃദയക്ഷേത്രത്തിൽ പ്രതിഷ്ഠിതമായിക്കഴിഞ്ഞ ആ കൃഷ്ണവിഗ്രഹത്തേ ഒഴിച്ച് മററാരെയും ഈ ജന്മത്തിൽ വരിക്കയില്ലെന്ന് ആ സതീരത്നം ദൃഢനിശ്ചയം ചെയ്തിരുന്നു. വേറേ പല വിവാഹാലോചനകളും വന്നു. എന്നാൽ അതെല്ലാം അവൾ നിരസിക്കുകയാണു ചെയ്തതു്. തന്റെ പ്രിയപുത്രിക്കു വിരോധമായി എന്തെങ്കിലും പ്രവർത്തിക്കാൻ ശങ്കരപ്പിള്ള ധൈര്യപ്പെട്ടതുമില്ല.

"പ്രേമത്തിന്റെ അടിസ്ഥാനം പണമാണോ" സുശീല ചിലപ്പോൾ തന്നോടു തന്നെ ചോദിക്കും. സൗശീല്യസമ്പന്ന

നായ അദ്ദേഹം കേവലം ധനത്തെ വിചാരിച്ച്, തന്നേ ഉപേക്ഷിച്ചല്ലോ എന്നോൎത്ത് അവൾ വികാരക്ഷുഭിതമായിത്തീരും. ഉൽക്കൎഷേച്ഛുക്കളായ യുവാക്കൾക്ക് അങ്ങനെ ചെയ്യേണ്ടിവരും, അഥവാ ശ്വശുരൻെറ നിൎബ്ബന്ധംമൂലം ആവിധം ചെയ്യതായിരിക്കാം എന്നു സമാധാനപ്പെടും. ഇങ്ങനെ നാളുകൾ ഓരോന്നായി കഴിഞ്ഞുകൊണ്ടേ ഇരുന്നു. അഹോ! ധനയശോലുബ്ധമായ ഈ ലോകത്തിൽ യഥാൎത്ഥ പ്രണയത്തിനു സ്ഥാനമില്ല!

ശുഷ്യമണിശരീരയും ചിന്താക്രാന്തയും ആയ സുശീലയോട് ഒരു ദിവസം അച്ഛൻ ചോദിച്ചു "സുശീലേ! നിനക്കെന്താണു സുഖക്കേട്".

"ഒന്നുമില്ല, അച്ഛ! ഒന്നുമില്ല" അവൾ ഉത്തരം പറഞ്ഞു. അവൾ എത്ര നിരോധിച്ചിട്ടും ഒരു തുള്ളി കണ്ണുനീർ താഴെ വീണു പോയി. എന്തോ വികാരാവേശം സഹിക്കാൻ നിവൃത്തിയില്ലാതെ ശങ്കരപ്പിള്ള പിന്നെ ഒന്നും സംസാരിക്കാതെ അവിടന്നു മാറിക്കളഞ്ഞു.

പത്രത്തിൽ കണ്ടതായ ആ കൃഷ്ണമേനവൻെറ ഫോട്ടോ വെട്ടിയെടുത്ത് അവൾ കണ്ണാടി ഇടീച്ചുവച്ചിരുന്നു. ഒരു നിധിപോലെ പെട്ടിയിൽ സൂക്ഷിച്ചിരുന്ന ആ ചിത്രം എടുത്തു സുശീല ചിലപ്പോൾ നോക്കും. പെട്ടെന്നു കണ്ണുനിറയും. തിരിയെ വയ്ക്കുകയും ചെയ്യും. ഇതാണ് അവളുടെ ദിനകൃത്യങ്ങളിൽ പ്രധാനമായത്. വിദൂരദേശത്തിൽ നിന്ന് അദ്ദേഹം വിജയശ്രീലാളിതനായി തിരിച്ചുവരാൻ അവൾ പ്രാൎത്ഥിക്കും. നവദമ്പതികളുടെ ജീവിതം സൗഭാഗ്യസമ്പന്നവും ആനന്ദസന്ദായകവും ആയിത്തീരട്ടെ എന്ന് അവൾ ഹൃദയംഗമമായി ആശംസിക്കും. നിൎജ്ജനതയിൽ ഇരുന്നു കരയും. നിമിഷങ്ങൾ ഓരോന്നായി വന്ന് അവളുടെ അടുത്ത് വളരെ നേരം നിന്നിട്ട്, ഒടുവിൽ സവ്യസനം നിശ്ശബ്ദയാത്ര പറഞ്ഞു പിരിഞ്ഞു.

സുശീല! അഹോ! പ്രേമമയി! അവളുടെ അവസ്ഥ വൎണ്ണനീയമല്ല!

## III

ഡാക്ടർ കൃഷ്ണമേനവൻ വിജയശ്രീലാളിതനായി തിരിച്ചുവന്നു. ജനറൽ ആശുപത്രിയിൽ അദ്ദേഹത്തിന് അതിപ്രധാനമായസ്ഥാനം ലഭിച്ചു. മംഗളാശംസകളും വിരുന്നുസൽകാരങ്ങളും കിട്ടിയതിനു കണക്കില്ല. ശസ്ത്രക്രിയയിലുള്ള അദ്ദേഹത്തിൻെറ വൈദഗ്ദ്ധ്യം അസാമാന്യമായിരുന്നു. രോഗികൾ അദ്ദേഹത്തെ ഈശ്വരനേപ്പോലെയാണ് കരുതിയത്. ഇങ്ങനെ സർവജനസമ്മതനായി കീൎത്തിലക്ഷ്മീപരിലാളിതനായി കൃഷ്ണമേനവൻ കഴിഞ്ഞു കൂടുകയാണ്. ആ യുവാവിൻെറ ജീവിതത്തിൽ സൗഭാഗ്യം സമ്പൂൎണ്ണമാണെന്ന് സകലൎക്കും തോന്നി.

അദ്ദേഹത്തിൻെറ ഗൃഹജീവിതം ശ്രീമാൻ കേളുക്കുറുപ്പവർകളുടെ മകൾ ശ്രീ പങ്കജത്തോടുകൂടി അദ്ദേഹം പ്രത്യേകം താമസിച്ചു ദാമ്പത്യസുഖം അനുഭവിക്കുകയാണ്. പങ്കജത്തിന് കൃഷ്ണമേനവൻെറ നാലിരട്ടിവൎണ്ണമുണ്ടായിരുന്നു. മുഖത്തു സ്ത്രീകൾക്കു സഹജമായുള്ള ഒരു സൗകുമാൎയ്യം കാണപ്പെട്ടിരുന്നില്ല; ക്രൗൎയ്യമായിരുന്നു അവിടെ നിഴലിച്ചിരുന്നത് അവളേ കേവലം ഒരു വിരൂപയെന്നു പറയാൻ പാടില്ല. എന്നാൽ ഒരു സുരൂപയും ആയിരുന്നില്ല. ഒരു തടിച്ച സ്ത്രീ. അംഗങ്ങളെ

ല്ലാം തടിച്ചിരുന്നു. അവളുടെ വാക്കുകളിൽ മാധുൎയ്യമാകട്ടെ മാർദ്ദവമാകട്ടെ തൊട്ടുതേച്ചിരുന്നില്ല. തൻെറ പണം കൊണ്ടാണു് കൃഷ്ണമേനവൻ പഠിച്ചു ഇത്ര പ്രശസ്തനായിത്തീൎന്നതെന്നൊരു ഭാവം—ഒരു അവജ്ഞ അവളുടെ ഹൃദയത്തിൽ ഉണ്ടായിരുന്നു.

ചിലപ്പോൾ കൃഷ്ണമേനവൻ ആശുപത്രിയിൽ നിന്നും താമസിച്ചുവന്നാൽ പങ്കജം ഇങ്ങനെ തുടങ്ങും "ഇതുവരെ എവിടെപ്പോയിക്കിടന്നു. കണ്ടോരുടെ പുറകേ-നഷ്സുകളുടേയും മററും—നാണമില്ലല്ലോ ഇങ്ങനെ നടക്കാൻ വേഷം കെട്ടി യോഗ്യനായി ഇങ്ങനെ നടക്കുന്നതു്. കണ്ടോരുടെ പണം കൊണ്ടു്! എന്നിട്ടു് ആശുപത്രിസമയം കഴിഞ്ഞാൽ ഇങ്ങോട്ടുതിരിഞ്ഞു നോക്കാൻ സമയമില്ല".

കൃഷ്ണമേനവൻ, ഏതാദൃശങ്ങളായ വചനശല്യങ്ങൾക്കൊന്നും ഒരു മറുപടിയും പറയാറില്ല. അവയെല്ലാം ഹൃദയത്തിലേററു് വേദനിക്കുക! അല്ലാതെ എന്തു ചെയ്യും! വാസ്തവത്തിൽ ഒരു വ്യാഘ്രിയുടെ മുമ്പിൽ ഏണപോതം പോലെയായിരുന്നു മേനവൻെറ അവസ്ഥ! ഭാൎയ്യയുടെ പണം കൊണ്ടു് പഠിപ്പും പദവിയും സമ്പാദിക്കാൻ ഇച്ഛിക്കുന്നവരും ഉൽകൎഷേച്ഛുക്കളും ആയ യുവാക്കൾക്കു് അദ്ദേഹത്തിൻെറ ഗൃഹജീവിതചരിത്രം ഒരു പാഠമായിരുന്നു.

സന്ധ്യക്കു് അദ്ദേഹം മററു ഡാക്ടർമാരുമായി ചീട്ടുകളിച്ചുകൊണ്ടിരിക്കുന്നതു് ചീട്ടുകളിയിലുള്ള ഭ്രമം കൊണ്ടല്ല. ഗൃഹത്തിൽ ഒരു നിമഷമെങ്കിലും കഴിച്ചുകൂട്ടുക മേനവനു ദുസ്സഹം തന്നെയായിരുന്നു. ഗാൎഹസ്ഥ്യജീവിതത്തിലെ ആ തിക്തഭാവത്തെ ഏതാദൃശങ്ങളായ വിനോദലീലകളുടെ മാധുൎയ്യപൂരത്തിൽ ആമഗ്നമാക്കാൻ അദ്ദേഹം ശ്രമിക്കുകയായിരുന്നു. എന്നാൽ ഗൃഹാന്തൎഭാഗത്തിൽ നിന്നും പാഞ്ഞുവന്നേക്കാവുന്ന ആ വിഷം പുരണ്ട നിശിതശരങ്ങളെ ഓൎത്തു് ചഞ്ചലനായിത്തീൎന്നിട്ടു് കളി അവസാനിക്കുന്നതിനു മുമ്പുതന്നെ അദ്ദേഹം പരിഭ്രമിച്ചു് പോകാൻ എണീക്കാറുണ്ടു്. ആരുടെ മുമ്പിൽവച്ചും മേനവനേ ശകാരിക്കാൻ യാതൊരു സങ്കോചവുമില്ലാതിരുന്ന പങ്കജത്തിൻെറ സ്വഭാവം ഡാക്ടറന്മാൎക്കെല്ലാം സുജ്ഞാതമായിരുന്നതിനാൽ കൃഷ്ണമേനവനേ ഏതാദൃശാവസരങ്ങളിൽ കളിയാക്കിത്തുടങ്ങും.

ഒരു ഡാക്ടർ:—എന്താ മേനോൻ ഇത്ര ബദ്ധപ്പാടു്?

കൃഷ്ണ:—പോയിട്ടു് അത്യാവശ്യമുണ്ടു്.

മററൊരു:—വേഗം പോയില്ലെങ്കിൽ പങ്കജത്തിൻെറ മുള്ളുകൊള്ളും അല്ലേ?

ഇതുകേട്ടു് എല്ലാവരും ചിരിച്ചുതുടങ്ങി.

മററൊരു:—പങ്കജത്തിനേ അല്ലേ തണ്ടലരെന്നു് പറയുന്നതു്?

മററൊരു:—വല്യതണ്ടാണു് ആ അലരിനു് അല്ലേ?

ഇങ്ങനെ ഓരോവിധം നൎമ്മസംഭാഷണങ്ങൾ ചെയ്തും കളിച്ചും രസിച്ചും അവർ അദ്ദേഹത്തെ കുറേക്കൂടി അവിടിരുത്തി കളിപ്പിച്ചേ അയക്കാറുള്ളു.

പിന്നെ വീട്ടിൽ ചെല്ലുമ്പോൾ—ശിവനേ! അദ്ദേഹത്തിനു് ഗൃഹം ഹിംസ്രജന്തുക്കൾ നിറഞ്ഞ ഒരു ഭയങ്കരാരണ്യം തന്നെയായിരുന്നു. സുശീലയേ ആട്ടിപ്പായിച്ചിട്ടു് ഒരു ദുശ്ശീലയേ തൻെറ ചുമലിൽ കെട്ടിവച്ച ആ ദൈവത്തിൻെറ ദുൎവിനോദം! പഠിക്കാൻ ഇംഗ്ലണ്ടിൽ പോകേണ്ടുന്നു് അദ്ദേഹം അച്ഛനോടു്

അന്നു് പറഞ്ഞതായിരുന്നു. അവിടെ പോയി പുതിയ ഡിഗ്രികൾ സമ്പാദിച്ചു കൊണ്ടു് വന്നിരുന്നില്ലെങ്കിൽ പെട്ടെന്നു് ഇത്രമാത്രം പദവി ലഭിക്കുമായിരുന്നി ല്ലെങ്കിലും, മാന്യനായും ജനസമ്മതനായും, സർവോപരി ഹൃദയസൗഖ്യത്തോടുകൂടിയും കഴിയാമായിരുന്നു. ഇപ്പോൾ നിമിഷംതോറും ഹൃദയശല്യം. ജീവിതത്തെ അനുനിമിഷം നരകമാക്കിത്തീക്കാനാണെങ്കിൽ ആ പഠിപ്പും പണവും പദവിയും കൊണ്ടു ഫലമെന്തു്? സ്ഥാനമാനാദികൾ കൊണ്ടൊന്നും യഥാർത്ഥസൗഖ്യം ലഭിക്കുകയില്ല. ശരിയായ ഹൃദയസൌഖ്യം!— അതു ഈശ്വരനാൽ സവിശേഷം അനുഗ്രഹിക്കപ്പെട്ട ചുരുക്കം ചിലരുടെ അമൂല്യസമ്പത്താണു്.

ഇങ്ങനെ ചില വിചാരങ്ങൾ അദ്ദേഹത്തിൽക്കൂടി സഞ്ചരിക്കാറുണ്ടായിരുന്നു. ആ സുശീല എവിടെ? അവളുടെ ഇപ്പോഴത്തെ അവസ്ഥഎന്തു്? ധന്യനായ ആരെങ്കിലും അവളെ വിവാഹംചെയ്തുവോ? ലളിതമോഹനവും സദ്ഗുണദ്യോതകവും ആയ അവളുടെ ആകാരസൗഭാഗ്യം അവ്യക്തമായിട്ടെങ്കിലും ചിലപ്പോൾ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിഴലിക്കാറുണ്ടായിരുന്നു.

സർവവിധത്തിലും അനുരൂപരായ യുവതീയുവാക്കളെ ദാമ്പത്യജീവിതം നയിക്കാൻ അനുഗ്രഹിക്കുക എന്നതു്, ബ്രഹ്മാവിനു് വല്ലപ്പോഴും അറിയാതെ പററുന്ന ഒരു അബദ്ധം മാത്രമാണു്.

## IV

ആ സദ്ഗുണസമ്പന്നയായ സുശീല എവിടെ? ആ പതിവ്രതാരത്നം ഇപ്പോൾ ജനറലാശുപത്രിയിലുള്ള പേവാർഡിൽ രോഗിണിയായി ശയിക്കുകയാണു്. ഹൃദയത്തിൽ അനവരതം നീറിക്കത്തിക്കൊണ്ടിരുന്ന ദുഃഖാഗ്നിയേ അവളുടെ സുകുമാരകളേബരത്തിനു് അധികംനാൾ താങ്ങുവാൻ ശക്തിയുണ്ടായില്ല. ക്രമേണ ആ തപസ്വിനി ശയ്യാശരണയായിത്തീ ൪ന്നു. യാതൊരുവിധ ചികിത്സകൾകൊണ്ടും ഫലമുണ്ടായില്ല. ഒടുവിൽ ജനറലാശുപത്രിയിൽ കൊണ്ടുപോകണമെന്നു അവൾ നിർബന്ധിച്ചു. പുത്രിയുടെ ആ നിർബന്ധത്തിന്റെ നിഗ്രഢാർത്ഥം മാതാപിതാക്കന്മാർ മനസ്സിലാക്കാതിരുന്നില്ല. അവിടെ കൊണ്ടുപോകുന്നതു് സുശീലയുടെ രോഗം വർദ്ധിക്കാൻ കാരണമായേക്കുമെന്നു് ശ്രീമാൻ ശങ്കരപ്പിള്ള ഭയപ്പെട്ടു. ഈ അവസ്ഥയിലുള്ള സഞ്ചാരം ദേഹത്തിനു തീരെ യോജിച്ചതല്ലെന്നും മററും ചില ഒഴികഴിവുകൾ പറഞ്ഞുനോക്കിയെങ്കിലും ഒടുവിൽ വാത്സല്യനിധിയായ പിതാവു് പുത്രിയുടെ ആഗ്രഹത്തിനു വിധേയനായിത്തീന്നു.

അവിടെ വിദഗ്ദ്ധനായ ഒരു ഡാക്ടരുടെ മേൽനോട്ടത്തിൽ ചികിത്സയാരംഭിച്ചു. കൃഷ്ണമേനവനെ ആ ചികിത്സയുടെ ചുമതല ഏൽപ്പിക്കാൻ ശ്രീ: ശങ്കരപ്പിള്ളയ്ക്കു ധൈര്യമില്ലായിരുന്നു. സുശീല അതിനു നിർബന്ധിച്ചതുമില്ല. തന്റെ ഹൃദയനാഥനേ വല്ലസമയവും അവിടെയെങ്ങാനും കാണാൻ സാധിച്ചേക്കുമെന്നുള്ള പ്രത്യാശകൊണ്ടുമാത്രം അവൾ തൃപ്തിപ്പെട്ടു. അഥവാ സ്വന്തഹൃദയരഹസ്യത്തെ തുറന്നുകാണിക്കുവാൻ ആ കുലകന്യക ധൈര്യപ്പെട്ടില്ല.

ചിലസമയം കൃഷ്ണമേനവൻ ആ മുറിയുടെ അടുത്തുകൂടി പോകാറുണ്ടായിരുന്നു. ഒന്നുരണ്ടുതവണ മററെ ഡാക്ടരൊന്നിച്ചു്

അവിടെ വരുകയും ചെയ്തിരുന്നു. ശരീരം ശോഷിച്ചും മുഖപ്രസാദം അന്തശ്ശല്യമേററു് കുറഞ്ഞൊന്നു മങ്ങിയും പണ്ടത്തേക്കാൾ വളരെ വ്യത്യാസപ്പെട്ടിരുന്ന മേനവനെ കണ്ടിട്ട് സുശീല അത്ഭുതപ്പെട്ടു. വാസ്തവത്തിൽ തൻെറ പ്രാണേശ്വരൻ തന്നെയാണോ ആ മാന്യൻ എന്നുപോലും അവൾ സംശയിക്കാതിരുന്നില്ല. എന്നാൽ അന്തരാത്മാവിലെ ഒരു അദൃശ്യശക്തി "അദ്ദേഹം തന്നെയാണിതു്" എന്നു ആ മഹിളാരത്നത്തെ ബോധിപ്പിച്ചുകൊണ്ടിരുന്നു.

പ്രേമാത്മാക്കളും സദ്ഗുണമണ്ഡിതരും ആയ ആ യുവതീയുവാക്കന്മാരുടെ അവസ്ഥ നോക്കുക. ഉത്തമവും സൗഭാഗ്യസുരഭിലവും ആയ ഒരു ജീവിതം നയിക്കേണ്ടിയിരുന്ന ആ മഹാത്മാക്കൾ ഇതാ അനുനിമിഷം ഹൃദയം നീറിദഹിക്കുന്നു! ഒരു പക്ഷേ വിധി, ഇവരെ ഘടിപ്പിച്ചതിൻെറ ശേഷമായിരിക്കാം ഇവരുടെ ദാമ്പത്യജീവിതം ആനന്ദകരവും മംഗളാത്മകവും ഉൽകൃഷ്ടവും ആയിത്തീരേണ്ടുമെന്നു മനസ്സിലാക്കിയതു്. ഉടൻ തനിക്കു സംഭവിച്ചുപോയ തെററിനെ തിരുത്തുവാൻ അവരേ വിഘടിപ്പിക്കുകയും ശോകസമുദ്രത്തിൽ മജ്ജനം ചെയ്യിക്കുകയും ചെയ്തു! അഹോ! വിധിയുടെ ദുർവിനോദം!

സുശീലയുടെ സുഖക്കേട്ട് അടിക്കടി വദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. അതിവിദഗ്ദ്ധന്മാരായ ഭിഷഗ്വരന്മാക്കുപോലും രോഗം എന്താണെന്നു വിവേചിച്ചറിയാൻ സാധിച്ചില്ല. എന്നാലും യുക്തിമാന്മാരായ ചിലർ മനസ്സിനെ ശാന്തമാക്കിവെച്ചുകൊണ്ടിരിക്കുവാൻ ഉപദേശിക്കാതിരുന്നില്ല. പക്ഷേ ആ ശാന്തി എവിടെ? ഈ ജന്മത്തു് ഇനിയും എന്നാണു ശാന്തി ലഭിക്കുക! അവളുടെ ലോചനങ്ങൾ നിരന്തരം എന്തിനെയോ അന്വേഷിച്ചുകൊണ്ടിരുന്നു. ആ മഹിളാമണിയുടെ സങ്കടാഗ്നിയേ ശമിപ്പിക്കുവാനെന്നോണം മാതാപിതാന്മാർ പലപ്പോഴും ബാഷ്പവഷം ചെയ്തിരുന്നു. "സുശീലേ! സുശിലേ! നിനക്കെന്തുവേണം? നിനക്കെന്താണു്?" എന്നു് അമ്മ ചോദിച്ചാൽ എനിക്കൊന്നും വേണ്ട, എനിക്കൊന്നുമില്ല" എന്നുമാത്രം അവൾ ഉത്തരം പറഞ്ഞിരുന്നു.

ആ സതീരത്നത്തിൻെറ—ആ ശീലാവതിയുടെ—ആ സൗന്ദര്യധാമത്തിൻെറ—ദയനീയമായ ആ കിടപ്പു്— ആരാണു സഹിക്കുക! മനോഹരമായ ഒരു അസ്ഥിപഞ്ജരം— ഹൃദയാന്തർഭാഗത്തിൽ സമുല്ലസിക്കുന്ന പ്രാണേശ്വരനെ കാണുവാൻ അഗാധതയിൽ ആണ്ടുപോയ കണ്ണുകൾ— അഹോ! ആ രൂപം നിസ്സീമവ്യഥയുടെ ഒരു അവതാരംതന്നെ ആയിരുന്നു!

ഒരു ദിവസം സുശീലയുടെ ഉൽകണ്ഠാപൂർവമായ ആഗ്രഹമനുസരിച്ചു് ഡാക്ടർ കൃഷ്ണമേനവൻ, ഏകാകിനിയായി അവൾ ശയിക്കുന്ന ശയ്യയുടെ അടുത്തുവന്നു് ഒരു കസാലയിൽ ഇരുന്നു. വളരെക്കാലത്തെ അഴുക്കു പററിയും മരുന്നുകൾവീണു നിറം കെട്ടും കിടന്ന ആ ശയ്യയോടു പററിച്ചേന്നു്, കാർമേഘം വിഴുങ്ങാൻ പോകുന്ന പ്രതിപച്ചന്ദ്രലേഖപോലെ ആ ചാരിത്രവതി അവിടെ കിടന്നിരുന്നു. രോഗിണിയുടെ ഏതാദൃശമായ അവസ്ഥകണ്ടു് കൃഷ്ണമേനവൻെറ ഹൃദയം ദ്രവിച്ചു എന്നു പറയാം.

രോഗാകുലയായി അവിടെ കിടക്കുന്ന പാവനചരിത്രയെ മുമ്പെവിടെവച്ചോ കണ്ടതായ ഒരു ഓമ്മ തോന്നിയെങ്കിലും

ആളേ അദ്ദേഹത്തിനു തീരെ മനസ്സിലായില്ല. അവൾ അദ്ദേഹത്തോടു ചോദിച്ചു "ഡാക്ടരേ! ഞാൻ ഇനിയും ജീവിക്കുമോ?".

കൃഷ്ണമേനവൻ ഒന്നു ഞെട്ടി. രോഗിണിയുടെ അവസ്ഥ കണ്ടിട്ട് ജീവിതത്തിൽ ആശങ്ക തോന്നിയെങ്കിലും അതു പുറത്തു പ്രകാശിപ്പിക്കുന്നതു യുക്തമല്ലല്ലൊ. അദ്ദേഹം സാവധാനം ശാന്തസ്വരത്തിൽ ഇങ്ങനെ പറഞ്ഞു. "എന്താണിങ്ങനെ ചോദിക്കുന്നതു്? രോഗമെല്ലാം ഭേദമായി നിങ്ങൾ വളരെക്കാലം സുഖമായിരിക്കും"

സുശീല അഭിപ്രായഗർഭമായ ഒരു പുഞ്ചിരി തൂകിക്കൊണ്ടു പറഞ്ഞു. ഡാക്ടറന്മാർ ഇങ്ങനെ തന്നെയാണു പറയേണ്ടതു്. ഈ കിടക്കയിൽനിന്നും ഈ ജന്മത്തിൽ ഇനിയും ഞാൻ എഴുനേൽക്കുകയില്ലെന്നു് എനിക്കു നല്ലവണ്ണം അറിയാം.

കൃഷ്ണമേനവൻ നിശ്ചേഷ്ടനായി ആ രോഗിണിയെ നോക്കിക്കൊണ്ടിരുന്നതല്ലാതെ ഒന്നും സംസാരിച്ചില്ല. സുശീല വീണ്ടും ഇങ്ങനെ ആരംഭിച്ചു "ഞാൻ അങ്ങയേ വരുത്തിയതു് ഒരു കാര്യം പറയാനാണു്. താങ്കളെപ്പോലെയുള്ള ഒരു ഡാക്ടരായിരുന്നു എന്നെ വിവാഹം ചെയ്യിരുന്നതു്".

മേനവന്റെ മുഖത്തു് എന്തോ ഭാവവ്യത്യാസം ഉണ്ടാകുന്നതായി കാണപ്പെട്ടു.

സുശീല തുടൎന്നു- "അദ്ദേഹത്തെ ഇംഗ്ലണ്ടിൽ അയക്കാൻ പണം കൊടുക്കാമെന്നു് അച്ഛൻ വാഗ്ദാനം ചെയ്യിരുന്നു. എന്നാൽ വിവാഹം കഴിഞ്ഞ ഉടനേ തന്നെ അച്ഛന്റെ സമ്പാദ്യംമുഴുവൻ നിക്ഷേപിച്ചിരുന്ന ആ ബാങ്കു പൊടിഞ്ഞെന്നുള്ള കൎണ്ണകഠോരമായ വാൎത്തയാണു് അച്ഛന്റെ ചെവിയിൽ പതിച്ചതു്! ഭാരതംമുഴുവൻ ശാഖകൾ ഉണ്ടായിരുന്ന ആ ബാങ്കു പൊടിയുമെന്നു് ആരും സ്വപ്നേപി വിചാരിച്ചില്ല. ശാഖോപശാഖാഞ്ചിതമായ ആ മഹാവടവൃക്ഷത്തിന്റെ ചുവടു് ദ്രവിച്ചിരുന്നതായി ആരും മനസ്സിലാക്കിയില്ല. എത്രപേരാണു് ആ സംഭവം കൊണ്ടു കണ്ണീരും കയ്യുമായതു്. അതിനോടുകൂടി അച്ഛന്റെ ഹൃദയവും പൊടിഞ്ഞുതകൎന്നുപോയി. മന്ദസ്മിതമനോഹരമായിരുന്ന അച്ഛന്റെ മുഖത്തു്, പിന്നീടു് ഒരിക്കലെങ്കിലും പുഞ്ചിരിയുടെ രേഖപോലും കാണപ്പെട്ടിരുന്നില്ല. പണംപോയതിലുള്ള സങ്കടമല്ല അദ്ദേഹത്തിനുണ്ടായിരുന്നതു്. സത്യസന്ധനായിരുന്ന-ഒരിക്കലും പ്രതിജ്ഞ ലംഘിച്ചിട്ടില്ലാത്ത-അദ്ദേഹത്തിനു് പ്രഥമമായി കരാർ ലംഘിക്കേണ്ടിവരുന്നല്ലോ എന്നോൎത്താണു് സങ്കടമുണ്ടായതു്. എന്തിനു് അധികം പറയുന്നു. ഭൎത്താവിന്റെ അച്ഛൻ പിണങ്ങിപ്പിരിഞ്ഞു. എന്റെ ഹൃദയേശ്വരൻ വേറെ വിവാഹം ചെയ്യെന്നും അനന്തരം ഇംഗ്ലണ്ടിലേക്കു കപ്പൽകയറിയെന്നും—"

കൃഷ്ണമേനവൻ ഒരു ദീൎഘശ്വാസം വിട്ടു. സുശീലതുടൎന്നു— "വിജയശ്രീലാളിതനായി പലവിധബിരുദങ്ങളാൽ അലംകൃതനായി തിരിച്ചുവന്നെന്നും വലുതായ പദവിയോടുകൂടി സൗഭാഗ്യവാനായി സുഖിക്കുന്നെന്നും ഞാൻ പിന്നീടു കേട്ടു—"

കൃഷ്ണമേനവന്റെ മുഖം വിവൎണ്ണമായി. അദ്ദേഹം ചോദിച്ചു "താങ്കളുടെ വീടെവിടെ? പേരെന്തു്?"

സുശീലയുടെ ഹൃദയം കലങ്ങി. തന്നേ, തൻെറ ഹൃദയേശ്വരൻ അറിഞ്ഞില്ലല്ലോ എന്ന് ഓൎത്തപ്പോൾ അവൾക്കു സഹി ച്ചില്ല. അവൾ ക്ഷോഭം അടക്കിക്കൊണ്ടു പറഞ്ഞു "എൻെറ ദേശം കരുനാഗ പ്പള്ളി. പേരു സുശീല"

കൃഷ്ണമേനവനു സഹിച്ചില്ല. അദ്ദേഹം ഒരു കുട്ടിയേപ്പോലെ പൊട്ടിക്കരഞ്ഞു. "സുശീലേ! സുശീലേ! ക്ഷമിക്കുക. നിന്നെ പ്പോലെ ഒരു പാവനചരിത്ര എവിടെ? അച്ഛൻെറ നിൎബന്ധത്താൽ- ഹാ! ഞാൻ മററു വിവാഹം ചെയ്തു ഇപ്പോൾ നരകം അനുഭവിക്കുന്നു. സുശീലേ! സുശി ലേ!—" അദ്ദേഹം പ്രണയാൎദ്രനായി ആ പതിവ്രതയുടെ മുഖത്തു ചുംബിച്ചു. അതായിരുന്നു തൻെറ പ്രണയഭാജന ത്തിൽനിന്നും അവൾക്കു ലഭിച്ച ആദ്യ ത്തേതും അവസാനത്തേതുമായ ചും ബനം!

സുശീലയുടെ മുഖത്ത് കൃതാൎത്ഥതാസൂ ചകമായ ഒരു മന്ദസ്മിതം കളിയാടി. ആ മന്ദസ്മിതം, അവളെ സ്വൎഗ്ഗലോകത്തേ ക്ക് നയിക്കാൻ ദേവന്മാർ കൊണ്ടുവന്ന വിമാനത്തിൻെറ പ്രഭയായിരുന്നു!

*The A. R. V, Press, Fort, Trivandrum.*